PROCEEDINGS OF THE TRAVANCORE-COCHIN

LEGISLATIVE ASSEMBLY

SECOND SESSION—1952

Thursday, the 17th July, 1952

Vol. VI **OFFICIAL REPORT** No. 16

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Thursday, the 17th July, 1952, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

Maintenance of Vaikaikulam.

* 817. [2] **Shri P. S. Nataraja Pillai**: Will the Minister for Works be pleased to state:

(*a*) the year in which maintenance work was last done in the Vaikaikulam (വൈകൈക്കുളം) Perumapuram, Aramboly; and

(*b*) whether it is a fact that this tank without repairs is useless for irrigation purposes ?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) The tank was improved under Grow More Food Scheme in the first quarter of 1951 and no maintenance work was done to it after that.

(*b*) No. The tank is useful for irrigation purposes. It serves an ayacut of 69·85 acres.

Shri P. S. Nataraja Pillai: May I know whether the answer is based on the report of the Superintending Engineer ?

Shri Kalathil Velayudhan Nair: Yes.

Shri P. S. Nataraja Pillai: Will the hon. Minister have the kindness to inspect that tank ?

Shri Kalathil Velayudhan Nair: If the hon. Member doubts the correctness of the report, I shall make an inspection.

Shri P. S Nataraja Pillai : May I request the Minister that before an answer is given, he will be good enough to verify facts ?

Shri Kalathil Velayudhan Nair : That is not possible. It is a very difficult matter to verify personally. Every answer is supplied by the department.

Mr. Speaker : After all this is a local matter.

Karamana Dispensary.

※ 818. [3] **Shri P. S. Nataraja Pillai :** Will the Minister for Medicine be pleased to state:

(*a*) the average number of patients who come for treatment at the Karamana Dispensary ; and

(*b*) is it a fact that accommodation available in the present hospital building is limited and the patients are put to great inconvenience thereby ?

Minister for Medicine and Public Helath **(Shri V. Madhavan):**

(*a*) 298.

(*b*) No.

Shri P S Nataraja Pillai : Is not that dispensary housed in a rented building ?

ശ്രീ. വി. മാധവൻ: എങ്ങനെയാണെന്നുള്ളതു് അറിഞ്ഞുകൂടാ.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ൧൦൦ പേർ വന്നാൽ അവിടെ നില്ക്കുന്നതിനു് സ്ഥലമില്ലെന്നും അവർക്കു് റോഡിലാണു് നില്ക്കേണ്ടിവരുന്നതെന്നും ഗവൺമെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: അങ്ങനെയല്ലെന്നാണു് അറിവു്. അവിടെ വരുന്ന രോഗികൾക്കു് നില്ക്കാൻ ആവശ്യമുള്ള സ്ഥലം അവിടെയുണ്ടെന്നാണു് അറിവു്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: മന്ത്രി ദയവായി സ്ഥലത്തു ചെന്നു് അന്വേഷിക്കുമോ?

ശ്രീ. വി. മാധവൻ: അന്വേഷിക്കാം.

Valiathura Dispensary.

※ 819 [4] **Shri P. S. Nataraja Pillai:** Will the Minister for Medicine be pleased to state:

(*a*) the average number of patients who come to Vaiathura Dispensary, Trivandrum; and

(*b*) was it an in-patient hospital;

(*c*) when was it converted as a dispensary; and

(*d*) what were the reasons for it ?

Minister for Medicine and Public Health (**Shri V. Madhavan**):

(*a*) 86;

(*b*) No. it has all along been only a dispensary.

(*c*) & (*d*) Do not arise in view of answer to (b).

കുഴൽക്കിണറുകൾ.

*൮൨൦. [൩] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽക്കിണറുകൾ സ്ഥാപിക്കാൻ ഗവണ്മെന്റിനു എത്ര യന്ത്രങ്ങൾ ഉണ്ട്;

(ബി) ആ യന്ത്രങ്ങളുടെ പ്രവർത്തനത്താൽ ആണ്ടിൽ എത്ര കുഴൽക്കിണറുകൾ നിർമ്മിക്കാൻ സാധിക്കും;

(സി) എത്രയെണ്ണം നിർമ്മിച്ചിട്ടുണ്ട്;

(ഡി) കൂടുതൽ യന്ത്രങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ൪. അവയിൽ രണ്ടെണ്ണംമാത്രമെ തൽക്കാലം പ്രവർത്തനയോഗ്യമായിട്ടുള്ളു.

(ബി) Jet type കൊണ്ട് സാധാരണ മണ്ണിൽ മൂന്നും Percussion type-കൊണ്ട് രണ്ടും നിർമ്മിക്കാൻ കഴിയും.

(സി) ൮. ഇതിനുപുറമെ മഹാദേവിക്കാട്ടിൽ ഒന്നു പൂർത്തിയാകാറായിട്ടുണ്ട്. പൊന്മനയിൽ ഒന്നിന്റെ ജോലി നടന്നുകൊണ്ടിരിക്കുന്നു.

(ഡി) ഇല്ല.

ശ്രീ. ആർ. ഗംഗാധരൻ: കൂടുതൽ കിണറുകൾ എന്നത്തേക്ക് കുഴിപ്പിക്കാൻ സാധിക്കും?

ശ്രീ. കളത്തിൽ വേലായുധൻനായർ: ആവശ്യമുള്ളിടത്തോളം കിണറുകൾ ചുരുങ്ങിയ കാലാവധിക്കുള്ളിൽ കുഴിപ്പിക്കാൻ സാധിക്കുകയില്ല.

ശ്രീ. എ. താണുപിള്ള: കുഴൽക്കിണറുകൾ കുഴിപ്പിക്കുന്ന യന്ത്രങ്ങൾക്ക് ഉദ്ദേശം എന്തു വിലവരും?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഏകദേശം ൩൫,൦൦൦ രൂപ വിലവരും.

ശ്രീ. എ. താണുപിള്ള: വളരെയധികം കിണറുകൾ ആവശ്യമുള്ള സ്ഥിതിക്ക് അവ കുഴിപ്പിക്കുന്നതിനുള്ള യന്ത്രങ്ങൾ കൂടുതൽ വാങ്ങാതിരിക്കുന്നത് എന്തുകൊണ്ടാണ്?

ശ്രീ. കളത്തിൽ വേലായുധൻനായർ: കൂടുതൽ യന്ത്രങ്ങൾമാത്രം സമ്പാദിച്ചതുകൊണ്ടായില്ല. അതിന്ന് ആവശ്യമുള്ള പൈപ്പുകൾ, കേസിംഗുകൾ ഇവ കിട്ടുവാൻ വളരെ ബുദ്ധിമുട്ടുണ്ട്.

ശ്രീ. എ. താണുപിള്ള: ഇവയെല്ലാം എവിടുന്നാണ് വരുത്തുന്നത്?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഇൻഡ്യയിലുള്ള ഒരു ഫേമിൽനിന്നാണ്.

ശ്രീ. എ. താണുപിള്ള: വെളിയിൽനിന്നുംകൂടി വരുത്തിയാൽ ഈ ആവശ്യം നടക്കുകയില്ലേ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിനെക്കുറിച്ചും ആലോചിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ. ആർ. കേശവപിള്ള: വർഷകാലത്ത് ഈ യന്ത്രങ്ങൾ ഉപയോഗിച്ച് പ്രവർത്തനം നടത്താമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: സാധിക്കുകയില്ല.

ശ്രീ. കുമ്പളേത്തിൽ കരുണാകരൻ: ഗവണ്മെന്റിനെക്കൊണ്ട് ആവശ്യമുള്ള കുഴൽക്കിണറുകൾ കുഴിപ്പിക്കാൻ സാദ്ധ്യമല്ലെങ്കിൽ പ്രൈവറ്റ് കമ്പനിക്ക് കാൺട്രാക്റ്റ് കൊടുക്കാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിന് പ്രൈവറ്റ കമ്പനികൾ മുന്നോട്ടു വരികയാണെങ്കിൽ കൺട്രാക്റ്റ് കൊടുക്കാവുന്നതാണ്.

ശ്രീ. കുമ്പളേത്തിൽ കരുണാകരൻ: കൽക്കട്ടായിൽ ഈ പ്രവർത്തനം നടത്തുന്ന ഒരു കമ്പനിയുണ്ടെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഉണ്ടെങ്കിൽ അതിനെപ്പററി ആലോചിക്കാവുന്നതാണ്.

ശ്രീ. സി. അച്യുതമേനോൻ: പ്രവർത്തനമില്ലാതെ കിടക്കുകയാണെന്ന് പറഞ്ഞല്ലോ; എത്ര കാലമായി അങ്ങനെ കിടക്കുകയാണ്?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഒന്ന് വരുത്തിയതിനുശേഷം പ്രവർത്തിച്ചിട്ടേ ഇല്ല. മറേറതെല്ലാം രണ്ടുകൊല്ലക്കാലമായി പ്രവർത്തനമില്ലാതെ കിടക്കുകയാണ്.

ശ്രീ. സി. അച്യുതമേനോൻ: എത്ര കുഴൽക്കിണറുകൾ കുഴിപ്പിക്കണമെന്നാണ് നിവേദനങ്ങൾ ലഭിച്ചിട്ടുള്ളത്?

ശ്രീ. കളത്തിൽ വേലായുധൻനായർ: വളരെയുണ്ട്.

ശ്രീ. സി. അച്യുതമേനോൻ: എത്രയുണ്ടെന്ന് ഉദ്ദേശമായി പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഉദ്ദേശമായി പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: കേടുപാടുകൾ പോക്കുവാൻ രാജ്യത്തു് കുഴൽക്കിണററിന്റെ കേടുപാടുകൾ തീർക്കുവാൻ വിദഗ്ദ്ധന്മാരുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിന് പ്രത്യേക വിദഗ്ദ്ധന്മാരുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: തോട്ടപ്പള്ളിയിൽ ഒരു കുഴൽക്കിണർ കുഴിപ്പിച്ചതിൽ പരാജയം ഉണ്ടായിട്ടുള്ളതിനെ സംബന്ധിച്ച് നിവേദനം വല്ലതും ലഭിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ബഹുമാനപ്പെട്ട മെമ്പർ തന്നെ നിവേദനം നടത്തിയിട്ടുണ്ട്. അതിന് ആവശ്യമുള്ള നടപടികളെല്ലാം എടുത്തുവരുന്നുണ്ട്.

ശ്രീ. പി. സദാശിവൻപിള്ള: തീരപ്രദേശത്ത് ശുദ്ധജലം കിട്ടാതെ വിഷമിക്കുന്ന ആളുകൾക്കുവേണ്ടി കുഴൽക്കിണറുകൾ കുഴിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിന് പ്രത്യേക പദ്ധതികളൊന്നും ഇല്ല.

ശ്രീ. രാമകൃഷ്ണൻ: ഞാറയ്ക്കൽ കുഴൽക്കിണർ കുഴിക്കാൻ നടപടികൾ വല്ലതും എടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: എടുത്തിട്ടുണ്ട്. പക്ഷെ അവിടെ ൫൦ അടിയോളം കുഴിച്ചു നോക്കിയപ്പോൾ അവിടെ ജലം കിട്ടുകയില്ലെന്ന് ബോദ്ധ്യമായി. ഏതായാലും ഞാറയ്ക്കലേയ്ക്ക് ശുദ്ധജലം വിതരണം ചെയ്യാൻ വേണ്ട നടപടി എടുക്കുന്നുണ്ട്.

ശ്രീ. ടി. സി. തോമസ്: ഞാറയ്ക്കൽ കുഴൽക്കിണറുകൾ കുഴിപ്പിക്കുവാൻ സാദ്ധ്യമല്ലെങ്കിൽ അവിടെയുള്ള ആളുകൾക്ക് ശുദ്ധജലം എങ്ങനെയാണ് വിതരണം ചെയ്യുക?

ശ്രീ. കളത്തിൽ വേലായുധൻനായർ: ആലുവായിൽനിന്നും പൈപ്പുവഴി ചിറായിലേയ്ക്കും അവിടെനിന്ന് ഞാറയ്ക്കലേയ്ക്കും വെള്ളം കൊണ്ടുപോകുവാൻ ഉദ്ദേശിക്കുന്നുണ്ട്.

കായൽകൃഷി സർവ്വേ.

*വൃ. ചോ. [൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

( ) അകമുറി റെയിൽവേപാലത്തിനു കിഴക്കുവശമുള്ള കായൽ നികത്തി കൃഷിക്ക് ഉപയോഗപ്പെടുത്തുവാൻ സാധിക്കുമോ എന്നുള്ളതിനെ സംബന്ധിച്ച് കുറെ വർഷങ്ങൾക്കുമുമ്പ് ഒരു സർവ്വെ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഫലം എന്ത്;

(സി) പ്രസ്തുത കായൽ എത്ര ഏക്കർ വരും?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻനായർ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ൪൧൫ ഏക്കർ ൩൨ സെൻറ്.

ശ്രീ. ആർ. ഗംഗാധരൻ: ഈ കായലിൽ കൃഷി ചെയ്യുവാൻ സാധിക്കുമോ എന്നു് അന്വേഷണം നടത്തുവാൻ സാധിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അന്വേഷണം നടത്താം.

ബസ്സ് ലയിൻ.

†* ൮൨൨. [൮] ശ്രീ. കുട്ടപ്പൻ കേയിക്കൽ: താഴെ പറയുന്ന ചോദ്യത്തിനു് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

ആലപ്പുഴ-കൊല്ലം റോഡിൽ സ്റ്റേറ്റ ട്രാൻസ്പോർട്ട് വണ്ടി ഓടുന്ന ലയിനിൽതന്നെ അഞ്ചു മൈലിൽ കൂടുതൽ ഉള്ള ബസ്സ് ലയിൻ ഏതെങ്കിലും പ്രൈവറ്റ ബസ്സുകൾക്കു് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്തു്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): ഉണ്ടു്. ഒരു റൂട്ട് പൊതുജനാവശ്യത്തെ പരിഗണിച്ചു് ഇപ്പോഴുള്ള ട്രാൻസ്പോർട്ട് അതോറിട്ടി വരുന്നതിനുമുമ്പിൽ അനുവദിച്ചതാണു്. ആ റൂട്ട് കൊടുക്കുമ്പോൾ പ്രസ്തുത ബസ്സ് ഉടമസ്ഥന്റെ ജോലിക്കാർ ഇൻസ്പെക്ടർ ശ്രീ. മഹമ്മദു ഹസ്സന്റെ ജീവൻ ചില ലഹളക്കാരിൽനിന്നും ചവറയിൽവച്ചു് രക്ഷപ്പെടുത്തിയതും പരിഗണിച്ചിട്ടുണ്ടു്. വേറെ രണ്ടു റൂട്ടുകൾ ഓച്ചിറയ്ക്കുള്ള തീർത്ഥാടനക്കാരുടെയും ബാക്കി യാത്രക്കാരുടെയും സൌകര്യത്തെ പരിഗണിച്ചു് ട്രാൻസ്പോർട്ട് ഡയറക്ടരുടെ സമ്മതത്തോടുകൂടി കൊടുത്തിട്ടുണ്ടു്.

ശ്രീ. എൻ. രാജഗോപാലൻനായർ: പ്രസ്തുത ഇൻസ്പെക്ടരുടെ ജീവനെ രക്ഷിക്കാൻ ശ്രമിച്ചതു് ബസ്സാണോ, ബസ്സിലെ ജോലിക്കാരാണോ?

Mr. Speaker: That is a different point.

ശ്രീ. എൻ. രാജഗോപാലൻനായർ: ആ ജോലിക്കാർക്കു് എന്തെങ്കിലും സൗജന്യം നൽകിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതു് ഒരു പ്രത്യേകം ചോദ്യമായി ചോദിച്ചാൽ പറയാം. ബസ്സ് ഉണ്ടായിരുന്നതുകൊണ്ടാണു് ബസ്സിലെ ജോലിക്കാർക്കു് അങ്ങനെ രക്ഷിക്കുവാൻ സാധിച്ചതു്. അതുകൊണ്ടു് ആണു് ബസ്സ് ഉടമസ്ഥനു് കൺസഷൻ കൊടുത്തതു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ആലപ്പുഴനിന്നും കൊല്ലത്തേക്കു് വരുന്നതിനു് ചിലപ്പോൾ ട്രാൻസ്പോർട്ട് വണ്ടി കിട്ടിയില്ലെങ്കിൽ മൂന്നുനാലു വണ്ടികളിൽ കയറി ഇറങ്ങേണ്ടതായിരുന്നുവെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അങ്ങനെ വന്നേക്കാം.

ശ്രീ. എൻ. രാജഗോപാലൻനായർ: ഇങ്ങനെ in discriminate ആയി ബസ്സ് റൂട്ട് അനുവദിക്കാമോ?

---

†As the Member was absent, the question was put by Shri N. Rajagopalan Nair with the permiss ion of the Chair.

ശ്രീ. കളത്തിൽ വേലായുധൻനായർ: Indiscriminate ആയിട്ട് അല്ല; discrimination ഉപയോഗിച്ചാണ് കൊടുത്തത്.

Pallithode and Puthoorthode.

❋ 823. [10] **Shri P. V. Avira Tharakan:** Will the Minister for Public Works be pleased to state whether the Government have received any memorandum to deepen the canals known as Pallithode and Puthoorthode at Arookutty ?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

No.

Supply of Electricity to Sherthalai.

❋ 824 [11] **Shri P. V. Avira Tharakan:** Will the Minister for Electricity be pleased to state:

(*a*) whether the Government have received any memorandum to supply electricity throughout Sherthalai Taluk ; and

(*b*) if received, what steps the Government have taken in this connection ?

Minister for Works and Transport (**Shri Kalathil Velayudhan Nair**) :

(*a*) No.

(*b*) Does not arise in view of answer to (a).

Lift Irrigation.

❋ 825. [12] **Shri M. M. Abdul Khader:** Will the Minister for Public Works be pleased to state :

(*a*) the total capacity of the Avanangode lift irrigation schemes in Chengamanad pakuthi, Parur taluk; and

(*b*) is it a fact that 1,500 acres are not supplied with water though canals have been laid long ago because of the difference in level of these canals ?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) 2,000 acres;

(*b*) No. Only 900 acres are not properly supplied with water. Steps are being taken for the proper supply of water to this area also.

Increase in fares.

❋ 826. [13] **Shri M. M. Abdul Khader:** Will the Minister for Transport be pleased to state:

(*a*) whether his attention has been drawn to the recent increase in fare by the Palai Motors, the United Motor Service, the Service Corporation, the Swaraj Motors, the Kothamangalam Motors, the T. B. M., the Ambika Motors, the Jai Hind Motors; and

(b) what is the policy of the Government in this regard?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(a) Yes;

(b) Stringent action will be taken against those who collect fares in excess of the maximum fixed by Government.

Shri M. M. Abdul Khader: What is the reason that compelled Government recently to enhance the bus fares in the State?

Shri Kalathil Velayudhan Nair: I have already answered that question in this Session itself.

അലോപ്പതി മരുന്നുവ്യാപാരം.

* ൱൨൧. [൧൪൮] ശ്രീ. ഏ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലോപ്പതി മരുന്നുവ്യാപാരം ചെയ്യുന്ന Chemists and Druggists മാർ അതിലേക്ക് ഏതെങ്കിലും ലൈസൻസ് എടുക്കേണ്ടതായിട്ടുണ്ടോ;

(ബി) ഡാക്ടർമാരുടെ കുറിപ്പടിയനുസരിച്ച് മരുന്നു കൂട്ടി കൊടുക്കുവാൻ ഈ Chemist and Druggistsമാർക്ക് അനുവാദമുണ്ടോ;

(സി) അനുവാദമുണ്ടെങ്കിൽ ശരിയായ മരുന്നു വേണ്ട രൂപത്തിൽ കൂട്ടിക്കൊടുക്കുന്നതിനു പററിയ ക്വാളിഫൈഡ് കമ്പൗണ്ടറന്മാർ അത്തരം മരുന്നു വില്ക്കുന്ന സ്ഥലങ്ങളിൽ നിയമിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) ക്വാളിഫൈഡ് കമ്പൗണ്ടറന്മാരില്ലാതെ മരുന്നു കൂട്ടിക്കൊടുക്കുകയും വിഷദ്രാവകങ്ങൾ കൈകാര്യം ചെയ്യുകയും ചെയ്യുന്ന എത്ര Chemist and Druggists സംസ്ഥാനത്തുണ്ട്?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ): (എ) ഇല്ല. (ബി), (സി), (ഡി) ഈ ചോദ്യം (എ) യുടെ ഉത്തരത്തിൽനിന്നും ഉദിക്കുന്നില്ല.

ശ്രീ. ഏ. എൽ. ജേക്കബ്: പല മരുന്നുഷാപ്പുകളിലും നല്ല കമ്പൗണ്ടർമാർ ഇല്ലാത്തതുകൊണ്ട് മരുന്നുകൾ കൂട്ടി കൊടുക്കുന്ന വിഷയത്തിൽ തകരാറു വരുന്നുണ്ടെന്നുള്ള കാര്യം ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: ഇല്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ആശുപത്രികളിൽ ചെന്നാൽ വെറും വെള്ളംമാത്രമെ കിട്ടുന്നുള്ളുവെന്നും മരുന്നുവേണമെങ്കിൽ അവർ ഈ ഷാപ്പുകൾക്കാണ് ചീററുകൊടുത്തയയ്ക്കുന്നുവെന്നും ഉള്ള വിവരമറിയാമോ?

ശ്രീ. വി. മാധവൻ: അറിവില്ല.

ബോട്ടപകടം.

* ൮൨൮. (൧൫) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഏപ്രിൽ മാസമദ്ധ്യത്തിൽ, ചേർത്തലയ്ക്കടുത്തുവച്ച് ഉണ്ടായ ബോട്ടപകടത്തെപ്പററി അന്വേഷിക്കുവാൻ ഗവണ്മെൻറു നിയോഗിച്ച കമ്മിററി അവരുടെ റിപ്പോർട്ട സമർപ്പിക്കുകയുണ്ടായോ;

(ബി) സമർപ്പിച്ചുവെങ്കിൽ, ബോട്ടപകടത്തിൻെറ കാരണത്തെപ്പററി റിപ്പോർട്ടിൽ എന്താണ് പറഞ്ഞിരിക്കുന്നത്;

(സി) ബോട്ടിൽ ഓവർലോഡ് കയറുന്നതിനെ തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ: (എ) ഇല്ല. (ബി) ഉദിക്കുന്നില്ല.

(സി) ഓരോ ബോട്ടിലും കയററാവുന്ന യാത്രക്കാരുടെ എണ്ണം ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ചാണ് ലൈസൻസുകൾ നൽകുന്നത്. ഓരോ ബോട്ടും യാത്ര തുടങ്ങുമ്പോൾ ഉള്ള യാത്രക്കാരുടെ എണ്ണം, ഇടയ്ക്കുള്ള ജട്ടികളിൽനിന്നും കയറുന്നവരുടേയും ഇറങ്ങുന്നവരുടേയും എണ്ണം മുതലായവ കുറിക്കുവാൻ ലോഗ്ബുക്ക്, ജട്ടി രജിസ്റ്റർ എന്നീ റിക്കാർഡുകൾ സൂക്ഷിച്ചുവരുന്നുണ്ട്. അതിനാൽ ഓവർലോഡ് ഉണ്ടെങ്കിൽ ഉടൻ കണ്ടുപിടിക്കാം. അപ്രകാരം കണ്ടുപിടിച്ചാൽ കുററക്കാർക്ക് കനാൽസ് ആൻറ ഫെറീസ് റൂൾസ് അനുസരിച്ച് ശിക്ഷയും നൽകി വരുന്നുണ്ട്.

അസിസ്റ്റഡ് ഇലക്ട്രിക്ക് സപ്ലൈ.

* ൮൨൯. [൧൩] ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'അസിസ്റ്റഡ് ഇലക്ട്രിക്ക്സപ്ലൈ' Assisted Electric Supply പദ്ധതിയനുസരിച്ച് ഏതെങ്കിലും ആളുകൾക്ക കണക്ഷൻ കൊടുത്തിട്ടുണ്ടോ;

(ബി) ഈ പദ്ധതി നടപ്പാക്കണമെന്ന് എന്നാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) ഈ പദ്ധതിയനുസരിച്ച വീടുകളിൽ വൈദ്യുതീകരണം നടത്തുന്നതിലേയ്ക്കായി ഇക്കൊല്ലത്തെ ബഡ്ജററിൽ ഏതെങ്കിലും സംഖ്യ കൊള്ളിച്ചിട്ടുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): (എ) ഇല്ല.

(ബി) ൧൯൬൯-൭൦ൽ.

(സി) ഒരു ലക്ഷം രൂപ ഇക്കൊല്ലത്തെ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. ജോസഫ് വാഴപ്പിള്ളി: ഇത്രയും കാലംവരെ ഇതു് നടപ്പിലാക്കാത്തതിന്റെ കാരണമെന്താണു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനു് റൂംസ് ഉണ്ടാക്കേണ്ടതായിട്ടുണ്ടു്. അതിന്റെ പ്രയാസമേയുള്ളൂ.

ശ്രീ. ജോസഫ് വാഴപ്പിള്ളി: ഈ ആവശ്യത്തിലേക്കു് വേണ്ടത്ര ടെൻഡർ വിളിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനു നോട്ടീസു വേണം.

പിറവം പാലം.

*൮൩൦. [൧൭] ശ്രീ. എം. പി. ചെറിയാൻ: താഴെ പറയുന്ന ചോദ്യത്തിനു് പൊതുമരാമത്തു് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ മന്ത്രിസഭകളുടെ കാലത്തു പിറവത്തു് ഒരു പാലം പണിയുന്നതിനു് ഏതെങ്കിലും നിർദ്ദേശങ്ങൾ സ്വീകരിക്കുകയോ നടപടികൾ എടുക്കുകയോ ചെയ്തിട്ടുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): ഉണ്ടു്

ശ്രീ. എം. പി. ചെറിയാൻ: ഈ പാലം പണിനടത്തിയാൽ കോട്ടയത്തു നിന്നു എറണാകുളത്തേക്കു പോകുന്നതിനു് ഒരു കുറുക്കുവഴി ആയിരിക്കുമെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതൊരു കുറുക്കുവഴിയാണെന്നറിയാം.

Rural Electrification Centres.

* 831. [18] Shri N. P. Varghese: Will the Minister for Works be pleased to state:

(a) the number of rural electrification centres provided in the Budget for 1952-53 for the Generation Division, Southern Division and Northern Division; and

(b) what is the amount provided for extension of electricity to the village areas for the whole State and the amount earmarked for the same in the Generation Division?

Minister for Works and Transport (Shri Kalathil Velayudhan Nair):

(a) Generation Division 5
Southern Division 89.
Northern Division 55.

(b) The total amount provided in the budget for the current year for extension of electricity to village areas is Rs. 73,41,665. The amount specifically provided for extension work in the Generation Division is Rs. 2,09,490.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഈ ജനറേഷൻ ഡിവിഷനിൽ ഇത്ര സെൻറർസ് കുറയുവാൻ കാരണമെന്താണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആവശ്യം അല്പം കുറഞ്ഞിരിക്കാം.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഏതേഴ താലൂക്കുകൾ അതിൽ ഉൾപ്പെടുന്നുണ്ടെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ദേവികുളം, പീരുമേട്, തൊടുപുഴ മുതലായ താലൂക്കുകളിൽ ഉൾപ്പെടും.

ശ്രീ. എൻ. പി. വർഗ്ഗീസ്: അവിടെ ഇലക്ട്രിഫിക്കേഷൻ വളരെ കുറച്ചുമാത്രമെ ഉള്ളുവെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആകെ നോക്കിയാൽ കുറച്ചു കുറഞ്ഞിരിക്കും.

ശ്രീ. എൻ. പി. വർഗ്ഗീസ്: പോപ്പുലേഷൻെറ കണക്ക് എത്രയാണെന്നു നോക്കിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല.

ശ്രീ. എൻ. പി. വർഗ്ഗീസ്: അതു നോക്കാതെയാണോ കുറവാണെന്നു പറഞ്ഞതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: മററ സ്ഥലങ്ങളെ അപേക്ഷിച്ചു കുറവാണ്.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഇതു ഗവണ്മെൻറ ആഫീസേഴ്സിൻെറ റക്കമെൻറേഷൻ അനുസരിച്ചല്ല ചെയ്യുതു്; ജനറേഷൻ ഡിവിഷൻ മാററിയതുകൊണ്ടല്ലേ കുഴപ്പമുണ്ടായതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല.

ശ്രീ. എൻ. പി. വർഗ്ഗീസ്: എന്തടിസ്ഥാനത്തിലാണ് ഈ ഇലക്ട്രിഫിക്കേഷൻ സെൻറേഴ്സ് ഫിക്സ് ചെയ്യുതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പ്രധാനമായി ആളുകളുടെ ആവശ്യമാണ.

ശ്രീ. എൻ. പി. വർഗ്ഗീസ്: ആ ആവശ്യമുണ്ടായതു് ഏതു ബേസിസിലാണ്, പൈസയുടെ ബേസിസിലോ, ഇലക്ട്രിഫിക്കേഷൻ വേണമെന്നുള്ള ബേസിസിലോ?

ശ്രീ കളത്തിൽ വേലായുധൻ നായർ: രണ്ടു കാരണങ്ങളുമുണ്ടു്.

ശ്രീ. ഒ. റ്റി. ചെറിയാൻ: ആ പ്രദേശത്തു ധാരാളം ആളുകൾ താമസിക്കുന്നുണ്ടെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കുറച്ചുണ്ടു്.

Periyar Valley Scheme.

*832. [19] **Shri N. P. Varghese:** Will the Minister for Works be pleased to state:

(a) what is the report of the Officer who investigated the Periyar Valley Irrigation Scheme;

(b) was there a proposal to construct a weir at Bhoothathankettu and diversion channels for irrigating the northern portion of the Kunnathunad and Muvattupuzha taluks;

(c) what is the area expected to be benefited for paddy cultivation by the scheme; and

(d) what is the probable expenditure ?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(a) The officer had prepared a report and estimate for the following works;

i. Construction of a weir at Bhoothathankettu.

ii. Opening out canals on both right and left bank with the required head works.

iii. Constructing flood banks on the sides of the Periyar to protect low lying fields.

iv. Controlling salinity ingress by constructing suitable weirs at the mouths of the Periyar and

v- Providing suitable locks at the weirs to facilitate irrigation.

(b) Yes.
(c) 93,500 acres.
(d) Rs. 555·83 lakhs.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഇതിനു മുമ്പ് "സെക്ഷൻ 4 എ ം" എന്നു പറഞ്ഞു. ഏതാണു ശരി?

ശ്രീ. കളത്തിൽ വേലായുധൻ നായർ: രണ്ടും ശരിയാണ്.

ശ്രീ. എൻ. പി. വർഗ്ഗീസ്: പെരിയാർ സ്കീമിനോടു സംബന്ധിച്ച്, പെരിയാറിലെ ഹൈഡ്രോ ഇലക്ട്രിക് സ്കീം നടപ്പാക്കാനുള്ള പ്രൊപ്പോസൽ ഉണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനോടു സംബന്ധിച്ചു ചെയ്യാനുള്ളതാണെങ്കിൽ അതിനെപ്പറ്റി ആലോചിച്ചു ചെയ്യും.

Lift Irrigation Schemes.

*833. (20) **Shri N. P. Varghese:** Will the Minister for Works be pleased to state;

(a) whether estimates have been submitted for the Muvattupuzha River Valley Lift Irrigation Schemes at Kuriathodu, Karukappilly, Ramangalam, Varandakan Padom, Vechoor and Piravam;

(b) what is the reason for the delay in sanctioning the estimates and taking up the work; and

(c) how many years is it since the scheme was planned and work begun ?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(a) Estimates have been submitted in respect of all the schemes except the Karukapilly and Varandakan padom schemes.

(b) The estimates in respect of Ramangalam, Vechoor and Piravam schemes have already been sanctioned. The execution of the Ramangalam scheme is in progress. The remainning schemes will be taken up when funds are provided.

(c) These schemes were planned since 1950.

ശ്രീ. ററം. റി. ചെറിയാൻ : ഇതു് പ്രോജക്ടു് നടപ്പാക്കുമെന്നു പറയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ചിലതെല്ലാം നടന്നുകൊണ്ടിരിക്കുകയാണു്.

ശ്രീ. ററം. റി. ചെറിയാൻ : എന്നു തീരുമെന്നു പറയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഇപ്പോൾ പറയുവാൻ തരമില്ല.

Elections to Municipal Council.

* 834. [21] **Shri C. Sankar:** Will the Minister for Local Self Government be pleased to state:

(a) when are the elections to the various municipal councils of the State proposed to be held;

(b) whether there will be fresh delimitation of wards before the elections take place; and

(c) whether there will be any reservation of seats for the scheduled castes ?

Minister for Local Self Government (**Shri K. Kochukuttan**):

(a) Government have not taken any decision in the matter.

(b & c) These will be considered.

Mr. Speaker: There is a bill now before the House. But the hon. Member may put his question if he wants.

Shri C. Sankar: May I know whether scheduled class Christians will be included among the depressed classes in the election ?

Shri K. Kochukuttan: A bill is coming before the House on the matter. അതിനെ സംബന്ധിച്ചു് നിയമസഭയിൽ തന്നെ ഒരു ബില്ലുണ്ടു്. അതു് ആലോചിച്ചുവരുന്നു.

Transport Workers.

* 835 [22] **Shri C. Sankar:** Will the Minister for Transport Department be pleased to state whether Government have provided rest rooms, and first aid facilities to the transport workers at Nagercoil, Kottarakara and Alwaye ?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

There are no rest rooms or lunch rooms for the Transport employees at Nagercoil, Kottarakara and Alwaye. But at Kottarakara a staff room has been provided which is also used as a lunch room. First aid facilities are provided for the Transport Department employees at Nagercoil, Kottarakara and Alwaye.

Shri C. Sankar: Is this statement made by the Minister after investigation.

Mr. Speaker: Every statement made in the House has to be taken to have been made after investigation, and has to be accepted, unless the hon. Member has facts to challenge them.

Shri C. Sankar: Are there any first aid facilities provided at Nagercoil ?

Shri Kalathil Velayudhan Nair: That is in the answer. Facilities are provided at Nagercoil, Kottarakara and Alwaye.

Shri C. Sankar: What are these facilities ?

Shri Kalathil Velayudhan Nair: The usual facilities. I cannot, at present, go into the details.

Transport Bus Service.

* **836. [23] Shri C. Sankar:** Will the Minister for State Transport Department be pleased to state:

(*a*) the number of State Transport buses that are operating each day from Ernakulam;

(b) the number of Drivers, Conductors and Inspectors posted there;

(c) the amount of expenditure incurred by the Transport Department every month on the average for the last three months to maintain the District Office there and to carry on the operation of the bus service at Ernakulam; and

(b) the amount of income derived from the above service every month on the average for the last three months ?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(*a*) 5, (including the Mail service)

(b)	Conductors	11.
	Drivers	13.
	Inspectors	7.

(*c*) A sum of Rs. 6,793 per month is spent on an average towards salaries and allowances of staff including Members of the Ferry staff.

(*d*) Rs. 27,500 per month on an average.

Shri C. Sankar: For what purpose is Ernakulam made a separate division?

Shri Kalathil Velayudhan Nair: At Ernakulam there is a ferry service. It is also a terminal station.

Shri C. Sankar: What is the reason for posting 13 Drivers while there are only 11 conductors?

Shri Kalathil Velayudhan Nair: There are parcel services for which conductors are not required but drivers are required.

Shri C. Sankar: Is it the principle of the Transport Department to provide each bus with two Checking Inspectors?

Shri Kalathil Velayudhan Nair: I do not know exactly the number of Inspectors for each bus.

ശ്രീ. കംബിശ്ശേരിൽ കരുണാകരൻ: കണ്ടക്ടർ ഇല്ലാത്തതുകൊണ്ടു് ചിലപ്പോഴും ഷട്ടിൽ മുടങ്ങാറുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ചിലപ്പോഴും മുടങ്ങാറുണ്ടു്.

കയർ വ്യവസായ സഹകരണസംഘങ്ങൾ.

* ൨൩൧. [൨൮] ശ്രീ. കെ. പി. പ്രഭാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ—കൃഷിമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ ഗവണ്മെന്റിന്റെ പുതിയ സ്കീമനുസരിച്ചു് എത്ര കയർ വ്യവസായ സഹകരണസംഘങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടു്; എവിടെയെല്ലാം; ഓരോന്നും രജിസ്റ്റർചെയ്ത തീയതി;

(ബി) അവയിൽ എത്രയെണ്ണം പ്രവർത്തനമാരംഭിച്ചു;

[C1] (സി) ഈ സംഘങ്ങൾ ഏർപ്പെടുത്തിയതിന്റെ ഉദ്ദേശമെന്തു്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ൨൮ സഹകരണസംഘങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടു്. ലിസ്റ്റു മേശപ്പുറത്തു വച്ചിട്ടുണ്ടു്. ‡

(ബി) എല്ലാം പ്രവർത്തനം ആരംഭിച്ചു.

(സി) കയർവ്യവസായത്തെ പുനരുദ്ധരിപ്പിക്കുക എന്നുള്ളതാണു ഉദ്ദേശം.

ശ്രീ. കെ. പി. പ്രഭാകരൻ: ഏതെങ്കിലും സംഘങ്ങൾ പ്രവർത്തനം നിറുത്തിവച്ചിട്ടുണ്ടോ?

‡See Appendix I

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി ഇപ്പോൾ അറിവില്ല.

ശ്രീ. കെ. പി. പ്രഭാകരൻ: ഈ സംഘങ്ങളുടെ പ്രവർത്തനങ്ങളെല്ലാം കുറെക്കൂടി തൃപ്തികരമാക്കണമെന്നു ഗവണ്മെൻറു ഉദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്രവർത്തനം കുറെക്കൂടി തൃപ്തികരമാക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നുണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: ഏതെങ്കിലും സംഘത്തിന്റെ പ്രവർത്തനം ആരംഭിക്കാൻ സഹായധനം കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊടുത്തിട്ടുണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: ചിറയിൻകീഴിലുള്ള ഒരു സംഘം മൂന്നു കൊല്ലമായി യാതൊരു പ്രവർത്തനവും ചെയ്യുന്നില്ലെന്നു അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവർക്കു പല സഹായങ്ങളും ചെയ്തിട്ടുണ്ട്. അതു സ്ഥാപിച്ചിട്ടുതന്നെ മൂന്നുകൊല്ലമായിട്ടില്ല.

കയർസഹകരണസംഘങ്ങൾ.

❋ വൃ.ന.വൃ. [൨൭] ശ്രീ. കെ. പി. പ്രഭാകരൻ താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ സഹകരണസംഘങ്ങൾക്ക് പ്രവർത്തനധനം നൽകുമെന്നു ഗവണ്മെൻറു വാഗ്ദാനംചെയ്തിട്ടുണ്ടോ;

(ബി) ഏതെല്ലാം സംഘങ്ങൾക്കു ഗവണ്മെൻറ് പ്രവർത്തനധനത്തിനായി വായ്പകൾ നൽകി; എത്രവീതം?

ധനകാര്യവും സിവിൾസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: (എ) അങ്ങനെയൊരു ഉത്തരവ് ഉണ്ടായിട്ടുണ്ട്.

(ബി) വായ്പകൾ നൽകിയിട്ടില്ല, ഗ്രാൻറുകൾ നൽകിയിട്ടുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ: ഗവണ്മെൻറിന്റെ വാഗ്ദാനം അനുസരിച്ചു ഏതെങ്കിലും ഗ്രാൻറു കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഓരോ സൊസൈററിക്കും ഇത്ര രൂപാ ഗ്രാൻറ് എന്നു നിശ്ചയിച്ചിട്ടില്ല. ആദ്യത്തെകൊല്ലം ആയിരം രൂപാ എന്ന തോതുവച്ചു ഗ്രാൻറുകൾ കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ: ഈ ഗ്രാൻറു കിട്ടാത്തതുകൊണ്ട് സൊസൈററികളുടെ പ്രവർത്തനം മുന്നോട്ടുപോകുന്നില്ലെന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കൊടുങ്ങല്ലൂരിൽ നിന്നു് ഏതെങ്കിലും സഹകരണസംഘം വായ്പയ്ക്കോ ഗ്രാൻറിനോ അപേക്ഷിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെൻറിന്റെ കൈവശമുള്ള റിപ്പോർട്ടുകൊണ്ടു അങ്ങിനെയൊന്നും കാണുന്നില്ല.

ശ്രീ. പി. വി. അവിരാതരകൻ: എന്തടിസ്ഥാനത്തിന്മേലാണു് ഗ്രാൻറ കൊടുക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എല്ലാ സൊസൈററികൾക്കും കയർവ്യവസായത്തെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി രണ്ടായിരംരൂപവീതം കൊടുക്കുകയാണു്.

ശ്രീ. പി. വി. അവിരാതരകൻ: ഈ കാര്യത്തിൽ കയർ സ്പെഷ്യലാഫീസർക്കു നിർദ്ദേശം നൽകുവാൻ വല്ല അധികാരവുമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല. ഗവണ്മെൻറിൽ നിന്നാണു കൊടുക്കുന്നതു്.

ചാന്നാങ്കരത്തോടു്.

* ൨൩൯. [൨൩] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) ചാന്നാങ്കരത്തോടിന്റെ ഇരുവശങ്ങളിൽനിന്നുമായി 'കരമാരി' വീണു് ഈ തോടു കൂടക്കൂടെ നികന്നുപോകുന്നുണ്ടെന്നും, തൻമൂലം ഈ തോട്ടിൽക്കൂടിയുള്ള ജലമാർഗ്ഗഗതാഗതം വിഘ്നപ്പെടുന്നുണ്ടെന്നുമുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെൻറു് എന്തുചെയ്തു?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഉണ്ടു്.

(ബി) ആവശ്യമുള്ള നടപടികൾ അപ്പോഴപ്പോൾ നടത്തിവരുന്നുണ്ടു്. ഇപ്പോൾ ൩൩,൩൦൦ രൂപയുടെ എസ്റ്റിമേററു് സാംക്ഷൻ ചെയ്തിട്ടുണ്ടു്. ൯ മൈൽ മുതൽ ൧൧ മൈൽവരെ ജോലി സാമാന്യം പുരോഗമിക്കുന്നുണ്ടു്.

ഹരിജനോദ്യോഗസ്ഥന്മാർ.

* ൨൪൦. [൨൧] ശ്രീ. കെ. ടി. കൃഷ്ണൻകുട്ടി പണിക്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനു ശേഷം കൊച്ചിവിഭാഗത്തിൽപ്പെട്ട ഹരിജനസമുദായാംഗങ്ങളെ ആരെയെങ്കിലും സർക്കാരുദ്യോഗത്തിൽനിന്നു പുറംതള്ളിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെ;

(ബി) ഇവരിൽ ബിരുദധാരികൾ എത്ര; സ്കൂൾഫൈനൽ പാസ്സായിട്ടുള്ളവരെത്ര?

Minister for Local Self Government (**Shri K. Kochukuttan**): The answer is not ready.

<u>ചക്കാസംഘം.</u>

* ൮൪൧. [൨൮] <u>ശ്രീ. ആർ. ഗംഗാധരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളംബ്ഭാഗം ചക്കാസംഘത്തിന് ബിൽഡിംഗ്ഗ്രാൻറ ഇനത്തിൽ ആയിരംരൂപ സംഭാവന നൽകിയിരുന്നോ;

(ബി) ഉണ്ടെങ്കിൽ എന്നാണ്;

(സി) കെട്ടിടംപണി പൂർത്തിയായോ;

(ഡി) ചക്കാസംഘത്തിൻെറ പ്രവർത്തനം നടക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിൽ എത്ര അംഗങ്ങളുണ്ട്?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>):

(എ) ബിൽഡിംഗ്ഗ്രാൻറ ഇനത്തിൽ വിളംബ്ഭാഗം ചക്കാസംഘത്തിനു ൧൦൦൦ രൂപ ഗവൺമെൻറിൽനിന്നും സംഭാവന നൽകിയിട്ടുണ്ട്.

(ബി) ൧൯൫൧ ഫെബ്രുവരി ൨൬-ാംനു-യാണ്.

(സി) ഈ കെട്ടിടത്തിൻെറ പണി പൂർത്തിയായിട്ടില്ല.

(ഡി) കഴിഞ്ഞ അഞ്ചുമാസമായിട്ടു ഈ സംഘത്തിൻെറ പ്രവർത്തനമൊന്നും നടക്കുന്നില്ല.

(ഇ) (ഡി)-യുടെ ഉത്തരംകൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

<u>ശ്രീ. ആർ. ഗംഗാധരൻ</u>: ഈ കെട്ടിടംപണി ഇത്രകൊല്ലംകൊണ്ടു പൂർത്തിയാക്കണമെന്നു കരാറുണ്ടായിരുന്നോ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>: അങ്ങനെ പ്രത്യേകം കരാറൊന്നും ഉണ്ടായിരുന്നില്ല. കല്ലുംമററും ശേഖരിച്ചുവച്ചിട്ടുണ്ട്. പക്ഷെ കഴിഞ്ഞ അഞ്ചുമാസമായി ഈ സംഘത്തിലെ അംഗങ്ങളുടെ ഇടയിൽ തന്നെ കക്ഷിവഴക്കുണ്ടെന്നാണ് അന്വേഷണത്തിൽ അറിയുന്നതു്.

<u>ശ്രീ. ആർ. ഗംഗാധരൻ</u>: ആ പരിതഃസ്ഥിതിക്കു ഗവൺമെൻറു എന്തെങ്കിലും നടപടി എടുക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടോ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>: അതു ആലോചിച്ചുകൊണ്ടിരിക്കുകയാണ്. പഞ്ചായത്തുഡയറക്ടർക്കു് അവരുടെ ഒരു ഇൻററിം റിപ്പോർട്ടു കിട്ടിയിട്ടുണ്ട്. അതിൽ പറയുന്നതു കക്ഷിവഴക്കുമൂലം അവിടെ ഇപ്പോൾ പ്രവർത്തനം ഒന്നും നടക്കുന്നില്ലെന്നാണ്. കൂടുതൽ വിവരങ്ങൾ ശേഖരിച്ചു റിപ്പോർട്ടുവരുത്തുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. കുമാരപിള്ള: അങ്ങനെയുള്ള കുടിൽവ്യവസായ സഹകരണസംഘങ്ങളും തുടരുവാൻ അനുവദിക്കരുതെന്നാണോ ഗവണ്മെന്റിന്റെ നയം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കുടിൽവ്യവസായത്തെ പ്രോത്സാഹിപ്പിക്കണമെന്നുള്ളതാണു ഗവണ്മെന്റിന്റെ നയം.

ശ്രീ. ടി. കെ. ദിവാകരൻ: ഇക്കൊല്ലത്തെ ബഡ്ജറ്റിൽ കുടിൽവ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനു യാതൊരുതുകയും കൊള്ളിച്ചിട്ടില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇക്കൊല്ലത്തെ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടില്ലെന്ന് അറിയുകയില്ല.

ശ്രീ. കെ. കുമാരപിള്ള: ഇതുപോലെ മറ്റു കുടിൽവ്യവസായങ്ങൾക്കും ഗ്രാന്റുകൊടുക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പല കുടിൽവ്യവസായങ്ങളെയും പ്രോൽസാഹിപ്പിക്കുന്നതിനു സംഖ്യ കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. കെ. കുമാരപിള്ള: കക്ഷിവഴക്കുമൂലം പ്രവർത്തനമില്ലാത്തതായ ആ സംഘത്തിലെ പ്രവർത്തകന്മാർ ആരെല്ലാമാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കഴിഞ്ഞ തിരഞ്ഞെടുപ്പുകാലത്തു സ്ഥാനാർത്ഥികളായി നിന്നിരുന്ന രണ്ടുപേർക്കുവേണ്ടി ആ സംഘത്തിലെ പ്രവർത്തകന്മാർ പ്രവർത്തിച്ചതുകൊണ്ടുണ്ടായതാണ് കക്ഷിവഴക്ക്. അതിൽ ഒരാളും ജയിച്ചുവന്നു. അതിൽക്കവിഞ്ഞു ഒന്നും ഗവണ്മെന്റിന് അറിവില്ല.

Cinema Theatres.

* 842. [29] **Shri P. V. Avira Tharakan:** Will the Minister for Works be pleased to state:

(*a*) have the Government issued any orders to the owners of temporary cinema theatres asking them to remove inflammable articles from the theatres; and

(*b*) is it a fact that the Union Government have issued orders not supply iron girder, asbestos and other iron materials to construct cinema theatres?

Minister for Home Affairs **(Shri T. M. Varghese):**

(*a*) A touring cinema cannot continue in the same place for a period of more than six months within a continuous period of twelve months. It has been ordered that the licenses of such theatres that have completed a period of six month in the same place will not be extended from 1-10-1952 onwards unless they are converted into permanent ones or roofed with inflammable materials.

(*b*) Yes.

ശ്രീ. പി. വി. അവിരാ തരകൻ: ഇങ്ങനെ അയേൺ ഗർഡേഴ്സ് കൊടുക്കുവാൻ സാദ്ധ്യമല്ലെന്നു് ഇൻഡ്യാ ഗവണ്മെൻറ് പറഞ്ഞതുകൊണ്ടു് പെർമനൻറ് തീയേറേഴ്സല്ലാതെ ടെമ്പററി തീയേറേഴ്സേ ഉണ്ടാക്കുവാൻ കഴിയുകയുള്ളു എന്നു ഗവണ്മെൻറിനറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: പെർമനൻറ് തീയേറേഴ്സ് ഉണ്ടാക്കുന്നതിനു് ചില വ്യവസ്ഥകൾ ഉണ്ടു്. അതനുസരിച്ചേ ഉണ്ടാക്കാൻ സാദ്ധ്യമുള്ളു.

ശ്രീ. പി. വി. അവിരാ തരകൻ: അതനുസരിച്ചു് വളരെ കുറച്ചു തീയേറേഴ്സല്ലെ ഇവിടെ ഉണ്ടാകുവാൻ സാദ്ധ്യമുള്ളു?

Mr. Speaker: What is the question now? Is it an inference or information or your considered opinion in the matter.

ശ്രീ. എം. എം. അബ്ദുൽ ഖാദർ: ടെമ്പററി തീയേറേഴ്സിനു ലൈസൻസ് കൂടുതൽ കൂടുതൽ കൊടുക്കുവാൻ ഗവണ്മെൻറ് തീരുമാനിക്കുമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഇപ്പോൾ തീരുമാനിച്ചിട്ടുള്ളതു് അതായതു് ൧-൪-൧൧൨൭ മുതൽ ആറുമാസത്തേക്കു ലൈസൻസു കൊടുക്കാമെന്നു് തീരുമാനിച്ചിട്ടുണ്ടു്.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഈ ആറുമാസത്തേയ്ക്കു് ലൈസൻസു കൊടുക്കുമെന്നുള്ള റൂൾ ഉണ്ടാക്കിട്ടു് എത്ര കൊല്ലമായി?

ശ്രീ. ടി. എം. വർഗ്ഗീസ്: ൧-൪-൧൧൨൭ മുതൽക്കാണു് അതുണ്ടാക്കിയതു്.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഈ ആറുമാസത്തേയ്ക്കേ ലൈസൻസു കൊടുക്കുകയുള്ളു എന്നു റൂൾ ഉണ്ടാക്കിട്ടു് എത്രകൊല്ലമായി? ൬ മാസം കഴിയുമ്പോൾ നീട്ടിക്കൊടുക്കുന്ന കാര്യത്തെപ്പററിയല്ല ഞാൻ ചോദിക്കുന്നതു്.

ശ്രീ. ടി. എം. വർഗ്ഗീസ്: അതു കുറെ കാലമായി. അതു് ആ പുസ്തകം നോക്കിയാൽ അറിയാം.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഇങ്ങനെ ഒരു റൂൾ എൻഫോഴ്സു ചെയ്യുന്നതു് ഗവണ്മെൻറിനു റെവന്യൂ നഷ്ടമല്ലേ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഗവണ്മെൻറിനു ന്യായമായ കാര്യങ്ങളിലുള്ള ആദായം മതി.

കയർ സഹകരണസംഘങ്ങൾ.

* ൮൪൨. (എ) [൩൦] ശ്രീ. ടി. കെ. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ സഹകരണസംഘങ്ങൾക്കുവേണ്ടി കഴിഞ്ഞ വർഷം (൧൧൨൬-ൽ) ഗവണ്മെൻറിൽനിന്നും ബഡ്ജററിൽ എന്തു തുക അനുവദിച്ചിരുന്നു;

(ബി) ഇതിൽ എത്ര രൂപ കയർ സഹകരണസംഘങ്ങൾക്കായി നൽകുകയുണ്ടായി ;

(സി) ൧൯൬൭-൬൮-ൽ എത്ര കയർ സഹകരണസംഘങ്ങൾ രൂപീകരിച്ചു;

(ഡി) ൧൯൬൭-൬൮-ൽ ബഡ്ജററിൽ അനുവദിച്ച തുകയിൽ എത്ര രൂപ ലാപ്സായി ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ൧൦,൭൦,൦൦൦ രൂപ.

(ബി) ൧൬,൦൦൦ രൂപ.

(സി) ൧൦,൧൦,൦൦൦ രൂപ.

ശ്രീ. ടി. കെ. ദിവാകരൻ : കയർ സഹകരണസംഘങ്ങൾക്ക് സഹായം ചെയ്യുന്നതിന് നീക്കിവച്ചിരുന്ന തുകയിൽ ഇത്രയും സംഖ്യ ലാപ്സാകുവാൻ കാരണമെന്താണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഏതാനും കയർവ്യവസായ സഹകരണസംഘങ്ങളുടെ പ്രവർത്തനം വേണ്ടിടത്തോളം തൃപ്തികരമായി നടക്കുന്നില്ല എന്നുള്ളതു കണ്ടിട്ട് ഈ ഗ്രാൻറ കൊടുക്കുവാനുള്ള സംഖ്യ പാഴിൽ കളയേണ്ട എന്നുവിചാരിച്ച് കൊടുക്കാതിരുന്നതാണ്. സംഘം പ്രവർത്തകന്മാരുടെ ഇടയിൽ കക്ഷിവഴക്കുകൾ ഉണ്ടാകുകനിമിത്തം സംഘങ്ങളുടെ പ്രവർത്തനം ശരിക്കു നടക്കാതായി. അതുകൊണ്ടാണ് ഗ്രാൻറ് കൊടുക്കാതിരുന്നതു്. ലാപ്സായി പോകുന്നത് അത്ര ദോഷമുള്ള ഒരു കാര്യമല്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഗ്രാൻറായും വായ്പയായും അല്ലേ ഈ സഹകരണസംഘങ്ങൾക്ക് സഹായം ചെയ്യാമെന്നു പറഞ്ഞതു് ; അതു രണ്ടും കൊടുക്കാതിരിക്കുകയാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു രണ്ടും പ്രവർത്തനം ശരിക്കു നടക്കാത്ത സംഘങ്ങളുടെ കാര്യത്തിൽ നിർത്തിവക്കേണ്ടിവന്നു.

ശ്രീ. ടി. കെ. ദിവാകരൻ : കയർവ്യവസായസംഘങ്ങളെ സഹായിക്കുകയില്ല എന്നുള്ള തീരുമാനത്തിൽ ഗവണ്മെൻറ എത്തിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നേരെമറിച്ചുള്ള തീരുമാനത്തിൽ എത്തിയിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : അതനുസരിച്ച് ഇക്കൊല്ലം കയർ സഹകരണസംഘത്തിന് വായ്പയും ഗ്രാൻറും കൊടുക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എല്ലാം ചെയ്യാം.

ശ്രീ. ടി. കെ. ദിവാകരൻ : ഗ്രാൻറ കൊടുക്കാഞ്ഞതുകൊണ്ട് പല സംഘങ്ങളുടേയും പ്രവർത്തകന്മാർ സംഘങ്ങളുടെ പ്രവർത്തനം ശരിക്കു നടത്തുന്നില്ലെന്നു ഗവണ്മെൻറിനു അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചില സംഘങ്ങൾക്ക് ഗവണ്മെന്റ ഗ്രാന്റകൊടുത്തു. പല സംഘങ്ങളിലും കക്ഷിവഴക്കുകൾ മൂത്ത് വ്യവഹാരങ്ങളും മററും വന്നതുകൊണ്ട് അങ്ങിനെ അനിയന്ത്രിതമായിപ്പോകുന്ന സംഘങ്ങൾക്കു ബഡ്ജററിൽ നീക്കിവച്ചിരിക്കുന്ന സംഖ്യ ഗ്രാന്റായി കൊടുക്കുന്നതു് നല്ലതല്ല എന്നു കരുതി ഗവണ്മെന്റ് അതു നിറുത്തിവച്ചു കയർ വ്യവസായ സംഘങ്ങൾ അവ സ്ഥാപിച്ചപ്പോൾ ഉണ്ടായിരുന്ന ഉദ്ദേശം ഭംഗിയായി നിർവ്വഹിക്കുന്നില്ല എന്നു കണ്ടപ്പോഴാണ് അവയ്ക്കു് കൊടുക്കാൻ നിശ്ചയിച്ച സഹായം നിർത്തിവച്ചതു്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ കയർ വ്യവസായസഹകരണ സംഘങ്ങളുടെ കാര്യങ്ങൾ നോക്കുന്നതു് സഹകരണ സംഘം രജിസ്ട്രാരോ കയർ സ്പെഷ്യൽ ആഫീസറോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കയർ സ്പെഷ്യൽ ആഫീസറാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ കയർ സ്പെഷ്യൽ ആഫീസറും സഹകരണസംഘം രജിസ്ട്രാരും തമ്മിൽ ഈ കയർ സഹകരണസംഘങ്ങളുടെ കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഈ കയർ സഹകരണസംഘങ്ങളിൽ സിക്രട്ടറിമാരെ ആരാണ് നിയമിച്ചിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സൊസൈററികൾ തന്നെയാണ് നിയമിച്ചിട്ടുള്ളതു്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ സിക്രട്ടറിമാർക്ക് ശമ്പളക്കുടിശ്ശിക വന്നാൽ അതു് ഈടാക്കുവാനുള്ള അവകാശം അവർക്കില്ലെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതൊരു നിയമപ്രശ്നമാണ്.

ശ്രീ. ഇ. പി. വർഗ്ഗീസ്: ഈ ഗ്രാന്റ കൊടുക്കുന്നതു് എന്തിനാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സൊസൈററിയുടെ പ്രവർത്തനത്തിന്നാണ് കൊടുക്കുന്നതു്.

പ്രൈവററ ബസ്സുകൾ.

❋ ൧൪൩. [൩൧] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വർക്ക്സും ട്രാൻസ്പോർട്ടും വകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) പ്രൈവററ് ബസ്സുകളുടെ ടാക്സു കുറച്ചു കിട്ടണമെന്നു് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി;

(സി) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് നിലവിലിരിക്കുന്ന ടാക്സു സംസ്ഥാനത്തിനു പുറത്തു് മദ്രാസ് സ്റ്റേററിലുള്ളതിനെക്കാൾ കൂടുതലാണെന്ന ആക്ഷേപം ശരിയാണോ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഉണ്ട്.

(ബി) ഇൻഡ്യാഗവണ്മെൻറ എല്ലാ സ്റ്റേററുകളിലും ടാക്സ് ഒന്നാക്കേണ്ട കാര്യം ആലോചിക്കുന്നുണ്ട്. ആ തീരുമാനത്തെ ആശ്രയിച്ച് ഈ ഗവണ്മെൻറ വേണ്ട നടപടി പിന്നീട് എടുക്കുന്നതാണ്.

(സി) ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ: തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു മററ സംസ്ഥാനങ്ങളിൽ ഉള്ളതിനേക്കാൾ ടാക്സ് കൂടുതലാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: മദിരാശിയിലെ ടാക്സ് ഇവിടെയുള്ളതു പോലെയാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ ടാക്സിന്റെ കൂടുതൽ നിമിത്തം ഓവർ ലോഡിൽ ബസ്സ് ഓടിച്ചില്ലെങ്കിൽ അവക്കു നഷ്ടമാണെന്നു ഗവണ്മെൻറിനു അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതുകൊണ്ടാണ് ചാർജ്ജ് കൂട്ടുവാൻ ഗവണ്മെൻറ തീരുമാനിച്ചതു്.

ശ്രീ. ടി. കെ. ദിവാകരൻ: കൂടുതൽ ടാക്സ് കൊടുക്കേണ്ടിവരുന്നതുകൊണ്ട് ബസ്സ് തൊഴിലാളികൾക്ക് കൂടുതൽ ശമ്പളം കൊടുക്കുന്നില്ലെന്ന് ഗവണ്മെൻറിനറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയുകയില്ല.

ശ്രീ. ഓ. സി. നൈനാൻ: ഈ സംസ്ഥാനത്ത് ബസ്സ് ചാർജ്ജ് മദിരാശിയിലുള്ളതിനേക്കാൾ കൂടുതലാണെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയുകയില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഈ വർഷത്തിൽ കൂടുതൽ വരവു പ്രതീക്ഷിച്ചു കാണുന്നതു കൂടുതൽ റൂട്ട് അനുവദിച്ചതുകൊണ്ടാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കൂടുതൽ ബസ്സുകൾ ഓടുന്നതിനു് അനുവദിച്ചതുകൊണ്ടാണ്.

Sree Mulam Harbour.

✱ 844. [32] **Shri A. Samraj:** Will the Minister for Works be pleased to state:

(*a*) whether any survey was made by the Government for developing the natural Sree Mulam Harbour near Cape Comorin; and

(*b*) if so, what was the result of the survey?

Minister for Works and Transport **(Shri Kalathil Velayudhan Nair)** :

(*a*) The possibility of developing the Sreemulapuram Harbour was investigated by the erstwhile Travancore Government in the year 1941.

(*b*) it was found that there was no scope for opening this port.

Town Planning.

✻845. [33] **Shri A. Samraj:** Will the Minister for Works be pleased to state:

(*a*) what are the results of the survey work for Town Planning in Cape Comorin during the regime of Sir C. P. Ramaswami Aiyar; and

(*b*) why was the Town Planning work not proceeded further?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(*a*) As a result of the survey conducted in 1947, a general lay out plan of the Cape Town Planning Scheme, with approximate cost of its execution was prepared.

(*b*) Further steps in this direction were postponed due to financial stringency.

ശ്രീ. ടി. കെ. കൃഷ്ണൻ: കന്യാകുമാരി വിദേശസഞ്ചാരികളുടെ ഒരു കേന്ദ്രമാണെന്ന് ഗവണ്മെന്റിന് അറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: വിദേശസഞ്ചാരികൾ ധാരാളം വരാറുള്ള ഒരു സ്ഥലമാണ് അതു്.

ശ്രീ. ടി. കെ. കൃഷ്ണൻ: ആ സ്ഥിതിക്ക് ആ സ്ഥലം കേന്ദ്രമാക്കിക്കൊണ്ട് ടൌൺ പ്ലാനിംഗ് വർക്ക് ചെയ്യുകയാണെങ്കിൽ ടൂറിസ്റ്റുകൾ കൂടുതൽ കൂടുതൽ അവിടെ വരാൻ സൌകര്യമാകയില്ലേ എന്നു ഗവണ്മെന്റിനു അറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാം.

ശ്രീ. ടി. കെ. കൃഷ്ണൻ: അങ്ങിനെയാണെങ്കിൽ ഈ ടൌൺ പ്ലാനിംഗ് വർക്ക് നിറുത്തിവയ്ക്കാൻ കാരണമെന്താണ് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഫൈനാൻഷ്യൽ സ്ട്രിൻജൻസികൊണ്ടാണ് അതു നിറുത്തിവച്ചതു്.

ശ്രീ. ടി. കെ. കൃഷ്ണൻ: അതു് ഡവലപ്പ് ചെയ്യുന്നതു് ഫൈനാൻഷ്യൽ സ്ട്രിൻജൻസിയെ തടയാനുള്ള ഒരു മാർഗ്ഗമല്ലേ? ആ സ്ഥലം ഡവലപ്പ് ചെയ്താൽ ഫോറിൻ ടൂറിസ്റ്റുകളെ അങ്ങോട്ട് കൂടുതൽ കൂടുതൽ ആകർഷിക്കുകയില്ലേ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അടുത്തകാലത്തുതന്നെ അതു ഡവലപ്പുചെയ്യാൻ ഗവണ്മെന്റു ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. എ. കുഞ്ഞൻ നാടാർ: അവിടെ ശുദ്ധജലവിതരണം ചെയ്യുന്നതിന് വല്ല ഏർപ്പാടുകളും ചെയ്തിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ട്.

ശ്രീ. ഏ. കുഞ്ഞൻ നാടാർ: അവിടെ ശുദ്ധജലവിതരണ പ്ലാൻ നടപ്പിൽ വരുത്തുന്നതിന് ഗവണ്മെന്റിന് വല്ല പ്ലാനും ഉണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഗവണ്മെന്റിനു രണ്ടു പ്ലാനുണ്ട്. അതിൽ ഏതു വേണം എന്നു ഗവണ്മെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഏ. കെ. ചെല്ലയ്യാ: കേപ്പ് കോമറിനിൽ ഇന്ന് താമസിക്കുന്നത് അധികവും അമേരിക്കക്കാരാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആരൊക്കെയാണ് അവിടെ താമസിക്കുന്നത് എന്നുള്ളതിന്റെ ഒരു കണക്ക് എടുത്തിട്ടില്ല.

ശ്രീ. ഏ. കെ. ചെല്ലയ്യാ: റഷ്യാക്കാർ ആരെങ്കിലും അവിടെ താമസിക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിഞ്ഞുകൂടാ.

Shri E. P. Varghese: What is the estimated cost of that scheme?

Shri Kalathil Velayudhan Nair: In 1941 it was 33.5 lakhs.

Shri P. S. Nataraja Pillai: What is the total estimate for water supply Sir?

Shri Kalathil Velayudhan Nair: I claim notice for that.

Shri P. S. Nataraja Pillai: Is fresh water being supplied in Cape Comorin?

Shri Kalathil Velayudhan Nair: Fresh water is supplied at times in P. W. D. lorries.

Shri P. S. Nataraja Pillai: What is the average cost for the supply done by the P. W. Department in 1946?

Shri Kalathil Velayudhan Nair: I claim notice, Sir.

Selection of Conductors and Drivers.

*** 846.** [34] **Shri A. Samraj:** Will the Minister for Works be pleased to state:

(a) how many Conductors and Drivers were selected during the last selection for the Transport Department; and

(b) how many were selected from the taluks of Thovala and Agasteeswaram?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(a) 50 Conductors in March 1951, and 158 Drivers in May 1952.

(b) 4 Conductors and 7 Drivers.

നിയമനങ്ങൾ.

*൮൪൧. [൩൭] †ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൯൫൦-ൽ നേഴ്സിംഗ് പാസ്സായ നാലുപേരെ അക്കൊല്ലംതന്നെ ൮൦—൧൨൦ രൂപ ശമ്പളത്തിൽ പബ്ലിക്ക ഹെൽത്ത് ഡിപ്പാർട്ടുമെൻറിൽ നിയമിച്ചിട്ടുണ്ടോ;

(ബി) ഇതേ യോഗ്യതയുള്ളവർ ൩൦ രൂപ ശമ്പളത്തിൽ അധികവർഷമായി ഗവണ്മെൻറ സർവീസിൽ തുടർന്നുവരുന്നുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഉണ്ട്.

(ബി) മെഡിക്കൽ ഡിപ്പാർട്ടുമെൻറിലും പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെൻറിലും ഇല്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: നേഴ്സുമാരിൽ യൂറോപ്യൻ നേഴ്സിനും നേററീവ് നേഴ്സിനും ഒരേ രീതിയിലുള്ള ശമ്പളമാണോ കൊടുത്തുവരുന്നത്?

ശ്രീ. വി. മാധവൻ: യൂറോപ്യൻ നേഴ്സസിൽ അധികവും ഒരു സേവനമനസ്ഥിതി എന്നുള്ള നിലയിലാണ് പ്രവൎത്തനം നടത്തുന്നത്. അവക്ക ശമ്പളം കൊടുക്കുന്നതായി അറിഞ്ഞുകൂടാ.

ശ്രീ. എൻ. രാജഗോപാലൻ നായർ: നേററീവ് നേഴ്സസ് സേവനം അനുഷ്ഠിക്കുന്നില്ലേ?

ശ്രീ. വി. മാധവൻ: ഉണ്ട്.

ശ്രീ. എൻ. രാജഗോപാലൻ നായർ: പിന്നെ എന്തുകൊണ്ടാണ് വ്യത്യസ്ത ശമ്പളം അവർക്ക് കൊടുക്കുന്നത്?

ശ്രീ. വി. മാധവൻ: വ്യത്യസ്തശമ്പളം കൊടുക്കുന്നു എന്ന് ആരു പറഞ്ഞു; ഞാൻ പറഞ്ഞില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: അങ്ങനെ അവരുടെ ശമ്പളത്തിൽ വല്ല വ്യത്യാസവും ഉണ്ടോ?

ശ്രീ. വി. മാധവൻ: അത് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. കെ. കുമാരപിള്ള: ൧൯൫൦-ൽ പാസ്സായ നേഴ്സുകളിൽ പലരും ഇവിടെ ജോലികിട്ടാത്തതുകൊണ്ടു അന്യസ്ഥലങ്ങളിൽ ജോലിക്ക പോയിട്ടുള്ളതായറിയാമോ?

ശ്രീ. വി. മാധവൻ: അറിഞ്ഞുകൂടാ.

ശ്രീ. പി. വി. അവിരാതരകൻ: നാട്ടുകാരായ നേഴ്സുകളുടേയും യൂറോപ്യൻനേഴ്സുകളുടേയും സേവനം രണ്ടുവിധത്തിലല്ലേ?

---

†As the Member was absent the question was put by Shri M. M. Abdul Khader, with the permission of the Chair.

ശ്രീ. വി. മാധവൻ: രണ്ടുകൂട്ടരും ഒരേ ജോലിതന്നെയാണു ചെയ്യുന്നതു്.

ശ്രീ. സി. അച്യുതമേനോൻ: ൭൦ മുതൽ ൧൨൦ രൂപവരെ ഈ നാലു നേഴ്സുകൾക്കും കൊടുക്കാൻ വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

ശ്രീ. വി. മാധവൻ: മദ്രാസിലയച്ചു പ്രത്യേക പരിശീലനം സിദ്ധിച്ചിട്ടുള്ള നാലുപേർക്കാണു ഈ സ്കെയിൽ കൊടുത്തിട്ടുള്ളതു്.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻ നായർ: സർവീസ് പരിഗണിക്കാതെ യൂറോപ്യൻ നേഴ്സുകളെ നാട്ടുകാരായ നേഴ്സുകളുടെ സീനിയറായിട്ടു നിയമിക്കുന്നില്ലേ?

ശ്രീ. വി. മാധവൻ: അന്വേഷിച്ചു മറുപടി പറയാം.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻ നായർ: യൂറോപ്യൻ നേഴ്സുകൾക്കു ചിലപ്പോൾ ആശുപത്രികളിലെ ഇൻഡിപെൻഡൻറ ചാർജ്ജു കൊടുത്തുവരുന്നതായിട്ടറിയാമോ?

ശ്രീ. വി. മാധവൻ: അതും അന്വേഷിച്ചു പറയാനെ നിവൃത്തിയുള്ളു.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻ നായർ: നാട്ടുകാരായ നേഴ്സുകളുടെ സീനിയോറിട്ടി അപഗണിച്ചു യൂറോപ്യൻ നേഴ്സുകൾക്കു ഇൻഡിപെൻഡൻറ ചാർജ്ജു കൊടുക്കുന്നതിൽ വലിയ അതൃപ്തിയുണ്ടെന്നറിയുമോ?

ശ്രീ. വി. മാധവൻ: അങ്ങനെ കൊടുക്കുന്നുണ്ടെന്നും, അതിൽ ചിലർക്കു അതൃപ്തിയുണ്ടെന്നും ചോദ്യകർത്താവു എന്നെ അറിയിച്ചിട്ടുണ്ടു്. എന്നാൽ അതിനെപ്പററി ശരിയായ വിവരങ്ങൾ കിട്ടാതെ മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ൧൯൫൦ൽ ൭൦–൧൨൦ സ്കെയിലിൽ ഇവരെ നിയമിക്കുന്നതിനുമുമ്പ് അതിൽ കുറഞ്ഞ ശമ്പളം വാങ്ങിക്കൊണ്ടിരുന്ന നേഴ്സുകൾക്കു കൊടുക്കാതെ ഇവർക്കു കൊടുത്തതു് കൂടുതൽ ക്വാളിഫിക്കേഷനുണ്ടായിരുന്നതുകൊണ്ടാണോ?

ശ്രീ. വി. മാധവൻ; എന്തെങ്കിലും പരീക്ഷായോഗ്യതകൾ കൂടുതൽ ഉണ്ടായതുകൊണ്ടായിരിക്കണം ഇവർക്കു കൊടുത്തിട്ടുണ്ടുള്ളതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: എന്തു പരീക്ഷായോഗ്യതകളാണു കൂടുതലുള്ളതെന്നു പറയാമോ?

ശ്രീ. വി. മാധവൻ: അതൊരു പ്രത്യേക ചോദ്യമായി ചോദിച്ചാൽ പറയാം.

Cost of Electric Posts.

*848. [36] **Shri K. Madhavan Unnithan:** Will the Minister for Works be pleased to state :

(*a*) what is the monthly rate realised from consumers towards the cost of electric posts put up at the instance of individuals for the extension of electric lines ; and

(*b*) is there a time limit for the payment of the whole amount ?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(*a*) 1|60 of the capital cost of L. T. extension and 1|96 of the capital cost of H. T. work.

(*b*) Yes. 5 year period for L. T. works and 8 year period for H. T. works.

ശ്രീ. കെ. മാധവനുണ്ണിത്താൻ : ഈ പോസ്റ്റുകൾക്കുവേണ്ടി തവണകളിലായി ഈടാക്കി വരുന്നതുക പോസ്റ്റിന്റെ ആകെയുള്ള വിലയിൽ കവിയാതിരിക്കാൻ ഗവണ്മെന്റ ശ്രദ്ധിക്കുമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ശ്രദ്ധിക്കാം.

ക്ഷാമബത്തയിന്മേൽ തൊഴിൽക്കരം.

* ൮൪൯. [൩൧] ശ്രീ. പി. ഭാസ്കരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നഗരങ്ങളിൽ, ഗവണ്മെന്റ സ്ഥാപനങ്ങളിലും മററു കമ്പനികളിലും ജോലിചെയ്യുന്ന ശമ്പളക്കാരുടെ പക്കൽ നിന്നു മുനിസിപ്പാലിററികൾ തൊഴിൽക്കരം ഈടാക്കുന്നതു് അടിസ്ഥാനശമ്പളത്തിന്മേൽ മാത്രമല്ല, ഡിയർനസ്സ് അലവൻസുകൂടെ കണക്കാക്കീട്ടുണ്ടെന്നറിയാമോ ?

(ബി) അലവൻസിന്മേൽ തൊഴിൽക്കരം ഈടാക്കുന്നതു തടയണമെന്നും ഹൈക്കോടതി വിധിക്കുശേഷം ഈടാക്കിയിട്ടുള്ള തുക മടക്കി കിട്ടണമെന്നും ഗവണ്മെന്റ ജീവനക്കാരിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു ചെയ്തു ?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) അറിയാം.

(ബി) തിരുവനന്തപുരം കാർപ്പറേഷനെ സംബന്ധിച്ചിടത്തോളം സക്കാർ ജീവനക്കാരിൽ നിന്നും അപ്രകാരമുള്ള നിവേദനങ്ങൾ കിട്ടിയിട്ടുണ്ടു്.

(സി) അതിന്മേൽ അനുകൂലമായ നടപടി നടത്തിയിട്ടുണ്ടു്.

ശ്രീ. പി. ഭാസ്കരൻ നായർ: സർക്കാർ ജോലിക്കാരുടെ ഡിയർനസ് അലവൻസിൽ നിന്നും തൊഴിൽക്കരം ഈടാക്കരുതെന്നു ഹൈക്കോടതി വിധിയുണ്ടായിരുന്നിട്ടും അപ്രകാരം ഈടാക്കി വരുന്നതെന്തുകൊണ്ടാണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: കാർപ്പറേഷനെ സംബന്ധിച്ചുമാത്രമെ അങ്ങനെയൊരു വിധിയുണ്ടായിട്ടുള്ളു.

ശ്രീ. പി. ഭാസ്കരൻ നായർ: കാർപ്പറേഷനെ സംബന്ധിച്ചുണ്ടായ ഈ വിധി മുനിസിപ്പാലിററികളെ ബാധിക്കുകയില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: മുനിസിപ്പാലിററികളെ ബാധിക്കുകയില്ല.

ശ്രീ. എം. വി. ചെറിയാൻ: സർ, ഭൂരിഭാഗവും കർഷകർ ജീവിക്കുന്ന ഈ രാജ്യത്ത് കൃഷി ഡിപ്പാർട്ടുമെൻറ് ഏററവും പ്രധാനമായ ഒരു ഡിപ്പാർട്ടുമെൻറാണെന്നു ഞാൻ പറയേണ്ട ആവശ്യമില്ലല്ലോ. എന്നാൽ ഈ ഡിപ്പാർട്ടുമെൻറിൻെറ ഇപ്പോഴത്തെ പ്രവർത്തനം നോക്കുന്ന പക്ഷം നമ്മുടെ രാജ്യത്തിൻെറ പൊതുമുതലിൽനിന്നും ഫ വൃ ലക്ഷത്തോളം വരുന്ന ഒരു വലിയ തുക അനാവശ്യമായി ചിലവുചെയ്യുന്ന ഒരു ഭയങ്കരമായ അവസ്ഥയാണ് നാം ഇതിൽ കാണുന്നത്. ഇപ്പോൾ ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനങ്ങൾ പ്രത്യേകിച്ച് തിരുവിതാംകൂറിൻെറ വടക്കൻഭാഗത്തുള്ള ഞങ്ങൾക്ക് യാതൊരു അറിവുമില്ല. അവിടെ ചില കൃഷി ഇൻസ്പെക്ടറന്മാരുടെ ആഫീസുകൾ ഉണ്ടെന്നല്ലാതെ കാര്യമായി അവർ എന്തെങ്കിലും പ്രവൃത്തിക്കുന്നോയെന്നു സംശയമാണ്. മൂവാററുപുഴ തന്നെ ഒരു ഡിസ്ട്രിക്ട് ഇൻസ്പെക്ടരുടെ ആഫീസ് ഉണ്ടെന്നു പറയുന്നു. വളം കച്ചവടം ചെയ്യുന്ന ഒരു പീടികക്കാരൻെറ ജോലിയല്ലാതെ മററു യാതൊന്നും ഈ ആഫീസിൽ ചെയ്യുന്നതായി അറിവില്ല. കൃഷിക്കാർക്ക് വളം വിതരണം ചെയ്യുക മാത്രമാണ് ഈ ഡിപ്പാർട്ടുമെൻറിൻെറ ജോലിയെങ്കിൽ ഇത്ര വമ്പിച്ച തുക അതിനായി ഈ പൊതുമുതലിൽനിന്നും ചെലവാക്കേണ്ട യാതൊരാവശ്യവുമില്ലെന്നാണ് എൻെറ ഖണ്ഡിതമായ അഭിപ്രായം. കൃഷിഡിപ്പാർട്ടുമെൻറ് ഏററവും ആവശ്യമുള്ള ഒരു ഡിപ്പാർട്ടുമെൻറ തന്നെയാണെന്നു ഞാനും സമ്മതിക്കുന്നു. ഇന്നു കൃഷി ഡിപ്പാർട്ടുമെൻറ ഒരു മൈനർ ഡിപ്പാർട്ടുമെൻറാണ്. അതു് ഒരു മേജർ ഡിപ്പാർട്ടുമെൻറാക്കേണ്ടതു് ഏററവും അത്യാവശ്യവുമാണ്. എന്നാൽ ഈ കൃഷി ഡിപ്പാർട്ടുമെൻറ് കർഷകർക്ക് ഉപയോഗപ്രദമായ യാതൊരു ജോലിയും ചെയ്യുന്നില്ലായെന്നുള്ളതു് സങ്കടകരംതന്നെയാണ്. കർഷകർക്കു ഉപയോഗപ്രദമായ ജോലികളിൽ കുറെ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറുകാർ ചെയ്യുന്നു, കുറെ പി. ഡബ്ളിയു. ഡി. ചെയ്യുന്നു, കുറെ യൂണിവേഴ്സിററി നടത്തുന്നു. ഈ ജോലികളെല്ലാം ഇങ്ങനെ വിഭാഗീയമായ രീതിയിൽ ചെയ്യുന്നതിനു പകരം അവ കോ ആർഡിനേററ് ചെയ്തു നടത്തുന്നതായാൽ കൃഷിക്കാർക്ക് വളരെ പ്രയോജനപ്രദമായിരിക്കും. ഇവയെല്ലാം സംയോജിപ്പിച്ച് കൃഷിഡിപ്പാർട്ടുമെൻറ് ഒരു മേജർഡിപ്പാർട്ടുമെൻറാക്കിക്കൊണ്ട് ഒരു ഉദ്യോഗസ്ഥൻെറ കീഴിൽ പ്രവർത്തനം നടത്തേണ്ടതു്

കർഷകരുടെ പേരിൽ ഏററവും അത്യാവശ്യമാണെന്ന് ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ഇവിടെ കൃഷിയെസംബന്ധിച്ച് റിസർച്ച് നടത്തുന്നുണ്ടെന്നു പറയപ്പെടുന്നുണ്ട്. പക്ഷെ, അതെന്താണെന്ന് ആക്കും ഇതുവരെ മനസ്സിലാക്കാൻ സാധിച്ചില്ല. ഇതുവരെയും എന്തെങ്കിലും കാര്യമായ പ്രയോജനം അതിൽനിന്നും ലഭിച്ചിട്ടുണ്ടോയെന്നും അറിവില്ല. ഏതോ ഒരു തരം നെല്ല് വളരെ നല്ലതാണെന്ന് ഈ റിസർച്ച് ഡിപ്പാർട്ടുമെൻറ കണ്ടുപിടിച്ചതായി കേൾക്കുന്നുണ്ട്. പക്ഷെ, അത് ഏതുതരം നെല്ലാണെന്നോ എങ്ങനെ അത് ഉപയോഗിക്കണമെന്നോ കർഷകക്ക് മനസ്സിലായിട്ടില്ല. റിസർച്ചിനെ സംബന്ധിച്ചിടത്തോളം അതിൻെറ ആരംഭഘട്ടത്തിൽ അതിനെക്കുറിച്ച് അധികമാക്കും അറിവുണ്ടായിരിക്കാൻ തരമില്ലായെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷെ, അതുകൊണ്ട് പ്രയോജനപ്രദമായ എന്തെങ്കിലും ഉണ്ടായാൽ കൊള്ളാമെന്ന് ആകാംക്ഷയോടുകൂടി ഇരിക്കുന്നവരാണ് കർഷകർ. ഈ കാര്യങ്ങളെ സംബന്ധിച്ചുള്ള സ്ഥിതിവിവരകണക്കുകളൊന്നും കർഷകരുടെ കയ്യിൽ പ്രതീക്ഷിക്കാൻ നിവൃത്തിയില്ല. കൃഷി ഡിപ്പാർട്ടുമെൻറും റവന്യൂഡിപ്പാർട്ടുമെൻറും, യൂണിവേഴ്സിററിയും കാർഷികഗവേഷണങ്ങളെ കുറിച്ചും മററും ചില സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചിട്ടുണ്ട്. എങ്കിലും കൃഷി ഡിപ്പാർട്ടുമെൻറ ഇന്നു കുത്തഴിഞ്ഞ പുസ്തകംപോലെ കുറെ ഉദ്യോഗസ്ഥന്മാക്ക് ശമ്പളം കൊടുക്കാനുള്ള ഒന്നായി മാത്രം പരിണമിച്ചിരിക്കുകയാണ്. കൃഷിഡിപ്പാർട്ടുമെൻറിൻെറ നേതൃത്വത്തിൽ ചില സ്ഥലങ്ങളിൽ ഡെമാൺസ്ട്രേഷൻസ് നടത്തുന്നതായി പറയപ്പെടുന്നു. എന്നാൽ വടക്കൻതിരുവിതാംകൂറിൽ ഞങ്ങൾ അതു കണ്ടിട്ടില്ല. വലിയ ചെലവോടുകൂടിയും എന്നാൽ യാതൊരു പ്രയോജനവുമില്ലാതെയുമാണ് ഈ ഡെമാൺസ്ട്രേഷൻസ് നടത്തുന്നത്. ഞാൻ ഡെമാൺസ്ട്രേഷൻസ് വേണ്ടെന്നു പറയുന്നില്ല. എന്നാൽ അതുകൊണ്ട് നാട്ടുകാക്ക് എന്തെങ്കിലും പ്രയോജനമുണ്ടാകണം. കൃഷിയെ സംബന്ധിച്ചുള്ള പൂർണ്ണവിവരങ്ങൾ ഡെമാൺസ്ട്രേഷൻസ് മുഖാന്തിരം കൃഷിക്കാക്ക് ലഭിക്കണം. ഡാക്ടർ കുഞ്ഞൻപിള്ള ഈ ഡിപ്പാർട്ടുമെൻറിൻെറ അദ്ധ്യക്ഷനായിരുന്ന കാലത്ത് കർഷകമിത്രമാസിക എന്ന പേരിലുള്ള ഒരു മാസിക ഡിപ്പാർട്ടുമെൻറിൽനിന്നും നടത്തിവന്നിരുന്നു. അതിൽ കൃഷിയെ സംബന്ധിച്ചുള്ള പല വിവരങ്ങളും അടങ്ങിയിട്ടുണ്ടായിരുന്നു. അങ്ങനെയൊരു മാസിക പുറപ്പെടുവിച്ചതുകൊണ്ടുമാത്രം എല്ലാം ശരിയാകുമെന്നു ഞാൻ പറയുന്നില്ല. എങ്കിലും അത്രത്തോളമെങ്കിലും ചെയ്യുന്നുണ്ടായിരുന്നു. ഇന്ന് അങ്ങനെ ഒരു മാസിക പുറപ്പെടുവിച്ചാൽ കൃഷിക്കാർ അത് വാങ്ങിക്കുമോ ഇല്ലയോയെന്ന് തീർച്ച പറയുവാൻ സാധിക്കുകയില്ല. എങ്കിലും അത്രയും ഒരു ഉപയോഗം ഉണ്ട്. ദിനപ്പത്രങ്ങൾ വർദ്ധിച്ചുവരുന്ന ഇക്കാലങ്ങളിൽ അങ്ങനെ ഒരു പ്രത്യേകമാസിക ഇല്ലെങ്കിലും പത്രങ്ങളിൽവേണ്ട പ്രസിദ്ധീകരണങ്ങൾ നടത്തുന്നത് ഏതായാലും നല്ലതാണെന്നാണ് എൻെറ അഭിപ്രായം. എന്തായാലും കർഷകരെ പൊതുവിൽ ബാധിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ഉപദേശിക്കാൻ കൃഷിഡിപ്പാർട്ടുമെൻറിനു പൂർണ്ണമായ ചുമതലയുണ്ട്. ഈ കാര്യങ്ങൾ ഈ ഡിപ്പാർട്ടുമെൻറ ചുമതലയായി ഏറെറടുക്കണമെന്നു എനിക്ക് ഖണ്ഡിതമായ അഭിപ്രായമുണ്ട്. മൂവാററുപുഴ ഒരു ഡിവിഷൻ അഗ്രി

[ശ്രീ. എം. വി. ചെറിയാൻ]

കൾച്ചറൽ ഇൻസ്പെക്ടറുടെ ആഫീസ് ഉണ്ടെന്ന് ഞാൻ നേരത്തെ പറഞ്ഞല്ലോ. അവിടെ നിന്നും കഴിഞ്ഞ അഞ്ചാറുമാസക്കാലമായി കർഷകർക്ക് യാതൊരു വളവും കിട്ടുന്നില്ല. എന്റെ അന്വേഷണത്തിൽനിന്നും മനസ്സിലാകുന്നതു് വളം കൊണ്ടുവരുന്നതിനുള്ള ഏജൻസി തിരുവനന്തപുരത്തുകാരനാണെന്നും, ആലുവായിൽനിന്നും വളം കൊണ്ടുവരുവാൻ നഷ്ടമുണ്ടെന്നു വിചാരിച്ചാണ് അയാൾ കൊണ്ടുവരാത്തതെന്നും ആണ്. ഇതിനെ സംബന്ധിച്ചാണെങ്കിൽ ഇൻസ്പെക്ടർക്കു യാതൊരു അധികാരവുമില്ല. ഏകദേശം മുപ്പതോ നാൽപ്പതോ ക്ലാർക്കന്മാർ ഡയക്ടറുടെ ആഫീസിലുള്ളതായി ബഡ്ജററിൽ കാണുന്നുണ്ട്. കാര്യമായി യാതൊന്നും പ്രവൃത്തിക്കാത്ത ഈ ഡയറക്ടറുടെ ആഫീസിൽ ഇത്ര ക്ലാർക്കന്മാരുടെ ആവശ്യം എന്താണെന്ന് എനിക്കു മനസ്സിലാകുന്നില്ല. ഇറിഗേഷൻ മുതലായ കാര്യങ്ങൾ ഈ ഡിപ്പാർട്ടുമെൻറിൽത്തന്നെ ഏൽപ്പിച്ചു ഡിപ്പാർട്ടുമെൻറ കുറെക്കൂടി കാര്യക്ഷമമായവിധം നടത്തണമെന്നാണ് എന്റെ അഭിപ്രായം. ഇവിടെ ഒരു ലാൻറഡെവലപ്പ്മെൻറ ആഫീസർ ഉണ്ട്. ഈ രാജ്യത്തിന് ആവശ്യമുള്ള തരത്തിൽ എന്തെങ്കിലും പ്രവൃത്തിക്കുന്നതായിട്ട് അറിയുന്നില്ല. വളത്തിൽ കെമിക്കൽസ് കലർത്തി ശുദ്ധീകരിക്കുന്നതിനുള്ള പദ്ധതി അദ്ദേഹത്തിന്റെ കൈവശമില്ല. അങ്ങനെ വേണമെന്നുണ്ടെങ്കിൽ മണ്ണു് യൂണിവേഴ്സിററിക്കു അയച്ചു കൊടുക്കണം. ഞാൻ ഇതിനെക്കുറിച്ചു് അവിടത്തെ ഇൻസ്പെക്ടരോടു അന്വേഷിച്ചു. അദ്ദേഹത്തിനും അറിഞ്ഞുകൂടാ. ഈ കാര്യങ്ങളെപ്പററി അറിയുവാൻ സാധിക്കുന്നില്ലെങ്കിൽ, കർഷകർക്ക് ആവശ്യമുള്ള ഉപദേശങ്ങൾ നൽകുവാൻ സാധിച്ചില്ലെങ്കിൽ, ഈ ഡിപ്പാർട്ടുമെൻറിനെ പൊതുമുതലിൽനിന്നും പണം ചെലവാക്കുന്നതിനെക്കാൾ നല്ലതു് ഇതു വേണ്ടെന്നുവയ്ക്കുകയായിരിക്കും. ശരിയായ വളം കർഷകന് ഏററവും അത്യാവശ്യമുള്ള ഒന്നാണെന്നു ഞാൻ പറയണമെന്നില്ലല്ലോ. വടക്കൻതിരുവിതാംകൂറിലും തെക്കൻതിരുവിതാംകൂറിലും സ്ഥിതിഗതികൾക്ക് അല്പം വ്യത്യാസമുണ്ട്. വടക്കൻതിരുവിതാംകൂറിലെ മണ്ണിന് യോജിച്ചവളം ബോൺമീലാണ്. അതുമാത്രം അവിടെ കിട്ടുന്നില്ല. മററ പ്രദേശങ്ങളിൽ അതായതു് അതു് ആവശ്യമില്ലാത്ത സ്ഥലങ്ങളിൽ കിട്ടുന്നുമുണ്ട്. വടക്കൻപ്രദേശങ്ങളെ സംബന്ധിച്ചു് വേറൊരു കാര്യമുള്ളതു്, കിട്ടുന്ന വളംതന്നെ സമയത്തിനു കിട്ടുന്നില്ല എന്നാണ്. കൃഷി ഇറക്കാൻ നേരത്തോ മറേറാ ആണ് അതു കിട്ടുന്നതു്.

ശ്രീ. എൻ. പി. വർഗീസ് : വളം എപ്പോഴെല്ലാമാണ് ആവശ്യം?

ശ്രീ. എം. വി. ചെറിയാൻ : ഒന്നു് മീനമാസത്തിൽ; മറെറാന്നു് ചിങ്ങമാസത്തിൽ. മീനമാസത്തേയ്ക്കു് ആവശ്യമുള്ള വളം കിട്ടുന്നതു് കർക്കടകത്തിലായിരിക്കും. അതുപോലെതന്നെ ചിങ്ങമാസത്തിൽ ആവശ്യമുള്ള വളം കിട്ടുന്നതു് ചിലപ്പോൾ ധനു, മകരം ഈ മാസങ്ങളിലായിരിക്കും. ഈ കാര്യത്തിലും ഡിപ്പാർട്ടുമെൻറ ശ്രദ്ധിക്കുന്നതു് നന്നായിരിക്കും. വളം വിതരണം നടത്തുന്നതു് ഏതെങ്കിലും വിസ്തീർണ്ണമായ ഒരു താലൂക്കിന്റെ മദ്ധ്യഭാഗത്തായതുകൊണ്ട് യാതൊരു പ്രയോജന

വുമില്ല. വളം വിതരണം പകുതിതോറും നടത്തേണ്ടതു് അത്യാവശ്യമാണു്. എന്റെ നിയോജകമണ്ഡലത്തിൽ ഒരു വളം ഡിപ്പോ വേണമെന്നു് പല തവണയും അവിടെയുള്ള ആളുകൾ പരാതിപ്പെട്ടിട്ടുണ്ടു്. ഇതുവരെയും അതിൽ യാതൊരു നടപടിയും എടുത്തുകണ്ടില്ല. ഒന്നു രണ്ടു ചെറിയ കാര്യങ്ങൾകൂടി പറഞ്ഞിട്ടു് ഞാൻ അവസാനിപ്പിക്കാം. വടക്കൻ തിരുവിതാംകൂറിനും തെക്കൻതിരുവിതാംകൂറിനും കൃഷിയുടെ കാര്യത്തിൽ ഒരു ചെറിയ വ്യത്യാസം ഉണ്ടു്. വടക്കൻ താലൂക്കുകളിലാണെങ്കിൽ മതിൽ കെട്ടുക, കയ്യാലവയ്ക്കുക മുതലായ കാര്യങ്ങൾ ഏററവും അത്യാവശ്യമാണു്. കന്നുകാലികളുടെ ഉടമസ്ഥന്മാർ അവയെ വെറുതെ അഴിച്ചുവിടുന്നതുകൊണ്ടു് കൃഷിക്കു് ഗണ്യമായ നാശം സംഭവിക്കുന്നു. അതിനാണു് ഇങ്ങനെ വേലികെട്ടുന്നതു്. വടക്കൻതാലൂക്കുകളിൽ ഇതു് കൃഷിചെയ്യുന്നവന്റെ ആവശ്യമാണു്. എന്നാൽ തെക്കൻ താലൂക്കുകളിലാണെങ്കിൽ കന്നുകാലികളുടെ ഉടമസ്ഥനാണു് കന്നുകാലികൾ അങ്ങനെ വിളവുനശിപ്പിക്കാതെ സൂക്ഷിക്കേണ്ടതു്. അതിനു ഞാൻ കാണുന്ന ഒരു ഉപായം പകുതിതോറും ഓരോ പൗണ്ടു് സ്ഥാപിക്കുകയെന്നതാണു്. ഓരോ ഗ്രാമങ്ങളിലും ഇങ്ങനെ പൗണ്ടു് സ്ഥാപിക്കുന്നപക്ഷം വേലി കെട്ടുന്നതിൽനിന്നും കൃഷിക്കാരനു് രക്ഷപ്പെടാവുന്നതാണു്. വടക്കൻ താലൂക്കുകളിലാണു് മണിക്രോപ്പു് ഉള്ളതു്. അവയാണു് നമ്മുടെ രാജ്യത്തിനു മുതലെടുപ്പു വർദ്ധിപ്പിക്കുന്നതു്. റബ്ബർ, കുരുമുളകു്, ഇഞ്ചി, പുൽതൈലം മുതലായവ വടക്കൻ താലൂക്കുകളിലാണു് ഉണ്ടാകുന്നതു്. ഒരു കാര്യം ഗവണ്മെന്റിനെ അനുസ്മരിപ്പിക്കേണ്ട ആവശ്യമുണ്ടു്. വടക്കൻ തിരുവിതാംകൂറിനെ ഏതു കാര്യത്തിൽനിന്നും ഒഴിച്ചുനിറുത്തി അവഗണിക്കുന്നതായിട്ടാണു് കണ്ടുവരുന്നതു്. വടക്കൻതാലൂക്കുകളിൽ കമ്മ്യൂണിററിപ്രോജക്റ്റില്ല. വല്ലതും പദ്ധതികൾ എപ്പോഴെങ്കിലും തുടങ്ങുകയാണെങ്കിൽ ഒന്നുകിൽ ഈ രാജ്യത്തിന്റെ തെക്കേ അററത്തായിരിക്കും. അല്ലെങ്കിൽ വടക്കേ അററത്തായിരിക്കും. വടക്കൻതിരുവിതാംകൂറിൽ ഉള്ളവർക്കു് വളരെ വൈഷമ്യങ്ങൾ അനുഭവിക്കേണ്ടതായി വരുന്നു. ദേവികുളം മുതലായ സ്ഥലങ്ങളിൽ വിദ്യുച്ഛക്തിയുടെ കാര്യം പറഞ്ഞപ്പോൾ അവിടെ ആൾ പാർപ്പു് അധികം ഇല്ലെന്നും മററും പറയുകയുണ്ടായി. അവിടെ ജനങ്ങൾ തിങ്ങിപാർക്കുകയാണെന്നു ഞാൻ കാണിച്ചുകൊടുക്കാം. ഞങ്ങളുടെ താലൂക്കുകളിൽ വിദ്യുച്ഛക്തി ഇല്ലെന്നു പറഞ്ഞപ്പോൾ ആലുവായിൽനിന്നും നിങ്ങളുടെ തലയ്ക്കുമുകളിൽ കൂടിയാണു് എലക്ട്രിസിററി വരുന്നതെന്നും മററും പറയുന്നുണ്ടു്. ഏതായാലും വടക്കൻ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റിന്റെ ശ്രദ്ധ കാര്യമായി പതിയണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. ഇ. കൃഷ്ണൻനായർ : സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിൽ പതിനെട്ടുലക്ഷത്തോളം രൂപാ കൃഷിഡിപ്പാർട്ടുമെന്റിലേക്കു നീക്കിവച്ചിട്ടുള്ളതായി കാണാവുന്നതാണു്. ഈ കൊല്ലം ൧,൯ ൦, ൦ ൦൦ രൂപ ഇതിൽനിന്നും വരവു് പ്രതീക്ഷിക്കുന്നുണ്ടെന്നു് ബഡ്ജററിൽനിന്നു കാണുന്നുണ്ടു്. അതായതു് വരവിന്റെ ഏകദേശം ഒൻപതു മടങ്ങാണു് ഈ ഡിപ്പാർട്ടുമെന്റിന്റെ ചെലവിനായി കൊള്ളിച്ചിരിക്കുന്നതു്. കൃഷിക്കാർക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു ഡിപ്പാർട്ടുമെന്റാണു് കൃഷിഡിപ്പാർട്ടുമെന്റു്. നമ്മുടെ രാജ്യത്തു് അധിവസിക്കുന്ന ജനങ്ങളിൽ

[ശ്രീ ഇ. കൃഷ്ണൻ നായർ.]

അധികഭാഗവും കർഷകരായതുകൊണ്ടു് ഈ ഡിപ്പാർട്ടുമെൻറിനുവേണ്ടി ഒരു വമ്പിച്ച തുക ചെലവാക്കുന്നതിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. എന്നാൽ നമ്മുടെ കൃഷിഡിപ്പാർട്ടുമെൻറു കാർഷികാഭിവൃദ്ധിക്കുവേണ്ടി വല്ലതും പ്രവർത്തിക്കുന്നുണ്ടോയെന്നു നോക്കുകയാണെങ്കിൽ ഏററവും പ്രയോജനരഹിതമായ ഒരു ഡിപ്പാർട്ടുമെൻറാണു് ഇതു് എന്നു കാണാവുന്നതാണു്. ഇതിനെ സംബന്ധിച്ചു് പല കാര്യങ്ങളും ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ടു്. അതിൽ ഇതുവരെ സ്പർശിക്കപ്പെടാത്ത ഒരു ഭാഗം സംബന്ധിച്ചു മാത്രമാണു് ഞാൻ ഇവിടെ പറയാൻ പോകുന്നതു്. ഈ ഡിപ്പാർട്ടുമെൻറിൽനിന്നും കർഷകർക്കുവേണ്ടി മാതൃകാകൃഷിത്തോട്ടങ്ങൾ രാജ്യത്തിൻെറ നാനാഭാഗങ്ങളിലും സ്ഥാപിച്ചു് നടത്തിവരുന്നുണ്ടു്. അങ്ങനെയുള്ള കൃഷിത്തോട്ടങ്ങൾ കാണുവാനുള്ള നിർഭാഗ്യം എനിക്കും ഉണ്ടായി. കൊട്ടാരക്കരയും ഇങ്ങനെയുള്ള ഒരു മാതൃകാകൃഷിത്തോട്ടം ഉണ്ടു്. അവിടെ മുളകു്, മരച്ചീനി, ചേന മുതലായ മലക്കറി സാധനങ്ങളാണു് കൃഷി ചെയ്യുന്നതു്. ഞാൻ ഒരിക്കൽ അവിടെ ചെന്നു നോക്കിയപ്പോൾ ഇല കൊഴിഞ്ഞു് ശുഷ്കിച്ച ചില മുളകും വെണ്ടയും അവിടെയുള്ളതായി കണ്ടു. മറെറാരു ഭാഗത്തു് കൊട്ടാരക്കരതാലൂക്കിൽ വേറൊരു ഭാഗത്തും കാണാൻ സാധിക്കാത്ത വിധത്തിൽ അത്ര മെലിഞ്ഞ മരച്ചീനിക്കമ്പുകളാണു് കണ്ടതു്. ഇത്തരത്തിലുള്ള മാതൃകാതോട്ടങ്ങൾകൊണ്ടു് എന്തുപകാരമാണു് ഉള്ളതെന്നു ഞാൻ ചോദിക്കുന്നു.

കൃഷ്ണപുരത്തു ഒരു തെങ്ങിൻതോട്ടം മാതൃകാപരമായി ഉണ്ടാക്കിയിട്ടുണ്ടു്. അവിടെ കായലോരങ്ങളിലും മററും നിൽക്കുന്ന തെങ്ങുകൾക്കു പിടിപെടുന്ന രോഗങ്ങൾ എങ്ങനെ മാററാമെന്നു കൃഷിക്കാർക്കു മനസ്സിലാക്കിക്കൊടുക്കുവാനായിട്ടാണു് ആ കൃഷിത്തോട്ടം കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും നടത്തിപ്പോന്നതു്. എന്നാൽ ആ തോട്ടത്തിലുള്ള തെങ്ങുകളിൽ ഒരൊററ കായു് പോലും ഉള്ളതായി എനിക്കു കാണുവാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : ആ തോട്ടത്തിനു ഈ ഗവണ്മെൻറിൽനിന്നുമല്ല പണം ചെലവാക്കിയിട്ടുള്ളതെന്നറിയാമോ?

ശ്രീ. ഇ. കൃഷ്ണൻനായർ : കൃഷിഡിപ്പാർട്ടുമെൻറാണു അതു ഉണ്ടാക്കിയതെന്നു മാത്രം എനിക്കറിയാം.

അതുകൊണ്ടു മാതൃകാപരമായ തോട്ടങ്ങളാണു ഉണ്ടാകേണ്ടിയിരിക്കുന്നതെന്നുള്ള കാര്യം ഈ സഭയുടെ മുൻപിൽ വയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

തെങ്ങുകളുടെ രോഗം മാററുവാൻവേണ്ടി റിസർച്ചു് അസോസിയേഷൻെറ ആഭിമുഖ്യത്തിൽ ഒരു ഉപാധി തിരുവിതാംകൂറിൽ പ്രയോഗിച്ചു നോക്കുകയുണ്ടായി. ഫ്രാൻസിൽ അവിടെയുള്ള മുന്തിരികൃഷിക്കു് പല രോഗങ്ങളും ഉണ്ടാകാറുണ്ടു്. ആ രോഗങ്ങൾക്കു് പററിയ ഒരു മരുന്നാണു് ബോർണോ മിക്സ്ച്ചർ. അതു് ഇവിടെയുള്ള തെങ്ങുകളുടെ രോഗം മാററുന്നതിനു ഉപയോഗിച്ചാൽ രോഗം ഭേദപ്പെടുമെന്നു ഉപദേശിച്ചതനുസരിച്ചാണു് ഞങ്ങളുടെ ദിക്കിലുള്ള കൃഷിക്കാരെല്ലാം അതിനു പണം ചെലവാക്കിയതു്. അങ്ങനെ രണ്ടുമൂന്നുതവണ പരീക്ഷിച്ചതിൻെറ ഫലമായി

അവിടെ ഉണ്ടായിരുന്ന ഏതാനും തെങ്ങിൻതൈകൾ നശിക്കുകയാണ ണ്ടായത്. ഈ തരത്തിൽ നിഷ്ഫലമായ പരീക്ഷണങ്ങളാണ് നമ്മുടെ കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും നടക്കുന്നതെന്നുള്ള സംഗതി ഈ സഭയെ വ്യസനസമേതം അറിയിക്കേണ്ടിവന്നിരിക്കുന്നു.

ശ്രീ. എം. വി. ചെറിയാൻ: ബോർഡോ മിക്സ്ച്ചർ തളിച്ചതു കൊണ്ടോ അതോ പുഴുക്കൾ കടിക്കുന്നതുകൊണ്ടോ എങ്ങിനെയാണ തെങ്ങിൻതൈകൾ മോശമായത് എന്ന് പറയാമോ?

ശ്രീ. ഇ. കൃഷ്ണൻനായർ: മരുന്നു തളിച്ചതിൻെറ ഫലമാണോ മററ വല്ല കാരണങ്ങളാലുമാണോയെന്നു പറയുന്നതിനുള്ള ശാസ്ത്രീയപരി ജ്ഞാനം എനിക്കില്ല.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: വിദഗ്ദ്ധോപദേശമനുസരി ച്ചാണോ ബോർഡോമിക്സ്ച്ചർ ഉപയോഗിച്ചതു്?

ശ്രീ. ഇ. കൃഷ്ണൻനായർ: വിദഗ്ദ്ധാഭിപ്രായമനുസരിച്ചാണ്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു കാരണം എല്ലാ തെങ്ങു കളും നശിച്ചുപോയിട്ടുണ്ടോ?

ശ്രീ. ഇ. കൃഷ്ണൻനായർ: ഇല്ല. നാലഞ്ചെണ്ണം തീരെ നശിച്ചു പോയി.

ശ്രീ. കളത്തിൽ വേലായുധൻ നായർ: നശിക്കാത്ത തെങ്ങുകളുടെ നിലയെങ്കിലും അഭിവൃദ്ധിപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. കൃഷ്ണൻനായർ: ബാക്കി വളരെയൊക്കെ ഉള്ളതു് അങ്ങിനെതന്നെ നിൽക്കുന്നുണ്ട്. ഇനി എന്താണ വരുവാൻ പോകുന്ന തെന്നു അറിവില്ല.

ഏതായാലും ഈ തരത്തിൽ തീരെ അനാദായജ്യമല്ലാത്ത പ്രവൃത്തി യാണ് കൃഷി ഡിപ്പാർട്ടുമെൻറ നടത്തുന്നതെന്നു പറയാതെ നിവൃത്തിയില്ല. നമ്മുടെ രാജ്യത്തെ കൃഷിയുടെ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കുവാൻ വിദഗ്ദ്ധന്മാരായ ആളുകൾ ഈ സംസ്ഥാനത്തിലുണ്ടാകണമെന്നുള്ളതിനു യാതൊരു പക്ഷാന്തരവുമില്ല. അവരെ ഈ കാര്യത്തിൽ പ്രോത്സാഹിപ്പി ച്ചാൽ നന്നായിരിക്കും.

ഇതു കൂടാതെ ഒരു സംഗതി എനിക്കു പറയുവാനുണ്ട്. നമ്മുടെ രാജ്യത്തു കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനു ഇപ്പോൾ നിലവിലിരിക്കുന്ന കുടിയാനസമ്പ്രദായം വളരെ വിഘാതമായി നിൽക്കുന്നുവെന്നുള്ളതു് ഒരു വാസ്തവമാണ്. നമ്മുടെ നാട്ടിൽ അനവധി സ്ഥലങ്ങളിൽ കൃഷിചെയ്തു ജീവിക്കുന്നവർ അധികവും പാവപ്പെട്ട കൃഷിക്കാരാണ്. എന്നാൽ കൃഷി ചെയ്യുന്ന ഭൂമിയിൽ അവക്കു സ്ഥായിയായ അവകാശം കിട്ടുന്നില്ലെന്നു മാത്രമല്ല, അവരുടെ പക്കൽനിന്നും ജന്മിമാരും ഇടവകക്കാരും വൻപാട്ടം പിരിച്ചുപോരുന്നുമുണ്ട്. കഷ്ടപ്പെട്ടു ഭൂമിയിൽ കൃഷി ചെയ്യുന്നവർക്ക് ഭൂമിയിന്മേലുള്ള അവകാശം നിശ്ചയിക്കാത്തതുകൊണ്ടും ജന്മിമാരും ഇട വകക്കാരും ആ കൃഷിഭൂമികളെല്ലാം അവരുടെ കൈയ്യിൽ നിന്നും എടുത്തു കളയുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നതുകൊണ്ടുമാണ് അവർ ശരി യായി വളം ചേർക്കാതെയും കൃഷി അഭിവൃദ്ധിപ്പെടുവാനുള്ള മാറ്റങ്ങളിൽ

[ശ്രീ. ഇ. കൃഷ്ണൻനായർ]

പ്രവർത്തിക്കാതെയും അശ്രദ്ധരായി കാണപ്പെടുന്നതു്. അതിനാൽ ഓരോ കൃഷിക്കാരനും അവനവന്റെ കൈവശമുള്ള ഭൂമിയിൽ സ്ഥായിയായ അവകാശം ഉണ്ടായിരിക്കത്തക്ക വിധത്തിൽ ആവശ്യമായ ഒരു നിയമം ഗവണ്മെന്റിൽ നിന്നുണ്ടാക്കിയാൽ മാത്രമേ കൃഷിക്കാർ കൃഷിയിൽ യഥാർത്ഥ താൽപര്യമുള്ളവരായിരിക്കുകയുള്ളൂ.

ശ്രീ. ആർ. കേശവപിള്ള: ബഹുമാനപ്പെട്ട മെമ്പറുടെ കൈയ്യിൽ വല്ല കൃഷിഭൂമികളും ഇരിപ്പുണ്ടോ?

Mr. Speaker: The question is not very relevant.

ശ്രീ. ഇ. കൃഷ്ണൻ നായർ: ഇനി വേറെ ഒരു സംഗതി പറയുവാനുള്ളതു് ഭൂമി തുണ്ടുതുണ്ടായി പോകുന്നതുകൊണ്ടു് കൃഷിയുടെ ഗുണം കുറഞ്ഞു കാണുന്നതിനെപ്പററിയാണു്. ഒന്നാമതു് ഇങ്ങനെ ചെറിയ ചെറിയ തുണ്ടുകളായി ഭൂമി വിഭജിച്ചതുകൊണ്ടു് കൃഷിഭൂമികളുടെ വിസ്തൃതി തീരെ കുറഞ്ഞുപോയിരിക്കുന്നു. അതിൽ ഗണനീയമായ ഒരു ഭാഗം വരമ്പിനു വേണ്ടിത്തന്നെ പോകുന്നുണ്ടു്. അതുകൊണ്ടു് കൃഷിയുടെ ഫലം വളരെ കുറച്ചേ ഉണ്ടാകുന്നുള്ളൂ. കൃഷി ഈ നാട്ടിൽ അഭിവൃദ്ധിപ്പെടണമെന്നുണ്ടെങ്കിൽ ചെറിയ ചെറിയ തോതിൽ ഭൂമി വിഭജിക്കുന്ന സമ്പ്രദായം എടുത്തുകളഞ്ഞു് സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്യുവാനുള്ള ഏർപ്പാടുകൾ ചെയ്യണം. ഓരോ ഗ്രാമങ്ങളിലും സഹകരണസംഘങ്ങൾ സ്ഥാപിച്ചു് അതു മുഖാന്തിരം കൃഷി നടത്തുന്നതിനു ഗവണ്മെന്റ് മുൻകൈ എടുത്തു പ്രവർത്തിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: എനിക്കു മുമ്പു് ഇവിടെ സംസാരിച്ച മാന്യൻ പറയുകയുണ്ടായി, ഈ കൃഷിഡിപ്പാർട്ടുമെന്റിനു വേണ്ടി ചെലവുചെയ്യുന്ന പണം വെറും അനാവശ്യച്ചെലവാണെന്നു്. അതു് തികച്ചും ശരിയാണു്. നമ്മുടെ ബഡ്ജററിൽ ആകെ വരവിൽ ഒരു ശതമാനം കൃഷിഡിപ്പാർട്ടുമെന്റിനു വേണ്ടി ചെലവു ചെയ്യുന്നുണ്ടു്. കർഷകപ്രാധാന്യമുള്ള ഒരു രാജ്യത്തു് വളരെ പ്രാധാന്യമായി കണക്കാക്കേണ്ട ഒന്നാണു് കൃഷിഡിപ്പാർട്ടുമെന്റ്. എന്നാൽ ഇവിടെ ആ ഒരു ഡിപ്പാർട്ടുമെന്റിനു വേണ്ടി വരവിൽ നൂറിലൊരംശം; അതായതു് പതിനേഴ ലക്ഷം രൂപയോളം ആണു് നീക്കിവച്ചിട്ടുള്ളതു്. എന്റെ അഭിപ്രായത്തിൽ ഇങ്ങനെ ആഗ്രിക്കൾച്ചർ മാത്രം ഒരു ഡിപ്പാർട്ടുമെന്റായി നടത്തുന്നതു് തെററാണു്. ഇതിനു മുമ്പു് ഇവിടെ ആഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റിനോടു ചേർത്തുതന്നെ വെറററിനറി ഡിപ്പാർട്ടുമെന്റും മൈനർ ഇറിഗേഷനും നടത്തിക്കൊണ്ടുപോവുക പതിവായിരുന്നു. അടുത്തകാലത്താണു് കൊച്ചിയിൽ വെറററിനറി ഡിപ്പാർട്ടുമെന്റ് ആഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റിൽ നിന്നു മാററിയതു്. ഇവ രണ്ടും പ്രത്യേകം പ്രത്യേകം നടത്തിക്കൊണ്ടുപോയാൽ അനേകം വിഷമങ്ങൾ നേരിടും. തൃശ്ശൂരിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അവിടെയുള്ള സെൻട്രൽ ഫാറത്തിൽ ഇന്നു് അങ്ങേ അററത്തെ അനാസ്ഥയുള്ളതായിട്ടു കാണുന്നുണ്ടു്. ഈ ഫാറം അതിന്റെ നല്ലകാലത്തു കണ്ടാൽ വാസ്തവത്തിൽ ആർക്കും കൗതുകം തോന്നുമായിരുന്നു. ഫാറത്തിന്റെ അഭിവൃദ്ധിക്കു വേണ്ടി പണം സൌകര്യംപോലെ ചെലവു ചെയ്യുന്നതിനു ശരിയായി

പ്രവർത്തിക്കുന്നതിനും ഇന്നു വളരെ വൈമുഖ്യം കാണിക്കുന്നുണ്ടെന്നു് ആർക്കും കാണുവാൻ കഴിയും. മാത്രമല്ല, അവിടെ വെററിനറി ഡിപ്പാർട്ടുമെൻറും അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെൻറും തമ്മിൽ ഒരു ഗുസ്തിയാണു് നടക്കുന്നതെന്നും രണ്ടുകൂട്ടരും തമ്മിൽ മത്സരവും വടംവലിയുമാണു് നടക്കുന്നതെന്നുമുള്ളതു് ഒരു അന്വേഷണം നടത്തിയാൽ ഗവണ്മെൻറിനു ബോദ്ധ്യമാകുന്നതാണു്.

തൃശ്ശൂർ സെൻട്രൽ ഫാറത്തിൽ കഴിഞ്ഞ അഞ്ചാറുമാസമായിട്ടു് അവിടത്തെ ജോലിക്കാർക്കു ശമ്പളം കൊടുത്തിട്ടില്ലെന്നും പ്രധാനപ്പെട്ട പല പണികളും അവിടെ നടത്തുവാനുള്ളതുകൊണ്ടു് സമയത്തിനു പണം കിട്ടാത്തതുമൂലം യാതൊന്നുംതന്നെ ചെയ്യുവാൻ സാധിക്കുന്നില്ലെന്നും അറിയുന്നു. ഈ സെൻട്രൽ ഫാറത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിനു ലാഭമാണോ നഷ്ടമാണോ ഉള്ളതെന്നു ഈ ബഡ്ജററു കണക്കുകൊണ്ടു് കാണുവാൻ കഴിയുന്നില്ല.

കൃഷിഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ കൃഷിക്കാരുമായി ബന്ധപ്പെട്ട യാതൊന്നും ഈ ഡിപ്പാർട്ടുമെൻറു ചെയ്യുന്നില്ല. ചില സ്ഥലങ്ങളിൽ വളം കൊടുക്കുന്നുണ്ടു്. ചില സ്ഥലങ്ങളിൽ ചില പണിയായുധങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നുണ്ടു്. അതെല്ലാം കൃഷിക്കാർ വാങ്ങുന്നുമുണ്ടു്. ഡിപ്പാർട്ടുമെൻറിൽ നിന്നും കൊടുക്കുന്ന ആവക സാധനങ്ങൾക്കു വാസ്തവത്തിൽ വിലക്കൂടുതലും ഗുണം കുറവുമാണു്. ആ മാതിരി സാധനങ്ങൾ നല്ലതു വേറെയും ധാരാളം വാങ്ങുവാൻ കിട്ടുമെങ്കിലും, ഗവണ്മെൻറിൽ നിന്നു വിൽപ്പന നടത്തുന്ന പണിയായുധങ്ങൾ വളരെ വേഗം കേടു വരുന്ന സാധനങ്ങളാണു്. സാധുക്കളായ കൃഷിക്കാർക്കു് ഏതെങ്കിലും സഹായങ്ങൾ കൂടുതലായി കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ടു് അവർ അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെൻറിലെ ജോലിക്കാരോടാവശ്യപ്പെട്ടാൽ അതു ചെയ്തുകൊടുക്കുന്നതിനു അവർക്കധികാരമില്ല. അവിടെ ഒന്നോ രണ്ടോ ക്ലാർക്കുമാരും ഒരു ഇൻസ്പെക്ടറും മാത്രമേയുള്ളു. ഡിപ്പാർട്ടുമെൻറിൻെറ ഏററവും അടിത്തട്ടിൽ കിടക്കുന്ന ആളുകൾക്കു് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം എന്തു ചെയ്യുവാൻ കഴിയും. അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെൻറിൽ നിന്നും ഫലപ്രദമായി ചെയ്യേണ്ട യാതൊന്നും തന്നെ അവർക്കു ചെയ്യുവാൻ കഴിയുന്നില്ല. തൃശ്ശൂർ ഇരിങ്ങാലക്കുട മുതലായ പട്ടണങ്ങളെ സംബന്ധിച്ചിടത്തോളം തൃശ്ശൂരുള്ള ഒരാൾക്കു് ഏതെങ്കിലും നിസ്സാരമായ ഒരു സഹായം കിട്ടുവാൻ പോലും തിരുവനന്തപുരത്തിരിക്കുന്ന ഡയറക്ടറുടെ അടുത്തു വരേണ്ടിയിരിക്കുന്നു. കൃഷി, വെററിനറി ഡിപ്പാർട്ടുമെൻറുകളുടേ രണ്ടിൻേറയും യോജിച്ചുള്ള പ്രവർത്തനം നാട്ടുകാർക്കു കുറെയൊക്കെ നന്മക്കു വകയുണ്ടെങ്കിലും കൃഷിഡിപ്പാർട്ടുമെൻറു മിക്കവാറും ജനങ്ങളിൽ നിന്നും വളരെ അകന്നു ഒററപ്പെട്ടു കിടക്കുന്ന ഒന്നായിട്ടാണു് കാണപ്പെടുന്നതു്. കൃഷിഡിപ്പാർട്ടുമെൻറിൽ നിന്നും മൗലികമായ പല കാര്യങ്ങളും ചെയ്യേണ്ടതുണ്ടു്. കൃഷിക്കാർക്കു് വിത്തും വളവും കൊടുക്കുക എന്നുള്ളതു് ഏററവും പ്രാധാന്യമുള്ള ഒരു കാര്യമാണു്. അതു വാങ്ങുന്നതിനുള്ള കഴിവു കൃഷിക്കാർക്കുണ്ടാകണം. നേരേ മറിച്ചു് അങ്ങനെയുള്ള കഴിവു് കൃഷിക്കാർക്കു് ഇന്നില്ല എന്നുള്ളതാണു് പരമാർത്ഥം. അവർക്കു് കൃഷിക്കാവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിനു് കഴിവില്ലാതെ

[ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ.]

യിരിക്കുന്ന ഈ അവസരത്തിൽ നമ്മുടെ നാട്ടിൽ ഈ വിധത്തിൽ ഒരു അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെൻറ് വച്ചുകൊണ്ടിരിക്കുന്നതു് കേവലം അലങ്കാരത്തിനും ഭൂഷണത്തിനുംവേണ്ടി മാത്രമാണു്. വളം ആവശ്യമുള്ളവർക്കു് വളം വിതരണം ചെയ്യുന്ന സമ്പ്രദായം നോക്കിയാൽ കൃഷിക്കാർക്കു വളരെ നഷ്ടമാണുള്ളതെന്നു പറയാതെ തരമില്ല. കൃഷിഡിപ്പാർട്ടുമെൻറിൻെറ കീഴിൽ വളം വിതരണം ചെയ്യുന്നതുകൊണ്ടു് വേണ്ടത്ര പ്രയോജനവും കൃഷിക്കാർക്കു ലഭിക്കുന്നില്ല. അതുകൊണ്ടു് വളം വിതരണജോലി കൂടി സപ്ലൈ ഡിപ്പാർട്ടുമെൻറിനെ ഏൽപ്പിച്ചാൽ നന്നായിരിക്കും. അടുത്തകാലത്തു് ആ ഗവേഷണഫലമായി എന്തു നേട്ടമാണു് അവിടെയുള്ള കൃഷിക്കാർക്കുണ്ടായിട്ടുള്ളതെന്നു ഞാൻ ചോദിക്കുന്നു. നാട്ടുകാർക്കു് ഉപകാരമായ വിധം പുതിയതരം വിത്തുകൾ വളങ്ങൾ മുതലായവയുടെ കാര്യത്തിൽ എന്തെങ്കിലും ഒരു പുതിയ കണ്ടുപിടിത്തം ഉണ്ടായിട്ടുണ്ടെന്നു അഭിമാനത്തോടുകൂടി പറയുവാൻ ഈ ഡിപ്പാർട്ടുമെൻറിനു കഴിയുമോ എന്നു ഞാൻ ചോദിക്കുന്നു. ഇന്നു ലോകമൊട്ടാകെ നോക്കിയാൽ കൃഷിശാസ്ത്രസംബന്ധമായുള്ള ഗവേഷണഫലമായി അത്ഭുതകരമായും വിലയേറിയതും വമ്പിച്ച തോതിലുള്ളതുമായ പല പുതിയ കണ്ടുപിടിത്തങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു കാലമാണിതു്.

ശ്രീ. എൻ. പി. വർഗ്ഗീസ്: കായംകുളത്തുള്ള പാഡി റിസർച്ച് ഇൻസ്റ്റിറ്റ്യൂഷനിൽ പുതിയതരം വിത്തുകൾ കണ്ടുപിടിച്ചിട്ടുണ്ടെന്നറിയാമോ?

ശ്രീ. വി. കെ. കൃഷ്ണൻകുട്ടി വാര്യർ: ആ വിത്തിനെ സംബന്ധിച്ചു് ഞാൻ അത്ര ഗൗനിച്ചിട്ടില്ല. അതിൻെറ ഗുണദോഷങ്ങൾ എനിക്കു മനസ്സിലാക്കുവാനും കഴിഞ്ഞിട്ടില്ല. അങ്ങനെ കണ്ടുപിടിച്ചിട്ടുണ്ടെങ്കിൽ ആ പ്രയത്നത്തിൽ ഞാൻ അനുമോദിക്കുന്നു.

ഇവിടെ ഞാൻ പറഞ്ഞുകൊണ്ടുവന്നതു് അത്ഭുതാവഹമായ പല നേട്ടങ്ങളും ലോകത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നാണു്. ഇനിവിടെ ഭക്ഷണധാന്യങ്ങൾ വിളയിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ചെലവെത്ര, വരവെത്ര, വിളവെത്ര വർദ്ധിച്ചിട്ടുണ്ടു് എന്നു ചോദിച്ചതിനു 'കണക്കില്ല' എന്നാണു് മറുപടി പറഞ്ഞതു്. ഭക്ഷ്യോൽപ്പാദനത്തെ സംബന്ധിച്ചിടത്തോളം കണക്കുകളൊന്നും പറയുവാൻ നിവൃത്തിയില്ലെന്നാണു് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതു്.

കൃഷിയെ സംബന്ധിച്ചിടത്തോളം ഇറിഗേഷൻെറ കാര്യത്തിൽ പലതും ചെയ്തിട്ടുണ്ടെങ്കിലും ഈവക സംഗതികളിൽ ശരിയായ കണക്കുകൾ വെയ്ക്കേണ്ടതു് ഏററവും അത്യാവശ്യമാണു്.

സർ, അഗ്രിക്കൾച്ചറൽ റിസർച്ച് വർക്ക് നടത്തിയതിൻെറ ഫലമായി ചൈന, റഷ്യ മുതലായ രാജ്യങ്ങളിൽ അത്ഭുതാവഹമായ പല നേട്ടങ്ങളും ഉണ്ടായിട്ടുണ്ടു്. നമുക്കു് അവരിൽ നിന്നു മാതൃകയായി ത്രയോ കാര്യങ്ങൾ പഠിക്കേണ്ടിയിരിക്കുന്നു.

The House rose for lunch at 1 p. m. and re-assembled at 2 p. m. with Mr. Speaker in the Chair.

[2 P. M.]

ശ്രീ. പി. സദാശിവൻപിള്ള : സർ, ഭാവനാരഹിതമായി കൈകാര്യം ചെയ്യപ്പെട്ടുള്ള ഒരു ഡിപ്പാർട്ടുമെന്റിനെപ്പററിയാണ് ഇപ്പോൾ സംസാരിക്കാൻ ഞാൻ നിർബന്ധിതനായിരിക്കുന്നത്. ജനകീയഭരണത്തിന്റെ ആവിർഭാവത്തിനുശേഷം, ജനകീയത്തിന്റെ ഉന്മേഷപ്രസരം അല്പംപോലും വ്യാപരിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു ഡിപ്പാർട്ടുമെന്റിനെപ്പററിയാണ് ഞാൻ സംസാരിക്കുന്നത്. മാമൂലുകളുടെ പഴകിയ ചാലുകളിൽക്കൂടിത്തന്നെയാണ് ഈ ഡിപ്പാർട്ടുമെന്റിന്റെ സംവിധാനം ചരിച്ചുകൊണ്ടിരിക്കുന്നത്. വിശ്രമത്തിലേക്ക് കാലൂന്നിയിട്ടുള്ള ഒരു വകുപ്പധ്യക്ഷന്റെ പ്രവൃത്തിയെന്തെന്നു മനസ്സിലാക്കിയിട്ടില്ലാത്ത കുറെ കൃഷി ഇൻസ്പെക്ടറന്മാർ, ജനങ്ങൾ തിരിഞ്ഞുനോക്കിയിട്ടില്ലാത്ത കുറെ എക്സ്പെരിമെന്റൽ ഫാംസ് അങ്ങനെപോകുന്നു ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനവിധാനങ്ങൾ. എന്റെ ബഹുമാന്യസ്നേഹിതൻ, ശ്രീ നടരാജപിള്ള പറഞ്ഞതുപോലെ, നിയമസഭയുടെ അംഗങ്ങൾക്ക് ഈ ഡിമാന്റ പാത്രീഭവിപ്പിച്ചിട്ടില്ലാത്തതുകൊണ്ടായിരിക്കാം ഇതിന് ഈ പോരായ്മകൾ വന്നുപോയത്. ഈ ഡിമാന്റിൽ ൧൭ ലക്ഷത്തിൽപരം രൂപായാണ് കൊള്ളിച്ചിരിക്കുന്നതെങ്കിലും, യഥാർത്ഥത്തിൽ വളരെയധികം തുകകൾ വരുത്തിയിട്ടുള്ളതായി ബഡ്ജററ് പരിശോധിച്ചാൽ കാണാവുന്നതാണ്. ഗ്രോമോർഫുഡ്, വെറററിനറി, സൈന്റിഫിക് ഡിപ്പാർട്ടുമെന്റ്, ഫുഡ്പ്രൊഡക്ഷൻ, കോവാപ്പറേഷൻ എന്നീ ഇനങ്ങളിലെല്ലാംതന്നെ ഈ വകുപ്പുമായി ബന്ധമുള്ള കാര്യങ്ങൾക്ക് തുകകൾ കൊള്ളിച്ചിരിക്കുന്നത് കാണാവാൻ കഴിയും. എന്നാൽ അവയെല്ലാം പരസ്പരബന്ധമില്ലാതെ ശിഥിലീകരിച്ചു കിടക്കുകയാണ്. ഇന്ന് ഈ ഡിപ്പാർട്ടുമെന്റിന് ഏററവും ആവശ്യമായിട്ടുള്ളത് ഈ പ്രവർത്തനങ്ങളെല്ലാം പരസ്പരം ബന്ധപ്പെടുത്തി ഒരു സമൂലപരിവർത്തനം ഇതിന്റെ സംവിധാനത്തിൽ കൈവരുത്തുകയെന്നുള്ളതാണ്.

പുരോഗമനപരമായ രാജ്യങ്ങളിലെല്ലാംതന്നെ അഗ്രികൾച്ചറൽ എക്സ്റ്റൻഷൻസർവ്വീസ് ആരംഭിച്ചിട്ടുള്ളത് കാണാവാൻ കഴിയും. എക്സ്റ്റൻഷൻ എന്നു പറഞ്ഞാൽ ഞാൻ വായിച്ചു മനസ്സിലാക്കിയിട്ടുള്ള ഒരു നിർവ്വചനം ഇവിടെ വായിക്കാം.

> "Extension is simply the effort to put the vital information of the agricultural scientist, whether he be physical or social scientist, at the disposal of the farmer and his wife. It is a battle to narrow the gap between ever-increasing knowledge and practice. Extension, is, therefore, simply a word used to indicate the whole complex of activities which enter into a programme which is educational in its policy, its focus, its objectives and its methods."

അങ്ങനെ എക്സ്റ്റൻഷൻ എന്നു പറയുന്നത് ശാസ്ത്രീയഗവേഷണപുരോഗതിയും പ്രായോഗിക പ്രവർത്തനപരിമിതിയും തമ്മിലുള്ള വിടവു നികത്തുന്ന പ്രസ്ഥാനമാണ്. കർഷകന്റെ ജീവിതത്തിലേക്ക് ചുഴിഞ്ഞുചെന്ന് അവന്റെ കാർഷികവും ഗാർഹികവുമായ പ്രശ്നങ്ങളെപ്പററി അവനോടുതന്നെ സംസാരിച്ച്, അവനോടുകൂടി സഹകരിച്ച് വേണ്ട പരിഹാരങ്ങൾ തേടികൊടുക്കുന്നതിനാണ് ഇതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

[ശ്രീ. പി. സദാശിവൻപിള്ള]

ഈ പ്രവർത്തനത്തിന് ഏററവും ആവശ്യമായിട്ടുള്ളത് ഒരു കാർഷിക കാളേജാണ്. ഇവിടെ ഒരു യൂണിവേഴ്സിററിയും ഗവേഷണ ഇൗറകളും ഉണ്ടെങ്കിലും ഒരു കാർഷികകാളേജിന്റെ പ്രാധാന്യം മനസ്സിലാക്കി കാണാത്തതിൽ ഖേദിക്കുന്നു. ഇന്നലെ അഗ്രികൾച്ചറൽ സ്റ്റാററിസ്റ്റിക്സിനെപ്പററി ചില ചോദ്യങ്ങൾ ഇവിടെ ഉന്നയിച്ചപ്പോൾ അതു പ്രസിദ്ധീകരിക്കേണ്ടതാണോ എന്ന് നിശ്ചയമില്ലാതെ മന്ത്രി ഉത്തരം പറയുന്നതു് കേൾക്കുകയുണ്ടായി. ഈവക പ്രവർത്തനങ്ങളുടെ പ്രാധാന്യത്തെപ്പററി അർഹിക്കുന്ന പരിഗണന നൽകുന്നില്ലെന്നുതന്നെയാണ് അതു് തെളിയിക്കുന്നതു്.

ഇന്നു് അഗ്രികൾച്ചർ എക്സ്റ്റൻഷൻസർവ്വീസ് ഏററവും പുരോഗമിച്ചിട്ടുള്ളതു് അമേരിക്കയിലും ബ്രിട്ടനിലുമാണ്. അമേരിക്കയിൽ 1914-ൽ പാസാക്കിയ സ്മിത്തു്-ലിവർ ആക്ടിനെ തുടർന്നാണ് ഈ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതു്. ഇതിന്റെ ജീവനായി കൗണ്ടി എക്സ്റ്റൻഷൻ ഏജൻറാണ്. ഈ ഏജൻറന്മാരുടെ ഇടയിൽ അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഏജൻറമാരും, ഹോം എക്സ്റ്റൻഷൻ എക്കണോമിസ്ററുകളും പ്രവർത്തിക്കുന്നു. അഗ്രികൾച്ചറൽ ഏജൻറമാർ കർഷകരുടെയിടയിലും, ഗ്രാമപ്രദേശങ്ങളിലെ യുവതീയുവാക്കന്മാരുടെ ഇടയിലും പ്രവർത്തിക്കുന്നു. എക്കണോമിസ്ററുകൾ ഗൃഹങ്ങളിൽചെന്നു് സ്ത്രീകളുടെ ഇടയിൽ പ്രവർത്തനം നടത്തുന്നു. ബാലികാബാലന്മാരുടെ ക്ലബ്ബുകൾ 4,H ക്ലബ്ബുകൾ എന്നാണ് അതിന്റെ പേരു്—കാർഷിക പ്രവർത്തനങ്ങളിൽ ഉത്സാഹം പ്രസരിപ്പിക്കുവാൻ പ്രവർത്തിച്ചുപോരുന്നുണ്ട്. കാർഷിക കാളേജുകളിൽനിന്നു് ലഭ്യമാകുന്ന സാങ്കേതികവിജ്ഞാനം സാമാന്യജനങ്ങളുടെ ഇടയിൽ പകർത്തുവാനാണ് ഇവർ പ്രവർത്തിച്ചുപോരുന്നതു്. ഇവരെക്കൂടാതെ 'ലോക്കൽ ലീഡർ'മാർ എന്നറിയപ്പെടുന്ന ഒരു സന്നദ്ധസംഘം കാർഷികവും ഗാർഹികവുമായ വ്യാപാരങ്ങളെ അഭിവൃദ്ധിപ്പെടുത്തുവാൻ ആത്മാർത്ഥമായി പ്രവർത്തിക്കുന്നുണ്ട്. ഇവരിൽ ഭൂരിഭാഗവും യഥാർത്ഥ കർഷകർതന്നെയായിരിക്കുന്നതാണ്.

ഇംഗ്ലണ്ടിൽ 1944-ൽ പാസാക്കിയ ഡവലപ്പ്മെൻറ് ഫണ്ട് ആക്ടിനെ തുടർന്നാണ് അവിടെയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതു്. അവിടെ കൗണ്ടി അഗ്രികൾച്ചറൽസർവ്വീസും, അഗ്രികൾച്ചറൽ അഡ്വൈസറി സർവ്വീസും എന്നു് രണ്ടുതരം ഏജൻസികളാണ് പ്രവർത്തിച്ചുപോരുന്നതു്. അവിടെയും യുവജനങ്ങളുടെ കാർഷികോന്മുഖമായ പ്രവർത്തനങ്ങൾ ഈ പ്രസ്ഥാനത്തെ പുരോഗമിപ്പിക്കുന്നു. പ്രവർത്തനങ്ങളും പ്രചരണങ്ങളുംകൊണ്ടു് അവിടത്തെ ജനതയെ കാർഷികവൃത്തിയിൽ ആവേശംകൊള്ളിക്കുന്നു. അതിന്റെ പുരോഗതി സീമാതീതവുമാണ്.

ഇൻഡ്യയിൽ 1927-ൽ ഏർപ്പെടുത്തിയ റോയൽകമ്മീഷൻ ഓൺ അഗ്രികൾച്ചർ അതിന്റെ റിപ്പോർട്ടിൽ ഈ സംഗതി കൈകാര്യം ചെയ്യുന്നുണ്ട്. ആ റിപ്പോർട്ടനുസരിച്ചു് ഏർപ്പെടുത്തിയ ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസേർച്ച് കഴിഞ്ഞകൊല്ലം കൂടിയ അതിന്റെ യോഗത്തിൽവച്ചു് എല്ലാ സ്റ്റേററുകളിലും എക്സ്റ്റൻഷൻ സർവ്വീസ് സംഘടിപ്പിക്കുന്നതിന്റെ ആവശ്യകത എടുത്തുപറഞ്ഞിട്ടുണ്ട്.

അതനുസരിച്ച് ബോർഡ് ഓഫ് റിസേർച്ചിനുപുറമെ ഒരു ബോർഡ് ഓഫ് എക്സ്റ്റൻഷനുംകൂടി ആരംഭിക്കണമെന്നു് പറഞ്ഞിട്ടുണ്ടു്. നമ്മുടെ അയൽരാജ്യമായ മദിരാശിയിൽ ഈ ശുപാർശ പ്രകാരം എന്തൊക്കെയോ ചെയ്യുന്നതായി അറിയുവാൻ കഴിഞ്ഞിട്ടുണ്ടു്. ഇവിടെയും ഒരു ബോർഡ് ഓഫ് എക്സ്റ്റൻഷൻ സംഘടിപ്പിക്കുകയും ഉടനടിതന്നെ ഒരു എക്സ്റ്റൻഷൻ ഡയറക്ടരെ നിയമിക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാണു്. അങ്ങനെ ഇന്നു് ശിഥിലീകൃതമായി കിടക്കുന്ന ഇതിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു് ജനങ്ങളിൽ നൂതനമായ ഒരാവേശം സംക്രമിപ്പിക്കുവാൻ നാം യത്നിക്കണം. നമ്മുടെ മന്ത്രിസഭ അതിലേയ്ക്കു് ശ്രദ്ധ പതിപ്പിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. നാം ജനിച്ചുവളർന്ന നാടിനോടു് നമുക്കുള്ള കടമ അതു് നമ്മെ അനുസ്മരിപ്പിക്കുന്നു.

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, ഒരു കാർഷികരാജ്യമായ ഈ രാജ്യത്തുള്ള കൃഷിഡിപ്പാർട്ടുമെന്റിനു് അതർഹിക്കുന്ന പ്രാധാന്യം കൊടുക്കുന്നില്ലെന്നും, ഡിപ്പാർട്ടുമെന്റു പ്രവർത്തനങ്ങൾ അതർഹിക്കുന്ന വിധത്തിൽ പ്രയോജനപ്പെടുന്നില്ലെന്നുംമററും പല ബഹുമാനപ്പെട്ട മെമ്പറന്മാരും ഈ സഭയിൽ പ്രസംഗിക്കുകയുണ്ടായി. കുറെക്കൂടി വിപുലമായ തോതിൽ, ഈ ഡിപ്പാർട്ടുമെന്റിനു് പ്രവർത്തിക്കുവാൻ സാധിക്കുമായിരുന്നു എന്നു് ഞാനും സമ്മതിക്കുന്നു. മൈനർ ഇറിഗേഷൻ വർക്സും, ഗ്രോമോർഫുഡ് കാമ്പെയിനും ഈ ഡിപ്പാർട്ടുമെന്റിൽ ലയിപ്പിച്ചു് കുറെക്കൂടി വിപുലമായി നടത്തുന്നതാണു് നല്ലതെന്നു് ഈ സഭയിൽ അഭിപ്രായപ്പെടുകയുണ്ടായി. അപ്രകാരം ഈ വകുപ്പുകൾ രണ്ടും കൃഷിഡിപ്പാർട്ടുമെന്റിനോടു് യോജിപ്പിച്ചു് പ്രവർത്തനം വിപുലമാക്കാൻതന്നെയാണു് ഗവൺമെന്റു് നിശ്ചയിച്ചിരിക്കുന്നതു്. കൃഷിഡിപ്പാർട്ടുമെന്റിലേക്കു് നീക്കിവച്ചിട്ടുള്ള തുക വളരെ കുറവാണെന്നുള്ള മറെറാരാരോപണവും ഇവിടെയുണ്ടായി. ഈ ഡിപ്പാർട്ടുമെന്റിലേക്കു് നീക്കിവച്ചിട്ടുള്ള തുക കുറഞ്ഞുപോകാനുള്ള കാരണം, കൃഷിയെയും കർഷകരെയും ബാധിക്കുന്ന പല പ്രശ്നങ്ങളും മററു ഡിപ്പാർട്ടുമെന്റുകളിലേയ്ക്കു് മാററിയതോടുകൂടി അതിലേക്കുവേണ്ട തുകകളും ആ ഡിപ്പാർട്ടുമെന്റുകളിൽതന്നെ കൊള്ളിച്ചിരിക്കുന്നു എന്നുള്ളതാണു്. അതുകൊണ്ടാണു് ബഡ്ജററിൽ കൃഷിഡിപ്പാർട്ടുമെന്റിലേക്കു് തുക കുറഞ്ഞുപോയിട്ടുള്ളതു്. മറെറാരു ബഹുമാനപ്പെട്ട മെമ്പർ പുറപ്പെടുവിച്ച ആക്ഷേപം പ്രവർത്തനശൂന്യമായ കൃഷിഡിപ്പാർട്ടുമെന്റിനെ വച്ചുപുലർത്തുന്നതിനുപകരം നിറുത്തൽ ചെയ്യുന്നതു് നന്നായിരിക്കുമെന്നാണു്. കൂടാതെ കുറെ ഉദ്യോഗസ്ഥന്മാർക്കു് ശമ്പളം കൊടുക്കുന്നതിനുവേണ്ടിമാത്രമാണു് ഈ ഡിപ്പാർട്ടുമെന്റു് പ്രവർത്തിക്കുന്നതെന്നും പറഞ്ഞുകേട്ടു. ശ്രീ. നടരാജപിള്ള പറഞ്ഞതുപോലെ, കൃഷിഡിപ്പാർട്ടുമെന്റിന്റെ പ്രധാനമായ പ്രവർത്തനങ്ങൾ ഒന്നു് എക്സ്പെരിമെന്റും, മറെറാന്നു ഡെമോൺസ്ട്രേഷനുമാണു്. ഈ ജോലികൾ സ്തുത്യർഹമാംവണ്ണം കഴിഞ്ഞ വർഷം ഡിപ്പാർട്ടുമെന്റിൽനിന്നും നടത്തിയിട്ടുണ്ടെന്നു് എനിക്കു് ധൈര്യമായി പറയാൻ കഴിയും. എന്നാൽ അവയുടെ വിശദവിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കാൻ സാധിച്ചിട്ടില്ലെന്നു് ഞാനും സമ്മതിക്കുന്നു. കന്യാകുമാരി താലൂക്കിൽ പലതരത്തിലുള്ള ഒട്ടുമാവിന്റെ തൈകൾ സൃഷ്ടിച്ചു പൊതുജനങ്ങൾക്കു് വിതരണം ചെയ്തിട്ടുണ്ടു്. അതിന്റെ ഫലമായി മിക്കസ്ഥലങ്ങളിലും

[ശ്രീ. കളത്തിൽ വേലായുധൻനായർ]

ഗ്രാഫ് മാംഗോതൈകൾ തഴച്ചുവളർന്നു കാണുന്നതായി കാണാവുന്നതാണ്.

Shri P. S. Nataraja Pillai : May I know whether it is not functioning as a nursery for the mango plants ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിലുള്ള മാങ്ങകൾ കൊണ്ടുവന്ന്, ഏതു മണ്ണിൽ ഏതു ഇനം ചേർത്താൽ അതു് ഫലവത്തായിത്തീരുമെന്നുള്ള ഗവേഷണമാണ് അവിടെ നടത്തുന്നതു്.

ശ്രീ. എ. കുഞ്ഞൻനാടാർ : മാങ്ങകൾ കൊണ്ടുവന്ന് ഗവേഷണം നടത്തിയതിന്റെ ഫലമായിട്ട് വല്ല പുതിയ വെറൈറ്റിയും കണ്ടുപിടിച്ചിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : അതു് അന്വേഷിച്ചു് പറയാനേ തരമുള്ളൂ.

ശ്രീ എ. കെ. ചെല്ലയ്യാ : കന്യാകുമാരി തോട്ടത്തിൽ മാവും എരുക്കംതൈകളെപ്പററിമാത്രമാണ് ഗവേഷണം നടത്തുന്നതെന്നറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ആയിരിക്കാം.

പേത്രക്കടയുള്ള എക്സ്പെരിമെന്റൽ ഫാറം പ്രവർത്തനശൂന്യമായി കിടക്കുന്നുവെന്നും അതിനും ശമ്പളക്കാരായ ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടെന്നുംമററും പറയുകയുണ്ടായി. എന്നാൽ ആ സ്ഥലം ഗവേഷണപരമായ കാര്യങ്ങൾക്ക് ഉപയോഗപ്രദമാണോ എന്നുള്ളതു് ഗവണ്മെന്റിന്റെ അന്വേഷണത്തിന് വിധേയമായിരിക്കുകയാണ്. എക്സ്പെരിമെന്റൽ ഫാറത്തിനുവേണ്ടി സൗകര്യപ്രദമായ സ്ഥലം തെരഞ്ഞെടുക്കണമെന്നുള്ള ഉദ്ദേശവും ഗവണ്മെന്റിനുണ്ട്. ഇതുപോലുള്ള ഫാറങ്ങൾ മററുസ്ഥലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. അതായതു് മങ്കൊമ്പ്, പുളിയറ, വയററില, തൃശ്ശൂർ ഇവടങ്ങളിൽ പ്രവർത്തനം നടക്കുന്ന ഫാറങ്ങളിൽ നല്ലതരം വിത്തുകൾ അന്യരാജ്യങ്ങളിൽനിന്നും കൊണ്ടുവന്ന് വിതച്ചു്, വർദ്ധിപ്പിച്ചു് പൊതുജനങ്ങൾക്ക് വിതരണംചെയ്യുന്നു. കഴിഞ്ഞവർഷം ഒന്നര പറ വിത്തു് പുറരാജ്യങ്ങളിൽനിന്നുകൊണ്ടുവന്ന് പൊതുജനങ്ങൾക്ക് വിലയ്ക്കു് കൊടുത്തിട്ടുണ്ട്.

Shri P. S. Nataraja Pillai : May I know from which paddy farm it is ?

Shri Kalathil Velayudhan Nair : Nanjinad, Alwaye, Shencottah, Trichur.

Shri P. S. Nataraja Pillai : Is it Government experimental farm ?

Shri Kalathil Velayudhan Nair : Yes.

Shri P. S. Nataraja Pillai : Is there any experimental farm for paddy under the Department today ?

Shri Kalathil Velayudhan Nair : Yes.

Shri P. S. Nataraja Pillai : Where is it, Sir ?

Shri Kalathil Velayudhan Nair : There is farm at Nanjinad.

Shri P. S. Nataraja Pillai : Has it not been leased away ?

Shri Kalathil Velayudhan Nair : A portion of it has been leased away.

Shri P. S. Nataraja Pillai : That was the only farm in Nanjinad if my information is correct.

Shri Kalathil Velayudhan Nair : I may inform the hon. Member that the Government retains a portion of the paddy farm, where these experiments are conducted.

Shri C. Sankar : What is the reason for leasing a portion of the above farm ?

Shri Kalathil Velayudhan Nair : For the experiment, Government thought that the remaining portion will be sufficient and leased out the other portion.

Shri P. S. Nataraja Pillai : Is not the seed multiplication work in private lands under the control of the Department ? Is it not the system now ?

Shri Kalathil Velayudhan Nair : That also is one of the methods. In Kuttanad also there is a sub-station and there the seed multiplication has been done and out of the e, Government got about 24,634 paras of seed.

ശ്രീ. എ. തങ്കപ്പിള്ള : ഈ വിത്ത് തിരുവനന്തപുരത്തുള്ള കൃഷിക്കാർക്ക് കിട്ടുമോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ആവശ്യപ്പെട്ടാൽ കിട്ടുന്നതാണ്.

ശ്രീ. എ. തങ്കപ്പിള്ള : കൃഷിക്കാർ എവിടെയാണ് ആവശ്യപ്പെടേണ്ടത് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : കൃഷിഡിപ്പാർട്ടുമെന്റിൽ ആവശ്യപ്പെട്ടാൽ കിട്ടുന്നതാണ്.

ശ്രീ. കെ. കെ. കുമാരപിള്ള : ഗവണ്മെന്റ ഫാറങ്ങളിൽനിന്നു കൊടുക്കുന്ന വിത്ത് മാർക്കറ്റുവിലയെക്കാളും കൂടുതൽവച്ചു വില്ക്കുന്നുവെന്നറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഗവണ്മെന്റ വിലയിൽ കൂടുതലുള്ള വിലയ്ക്കാണ സാധാരണ മാർക്കറ്റുകാരെന്നു പറയുന്നത്.

ശ്രീ. എ. തങ്കപ്പിള്ള : ഓരോ പ്രദേശത്തും ഇന്നു കൃഷിക്കു ഉപയോഗിച്ചുവരുന്ന വിത്തിനെക്കാളും കൂടുതൽ വിളവു കിട്ടുന്ന വിത്ത് സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും വിതരണം ചെയ്യുന്നതിനുവേണ്ടി ഏതെങ്കിലും വ്യവസ്ഥ ഉണ്ടാക്കാൻ സാധിക്കുമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കൃഷിഡിപ്പാർട്ടുമെന്റിൽനിന്നും ഇപ്പോൾ വിതരണം ചെയ്യുന്ന വിത്ത് പരീക്ഷിച്ചു നോക്കിയതിൽ, ഇവിടത്തെ വിത്തിനെക്കാൾ ൧൫ ശതമാനം കൂടുതൽ വിളവുണ്ടാകുമെന്നു കണ്ടിരിക്കുന്നു. ഇപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്ന വിത്തു കൂടുതൽ വിളവുണ്ടാകുന്നതാണെന്നു പൊതുജനങ്ങളെ അറിയിക്കാൻവേണ്ടി ഡിപ്പാർട്ടുമെന്റിൽനിന്നും വേണ്ടതരത്തിലുള്ള പബ്ലിസിറ്റി കൊടുത്തിട്ടുണ്ട്.

ശ്രീ. ഒ. സി. നൈനാൻ: ഈ വിത്തു ആലുവായിൽ കൃഷിക്കാർക്കു വിതരണം ചെയ്തിട്ടുണ്ടോ എന്നുള്ളതു അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അറിയാം.

ശ്രീ. ഒ. സി. നൈനാൻ: ഡിപ്പാർട്ടുമെന്റിൽനിന്നല്ലാതെ, പ്രൈവറ്റ് ഏജൻസികളും വിത്തു കൊണ്ടുവന്നു വിലയ്ക്കു കൊടുക്കുന്നതായറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിഞ്ഞുകൂടാ.

സർ, മറ്റൊരു സംഗതി നെല്ലു വിത്താക്കി വിതരണം ചെയ്യുന്നതു കൂടാതെ, തെങ്ങുകൃഷിയെ സംബന്ധിച്ചിടത്തോളം ഈ ഫാറങ്ങളിൽ നിന്നു ഗവേഷണം നടത്തുന്നുണ്ട്. ഏതോ ചില ഗവേഷണവിദഗ്ദ്ധന്മാർ ചില സമ്പ്രദായങ്ങൾ അനുസരിച്ചു പ്രവർത്തിച്ചതിൽ തെങ്ങെല്ലാം താഴെ വീണുപോയി എന്നു ഒരു മെമ്പർ ഇവിടെ ആവലാതിപ്പെടുകയുണ്ടായി. കൊട്ടാരക്കര പരീക്ഷണാർത്ഥം നടത്തിയ ഗവേഷണഫലമായിട്ടാണ് ചില തെങ്ങുകൾ വീണുപോയതു്. എന്നാൽ മിക്ക സ്ഥലങ്ങളിലും ഗവൺമെന്റിൽ നിന്നും കൊടുത്തിട്ടുള്ള ഉപദേശം അനുസരിച്ചു പ്രവർത്തിച്ചതിൽ വളരെ നല്ല ഫലമാണുണ്ടായിട്ടുള്ളതു്.

ശ്രീ. ഈ. കൃഷ്ണൻ നായർ: ഏതു സ്ഥലത്താണ് വിജയപ്രദമായി നടന്നിട്ടുള്ളതെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: സ്ഥലത്തിന്റെ പേര് യഥാർത്ഥത്തിൽ ഓർമ്മിക്കുന്നില്ല. വിവരം ശേഖരിച്ചു പറയാം.

ശ്രീ. കെ. കെ. ചെല്ലപ്പൻ പിള്ള: കൃഷ്ണപുരത്തു സ്ഥാപിച്ചിരിക്കുന്ന ഗവേഷണകേന്ദ്രത്തിൽ തെങ്ങിനെ സംബന്ധിച്ചിടത്തോളം വിജയപ്രദമായ രീതിയിലാണ് പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നതെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാം.

ശ്രീ. ഈ. കൃഷ്ണൻനായർ: തെങ്ങുരോഗനിവാരണത്തിനായി ഉടമസ്ഥന്മാർ എത്രയോ കൊല്ലമായി ഡിപ്പാർട്ടുമെന്റിനെ സമീപിച്ചിട്ടുണ്ടെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: സമീപിച്ചിട്ടുണ്ടെങ്കിൽ തന്നെ കുറെയൊക്കെ ക്ഷമയില്ലാതെ ഈ കാര്യം വിജയപ്രദമാകുകയില്ല.

സർ, സിന്തറ്റിക് റൈസിനെപ്പറ്റി ഒരു മെംബർ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഈ കൂട്ടരിനിർമ്മാണം ഫലപ്രദമാകുമോ എന്നു പരീക്ഷിച്ചുനോക്കുകയായിരുന്നു. ഇപ്പോൾ അതിന്റെ ആവശ്യമില്ലെന്നു കണ്ടതിനാൽ ആ ഏർപ്പാട് നിറുത്തൽ ചെയ്യാൻ ഉദ്ദേശിച്ചിരിക്കുകയാണ്.

ശ്രീ. ഇ. കൃഷ്ണൻ നായർ: രാജ്യക്ഷേമത്തിനുതകത്തക്കവണ്ണമുള്ള പരീക്ഷണങ്ങൾ ചെയ്തിട്ടുണ്ടെന്നും ഇപ്പോഴും എക്സ്പെരിമെന്റ് ചെയ്തുകൊണ്ടിരിക്കുകയാണെന്നും മനസ്സിലാക്കുന്നതിൽ വല്ല തെറ്റുമുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: തെങ്ങുകൃഷിയെപ്പറ്റിയും ഞങ്ങൾ വളരെ വിപുലമായ തോതിൽ ഗവേഷണം നടത്തിവരികയാണ്. ചാരവും ചാണകവും മറ്റു വളങ്ങളും ഏതേതുമണ്ണിൽ ഉപയോഗിക്കണമെന്നും, ഇന്ന മണ്ണിൽ ഇന്നവളംചെയ്താൽ ഇന്നതാണ് ഫലമെന്നും മറ്റും കഴിഞ്ഞ മൂന്നുകൊല്ലമായിട്ട് പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഫലത്തെ ആസ്പദമാക്കി വേണം പ്രവർത്തനം മുൻപോട്ടുപോകേണ്ടതു്.

ശ്രീ. എ. കഞ്ഞൻ നാടാർ: വെറും മണ്ണുമാത്രം പരിശോധിച്ചതിന്റെ ഫലമായി, ആവശ്യത്തു വളം ചേർക്കാതെ, സിലോണിൽ തെങ്ങുകൃഷി വളരെ വിജയപ്രദമായിട്ടുണ്ടെന്നു മന്ത്രിയ്ക്കറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: സിലോണിൽ നിന്നു അവയെപ്പറ്റി ഒരു റിപ്പോർട്ടു കിട്ടിയതിനു ശേഷമേ അറിയാൻ സാധിക്കുകയുള്ളു.

ശ്രീ. എ. കെ. ചെല്ലപ്പൻ: തെങ്ങുഗവേഷണത്തിനു വേണ്ടി തെക്കൻ തിരുവിതാംകൂറിൽ ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ പ്രവേശിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: തെക്കൻതിരുവിതാംകൂറിൽ മാത്രമല്ല, സംസ്ഥാനത്തിന്റെ നാനാഭാഗത്തും ഗവേഷണം നടത്തുന്നുണ്ട്.

ശ്രീ. ഓ. സി. നൈനാൻ: കപ്പക്കൃഷിയെ സംബന്ധിച്ച് എന്തെങ്കിലും ഗവേഷണം നടത്താൻ നിർദ്ദേശങ്ങളുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കപ്പക്കൃഷിയെ സംബന്ധിച്ചിടത്തോളം പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതു് യൂണിവേഴ്സിറ്റി റിസർച്ച് ഡിപ്പാർട്ടുമെന്റിൽ നിന്നുമാണ്. അതിന്റെ ഫലമായി പലയിനം മരച്ചീനികളും ഉൽപ്പാദിപ്പിക്കാമെന്നു കണ്ടുപിടിച്ചിട്ടുണ്ട്.

ശ്രീ. ഓ. സി. നൈനാൻ: കൃഷിഡിപ്പാർട്ടുമെന്റിൽ നിന്നും വല്ല ഗവേഷണവും നടത്തിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: നടത്തിയിട്ടുണ്ട്.

ശ്രീ. ഓ. സി. നൈനാൻ: അതിന്റെ ഫലമെന്തായെന്നു പബ്ലിഷ് ചെയ്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : പബ്ലിഷ് ചെയ്യാൻ സാധിച്ചിട്ടില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : തെങ്ങിനെ നശിപ്പിക്കുന്നതായ വണ്ട്, പുഴു മുതലായ ജീവികളെ സംഹരിക്കാൻ വേണ്ടി എന്തെങ്കിലും ഉപായം ഡിപ്പാർട്ടുമെന്റിൽ നിന്നും കണ്ടുപിടിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതിനുവേണ്ടി ഡി. ഡി. റ്റി. ഉപയോഗിക്കണമെന്നു നിർദ്ദേശമുണ്ട്.

സർ, മറ്റൊരു കാര്യം ഒരു സ്റ്റാറ്റിസ്റ്റിക്സ് ഇതുവരെ കൃഷിഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം പുറത്തു വന്നിട്ടില്ലെന്നു ശ്രീ. നടരാജപിള്ള ഇവിടെ പ്രസ്താവിച്ചു കേട്ടു. അതു് വാസ്തവമാണ്. ഒരു സ്റ്റാറ്റിസ്റ്റിക്സ് പൊതുജനങ്ങളുടെ അറിവിലേക്കായി കഴിയുന്നതും വേഗം പ്രസിദ്ധം ചെയ്യുന്നതാണ്.

ശ്രീ. എൻ. പി. വർഗ്ഗീസ് : ഒരു സെൻട്രൽ സ്റ്റാറ്റിസ്റ്റിക്സ് ബ്യൂറോ സ്ഥാപിക്കാൻ പോകുന്നുവെന്നു കേൾക്കുന്നതു് വാസ്തവമാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതെ. ഇപ്പോൾ അതിലേക്ക് ഒരു സ്റ്റാറ്റിസ്റ്റിക്സ് ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്.

ശ്രീ. പി. ചാക്കോ : തെങ്ങുരോഗത്തെ സംബന്ധിച്ചു് ഒരു ഗവേഷണശാല സ്ഥാപിക്കണമെന്നു കോഴഞ്ചേരിയിൽ നിന്നും വല്ല നിവേദനവും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : കോഴഞ്ചേരിയിൽനിന്നും കിട്ടിയിട്ടില്ല. എന്നാൽ നെയ്യാറ്റിൻകര താലൂക്കിൽ നിന്നും ഒരു നിവേദനം കിട്ടിയിട്ടുണ്ട്.

ശ്രീ. എ. കുഞ്ഞൻ നാടാർ : നെയ്യാറ്റിൻകര താലൂക്കിലെവിടെയാണു ഗവേഷണശാല സ്ഥാപിച്ചിട്ടുള്ളതു്;

ശ്രീ കളത്തിൽ വേലായുധൻ നായർ: ഞാൻ അതെ സംബന്ധിച്ചു് നോക്കിയിട്ടു അതിന്റെ സർവ്വേനമ്പരും എല്ലാം പറയാം.

ശ്രീ. എ. കെ. ചെല്ലയ്യാ : നെയ്യാറ്റിൻകരക്കു തെക്കു് വല്ലസ്ഥലത്തും ഈ സ്ഥാപനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

ശ്രീ. കളത്തിൽ വേലായുധൻ നായർ: തെങ്ങിനെ സംബന്ധിച്ചിടത്തോളമുള്ള സർവ്വേയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതു്. നെയ്യാറ്റിൻകരക്കു തെക്കോട്ടു് പനയാണ് പ്രധാനമായ കൃഷി.

ശ്രീ. എ. കെ. ചെല്ലയ്യാ : തീരപ്രദേശങ്ങളിലുള്ള തെങ്ങുകളെ സംബന്ധിച്ചു് ഗവേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ. ഉണ്ടു്. അതിന്റെ ഫലമായി വിജയപ്രദമായ രീതിയിൽ പ്രവർത്തനം നടത്താമെന്നു് കൃഷിഡിപ്പാർട്ടുമെന്റ പ്രതീക്ഷിക്കുന്നുമുണ്ടു്. ഇതുവരെ ഗവേഷണങ്ങൾ കാര്യമാ

യിരുന്നു. ഇനി അതു പ്രയോഗത്തിൽ വരുത്തുവാൻ പോകുന്ന സമയമാണ്.

The cut motions moved by Shri R. Gangadharan, Shri P. S. Nataraja Pillai and Shri C. Sankar, were withdrawn with the leave of the House.

The question that Government be granted a sum of Rs. 11,49,700 under Demand XXI—Agriculture, was put and carried.

The grant was made.

DEMAND XX—Public Health.

Minister for Medicine and Public Health (**Shri V. Madhavan**):

Sir, I beg to move for a grant of Rs. 23,63,700 under Demand XX—Public Health.

Shri K. Kochukuttan: I second it.

Mr. Speaker: Motions Nos. 16 and 37 may be moved. Motion No. 16 stands in the name of Shri Ravindran. Motion No. 37 stands in the name of Shri Chengarappally P. Narayanan Potti. Shri P. Ravindran.

Shri P. Ravindran; Sir, I move:

To reduce the allottment of Rs. 22,38,600 for Public Health Establishment by Re. 1.

സർ, പൊതുജനാരോഗ്യ വകുപ്പിലേക്ക് ഈ വർഷത്തെ ബഡ്ജറ്റിൽ ൨൩,൬൩,൭൦൦ രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷത്തിൽ ഈ വകുപ്പിലേക്ക് ൨൦,൦൦,൦൦൦ രൂപ മാത്രമാണ് ഉൾക്കൊള്ളിച്ചിരുന്നത്. ഈ വർഷം കൂടുതൽ തുക ഉൾപ്പെടുത്തുന്നതിന് ഇടയായത് യൂനിവേഴ്സിറ്റിയുടെ കീഴിൽ നിന്നും പബ്ലിക്ക് ഹെൽത്ത് ലബോറട്ടറിയെ വേർതിരിച്ച് പൊതുജനാരോഗ്യ വകുപ്പിന്റെ കീഴിൽ ആക്കിയതുകൊണ്ടും, ഈ ഡിപ്പാർട്ടുമെന്റിലെ ശമ്പളം ഏകീകരിക്കാൻ പോകുന്നതുകൊണ്ടുമാണ്: ഇതു സംബന്ധിച്ച് ഉണ്ടാകുന്ന കൂടുതൽ ചെലവിനുവേണ്ടിയാണ് ഈ തുക ഉൾപ്പെടുത്തിയിരിക്കുന്നതായി കാണുന്നത്. പക്ഷെ പുതിയ ചെലവുകൾക്ക് ആനുപാതികമായിട്ട് സാംക്രമികരോഗ നിവാരണത്തിനും കുഷ്ഠരോഗ റിലീഫ് വർക്കിനും തുക വർദ്ധിപ്പിച്ചു കാണുന്നില്ല എന്നുള്ള കാര്യമാണ് എനിക്ക് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്. ഈ ആണ്ടിൽ എസ്റ്റാബ്ലിഷ്മെന്റിനു വേണ്ടിമാത്രം ൨൨,൩൮,൬൦൦ രൂപയാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ഡിപ്പാർട്ടുമെന്റിന്റെ ഭരണം നടത്തുന്നത് ൪൫൦-൭൫൦ രൂപ ശമ്പളസ്കെയിലിൽ നിയമിക്കപ്പെടുന്ന ഒരു ഡയറക്ടറാണ്. എന്നാൽ കഴിഞ്ഞ അഞ്ചുമാസങ്ങളായി ഈ ഡിപ്പാർട്ടുമെന്റിന്റെ ഭരണം നടത്തുന്നത് അവിടത്തെ അസിസ്റ്റന്റ് ഡയറക്ടറാണ്. ഗവൺമെന്റിൽ നിന്നും വളരെയധികം പണം ചെലവാക്കുന്നതായ ഈ പൊതുജനാരോഗ്യവകുപ്പിന്റെ പ്രവർത്തനം ഒരു സ്ഥിരം ഡയറക്ടറുടെ അഭാവംമൂലം

[ശ്രീ. പി. രവീന്ദ്രൻ.]

കാര്യക്ഷമമായി നടക്കുന്നില്ലെന്ന് ആവലാതി ഉണ്ടായിട്ടുണ്ട്. അഞ്ചുമാസങ്ങൾക്കു മുൻപു ഡയറക്ടർ, ഉദ്യോഗത്തിൽ നിന്നും വിരമിച്ചു. അതിനുശേഷം ഇതുവരെയും ഒരാളെ സ്ഥിരമായി നിയമിച്ചിട്ടില്ല. ഒരു സ്ഥിരം ഉദ്യോഗസ്ഥനെ നിയമിക്കുകയോ അല്ലാത്തപക്ഷം ഇപ്പോഴത്തെ അസിസ്റ്റൻറു ഡയറക്ടറെ പ്രമോട്ടു ചെയ്യുകയോ ചെയ്യാത്തതിനാലുള്ളതുകൊണ്ട് ആ ഡിപ്പാർട്ടുമെൻറിൻെറ പ്രവത്തനത്തിനു സാരമായ വിഷമം ഉണ്ടായിട്ടുണ്ടെന്ന് പരാതിയുണ്ട്. ഇത്രയും ഞാൻ പറയുന്നതുകൊണ്ട് ഇപ്പോഴം ചാർജ്ജ് വഹിക്കുന്ന ഡയറക്ടറെ ഞാൻ വ്യക്തിപരമായി കുറ്റം പറയുകയല്ല. ഒരു പക്ഷെ അദ്ദേഹത്തിനു ശരിയായ പ്രോത്സാഹനം കിട്ടാത്തതുകൊണ്ടായിരിക്കാം അദ്ദേഹം തൻെറ ഔദ്യോഗിക കൃത്യനിർവഹണത്തിൽ വേണ്ടത്ര ശുഷ്കാന്തി പ്രദർശിപ്പിക്കാത്തത്. ഗവണ്മെൻറിലേക്ക് അയയ്ക്കുന്ന കടലാസുകളിൽ ഒപ്പിടുവാൻ വേണ്ടി മാത്രം അദ്ദേഹം നാലേമുക്കാൽ മണിക്കു ആഫീസിൽ വരുകയും ഒപ്പിട്ടു കഴിഞ്ഞതിൻെറ ശേഷം അഞ്ചുമണിക്ക് മടങ്ങിപ്പോകുകയുമാണ് ഇപ്പോഴം ചെയ്തുകൊണ്ടിരിക്കുന്നത്. പൊതുജനാരോഗ്യത്തിനുവേണ്ടി വളരെ കാര്യക്ഷമമായരീതിയിൽ പ്രവത്തനം നടത്തേണ്ട ഒരു ഡിപ്പാർട്ടുമെൻറിൻെറ ഭരണം ശരിയായി നടത്താതിരിക്കുവാൻ അനുവദിക്കുന്നതു് ശരിയാണോയെന്ന് ഗവണ്മെൻറ് ആലോചിക്കേണ്ടതാണ്. പൊതുജനാരോഗ്യവകുപ്പിൽ ഇത്ര അനാരോഗ്യകരമായ ഒരു അവസ്ഥ സൃഷ്ടിക്കുന്നതു് ഒരു വിധത്തിലും ന്യായീകരിക്കത്തക്കതല്ല.

സർ, കഴിഞ്ഞ രണ്ടു വർഷങ്ങളായി ഈ ഡിപ്പാർട്ടുമെൻറിൽ ഒരു ഡയറ്റീഷ്യനെ നിയമിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ ശമ്പളം ൨൦൦—൫൦൦ രൂപ വരെയാണ്. ഉദ്യോഗസ്ഥനാണോ ഉദ്യോഗസ്ഥയാണോ എന്ന് എനിക്ക് നിശ്ചയമില്ല. ഈ നിയമനത്തിൻെറ ഉദ്ദേശമെന്താണെന്ന് എത്ര ആലോചിച്ചിട്ടും എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല ഈ ഉദ്യോഗസ്ഥൻെറ ട്രാവലിംഗ് അലവൻസ് ഡിയർനസ് അലവൻസ് എന്നിങ്ങിനെ പല ഇനങ്ങളിലായി നല്ലൊരു തുക ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ഇദ്ദേഹം എന്തു ജോലിയാണ് ചെയ്യുന്നതെന്ന് അറിഞ്ഞുകൂടാ. ഈ രാജ്യത്തുള്ള ജനങ്ങൾ ഉപയോഗിക്കുന്ന ആഹാരസാധനങ്ങളുടെ പോഷകാംശം എന്താണെന്ന് മനസ്സിലാക്കുവാനോ അല്ലെങ്കിൽ എന്തെല്ലാം പോഷകാംശങ്ങളുള്ള ആഹാരങ്ങളാണ് ജനങ്ങൾ ഉപയോഗിക്കേണ്ടതെന്നോ ഉള്ളതിനെപ്പററി യാതൊരു അന്വേഷണവും നടത്തിയിട്ടുള്ളതായി കേട്ടിട്ടില്ല വെളിയിൽ യാതൊരു പ്രവത്തനങ്ങളും നടത്താതെ ആഫീസിനകത്തു ഇരുന്നുകൊണ്ട് ആഹാരസാധനങ്ങളിലുള്ള വിററാമിൻസിൻെറ ഇനങ്ങൾ തിട്ടപ്പെടുത്തുന്നതിനുവേണ്ടിയാണോ ഈ ഉദ്യോഗസ്ഥനെ നിയമിച്ചിരിക്കുന്നതെന്ന് ഞാൻ ഗവണ്മെൻറിനോടു ചോദിക്കുന്നു. ഗ്രാമപ്രദേശങ്ങളിൽ ചെന്ന് അവിടത്തെ സാധാരണക്കാരായ ആളുകളുടെ ആഹാരസാധനങ്ങളിൽ എന്തെങ്കിലും പോഷകസാധനങ്ങളുണ്ടോ, എന്തെല്ലാം കുറവാണ് അവയിലുള്ളതു്, അവ പരിഹരിക്കുവാൻ എന്തുചെയ്യണം എന്നുള്ള കാര്യങ്ങളെപ്പററി ഈ ഉദ്യോഗസ്ഥൻ യാതൊരു അന്വേഷണവും ഇതുവരെ നടത്തിയിട്ടില്ല. അതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുള്ളതായ റിപ്പോർട്ടുകളും ഇതു വരെ

സമർപ്പിച്ചിട്ടുള്ളതായും അറിവില്ല. ആഫീസിലാണെങ്കിൽ യാതൊരു ജോലിയും ചെയ്യാതെ മനോഹരമായ പുസ്തകങ്ങൾ സൂക്ഷിച്ചുവച്ചിരിക്കുന്ന അലമാരകളുള്ള മുറിയിൽ പുസ്തകങ്ങളും വായിച്ചുകൊണ്ട് ൧൧ മണി മുതൽ ൫ മണിവരെ ഇരുന്നതിന്റെ ശേഷം വീട്ടിൽ പോകുകയല്ലാതെ കാര്യമായി യാതൊരു ജോലിയും ഈ ഉദ്യോഗസ്ഥൻ ചെയ്യുന്നതായി നമുക്കറിവില്ല. എന്നാൽ ഈ നിയമനത്തിന്റെ പിന്നിൽ ചില പൊടിക്കൈ പ്രയോഗങ്ങളും ഉന്നതന്മാരായ ചില നേതാക്കന്മാരുടെ നിഴലുകളും ഉണ്ടെന്നാണ് പൊതുജനസംസാരം. അതു സംബന്ധിച്ചുള്ള വിശദവിവരങ്ങളിലേക്ക് ഞാൻ ഇപ്പോൾ പ്രവേശിക്കണമെന്ന് ഉദ്ദേശിക്കുന്നില്ല.

ഈ വർഷത്തെ ബഡ്ജററിൽ മന്തുരോഗനിവാരണത്തിനുവേണ്ടി ൨,൫൨,൩൦൦ രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ കൊതുകുസംഹാരത്തിനുവേണ്ടി പ്രത്യേകം ഒരു തുകയും നീക്കിവച്ചിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷന്റെയും മററു മുനിസിപ്പാലിററികളുടേയും ആവശ്യത്തിലേയ്ക്കായി കൊതുകുസംഹാരത്തിന് വേണ്ടിയാണ് ഈ തുക. കോർപ്പറേഷന്റെയോ മുനിസിപ്പാലിററികളുടേയോ പ്രവർത്തനങ്ങളെപ്പററി വിമർശിക്കാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയല്ല. എങ്കിലും ഗവൺമെന്റ്, തിരുവനന്തപുരം കോർപ്പറേഷനിലേയ്ക്കും മുനിസിപ്പാലിററികളിലേയ്ക്കും ഇതിൽനിന്നും തുക കൊടുക്കുന്നതുകൊണ്ട് അതിനെപ്പററി രണ്ടു വാക്കു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്ന് മുനിസിപ്പൽ അതിർത്തികളിലും കോർപ്പറേഷൻ അതിർത്തികളിലും യഥാർത്ഥത്തിൽ കൊതുകിന്റെ ശല്യം വർദ്ധിക്കുകയാണ് ചെയ്തിരിക്കുന്നത്. അല്ലാതെ യാതൊരു കുറവും ഉണ്ടായിട്ടില്ലെന്ന് അനുഭവത്തിൽനിന്നു പറയാൻ കഴിയും. യഥാർത്ഥത്തിൽ കൊതുകുസംഹാരമാണോ കൊതുകുസൃഷ്ടിയാണോ നടക്കുന്നതെന്നു എനിക്കു സംശയമുണ്ട്. അമ്പലപ്പുഴ, കാർത്തികപ്പള്ളി, കൊല്ലം മുതലായ സ്ഥലങ്ങളിൽ മന്തുരോഗനിവാരണത്തിനു വേണ്ടി ഒരു തുക ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. ഈ വർഷത്തിൽ ഈ ഇനത്തിലേയ്ക്ക് കൊള്ളിച്ചിരിക്കുന്നത് ൩൦,൩൦൦ രൂപയാണ്. എന്നാൽ കഴിഞ്ഞ വർഷത്തിൽ ഈ ഇനത്തിൽ ചെലവാക്കിയതു് ൩൧,൭൦൦ രൂപയാണ്. ഇപ്പോൾ ഇതു് കുറവുചെയ്യാൻ കാരണമെന്താണെന്ന് മനസ്സിലാകുന്നില്ല. ഈ രോഗം പരിപൂർണ്ണമായി നിർമ്മാർജ്ജനം ചെയ്തുകഴിഞ്ഞതുകൊണ്ടാണോ, അതോ ഫലപ്രദമായി തടയാൻ കഴിഞ്ഞതുകൊണ്ടാണോ ഈ തുക കുറച്ചതെന്നു വ്യക്തമാക്കേണ്ടിയിരിക്കുന്നു. ഈ രോഗം ഇപ്പോൾ ഈ സ്ഥലങ്ങളിൽ വളരെയധികം വർദ്ധിച്ചിട്ടുണ്ടെന്നാണ് എന്റെ അന്വേഷണത്തിൽ മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതു്. ഈ രോഗത്തിനു വിധേയനായ ഇഞ്ചിനീയറിംഗ് കാളേജിലുള്ള ഒരു വിദ്യാർത്ഥിതന്നെ ചേർത്തല, അമ്പലപ്പുഴ മുതലായ താലൂക്കുകളിൽ ഈ രോഗം ഇപ്പോൾ ധാരാളം ഉണ്ടെന്നു് ഇന്നു രാവിലെ എന്നോടു പറയുകയുണ്ടായി. ഈ രോഗം വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതെന്നുള്ള അസുഖകരങ്ങളായ റിപ്പോർട്ടുകൾ കിട്ടുന്നുണ്ട്. എന്നിരുന്നിട്ടും അതിലേയ്ക്കു് ഊർജ്ജിതമായ നിവാരണനടപടികൾ എടുക്കാത്തിലാണ് എനിക്കു അത്ഭുതമുള്ളതു്.

[ശ്രീ. പി. രവീന്ദ്രൻ]

മറ്റൊരു സംഗതി എനിക്കു സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരുവാനുള്ളതു് റെഡ്ക്രോസ് സൊസൈററിയുടെ കീഴിലുള്ള മിൽക്ക് ക്യാൻറീൻ സ്കീമിലേയ്ക്കു് ൪,൫൪,൧൦൦ രൂപ ഉൾപ്പെടുത്തിയിട്ടുള്ളതിനെ സംബന്ധിച്ചാണു്. ഈ സൊസൈററി മുഖാന്തിരം കിട്ടുന്ന പാൽ വിതരണം ചെയ്യുന്നതിനുവേണ്ടി ൪൦൦ — ൪൨൫ രൂപവരെ ശമ്പളസ്കെയിലിൽ ഒരു കൺവീനറെ നിയമിച്ചിട്ടുണ്ടു്. സാധുക്കളായ കൊച്ചുകുട്ടികൾക്കു് സൗജന്യമായി പാൽവിതരണം ചെയ്യുന്നതിനുവേണ്ടിയാണല്ലോ ഇതു് ഏർപ്പെടുത്തിയിട്ടുള്ളതു്. എന്നാൽ ഈ പാൽ വിതരണം ചെയ്യുന്ന കാര്യത്തിൽ വലിയ ക്രമക്കേടുകളുള്ളതായി പൊതുവെ പരാതിയുണ്ടു്. കുട്ടികൾക്കു് കുടിക്കുന്നതിനു് നല്ല പാൽ അശേഷം ലഭിക്കുന്നില്ല. നിറം ഭേദംചെയ്ത വെള്ളം മാത്രമാണു് ഈ കേന്ദ്രങ്ങളിൽനിന്നും ഇന്നു് കുട്ടികൾക്കു് വിതരണം ചെയ്തുകൊണ്ടിരിക്കുന്നതു്. ക്യാൻറീൻസ് കമ്മിററിയുടെ കൺവീനറും, വിവിധ വിതരണകമ്മിററികളുടെ സെക്രട്ടറിമാരും ചേൎന്നു് ഇതിനുവേണ്ടി അനുവദിച്ചിട്ടുള്ള പാൽ ബ്ലാക്ക്മാൎക്കററിൽ വിൽക്കുകയും അതിനുപകരം നിറഭേദം വരുത്തിയ പച്ചവെള്ളം കുട്ടികൾക്കു് കൊടുക്കുകയുമാണു് ഇന്നു് ചെയ്തുകൊണ്ടിരിക്കുന്നതു്. ഇതു സംബന്ധിച്ചു് പല സ്ഥലങ്ങളിൽനിന്നും വലിയ ആരോപണങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടു്. അതിനാൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ഞാൻ ഈ വിഷയത്തിലേക്കു് ക്ഷണിച്ചുകൊള്ളുന്നു. അദ്ദേഹം വേണ്ടവിധത്തിൽ ഇതേസംബന്ധിച്ചു് അന്വേഷണം നടത്തി ഇന്നുള്ള ക്രമക്കേടുകൾ ഇല്ലാതാക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. അതുപോലെതന്നെ പാൽ വാങ്ങുന്നതിനുവേണ്ടി ൪,൩൦,൦൦൦ രൂപ ബഡ്ജററിൽ പ്രത്യേകം കൊള്ളിച്ചിട്ടുണ്ടു്. റെഡ്ക്രോസ് സൊസൈററികളിൽനിന്നും പാൽ സൗജന്യമായി കിട്ടുന്നുണ്ടെന്നാണു് പറയപ്പെടുന്നതു്. കൂടാതെ സ്വിസ്സ് ഗവണ്മെൻറും പാൽ സൗജന്യമായിട്ടാണു് തരുന്നതെന്നു കേട്ടിട്ടുണ്ടു്. ഇത്ര വലിയ തുക ഇതിനുവേണ്ടി ചെലവാക്കുന്നതു് എങ്ങനെയാണെന്നു് എനിക്കു മനസ്സിലാകുന്നില്ല.

കൂടാതെ ൨൦,൦൦൦ രൂപ മദ്രാസ് ഗവണ്മെൻറിലേയ്ക്കു് പാൽ വാങ്ങിയ വകയിൽ കൊടുക്കാനുള്ളതായി ഒരു കണക്കു് കാണുന്നു. അതു് എങ്ങനെ ചെലവാക്കിയെന്നും എപ്പോൾ ചെലവാക്കിയെന്നും ഉള്ളതിനെ സംബന്ധിച്ചു് യാതൊരു വിവരണവും നൽകിയിട്ടില്ല.

മറ്റൊരു കാര്യം എനിക്കു പറയുവാനുള്ളതു് ഗ്രോമോർ ഫുഡ്കാമ്പെയിനുവേണ്ടിയുള്ള എസ്റ്റാബ്ലിഷ്മെൻറ് ചെലവിലേക്കു് ൨൪൫൦൦ രൂപ ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതിനെപ്പററിയാണു്. ഇന്നു് ഈ ഗ്രോമോർ ഫുഡ്കാമ്പെയിൻ സർവവ്യാപിയായിത്തീൎന്നിട്ടുണ്ടു്. മററു ഡിപ്പാർട്ടുമെൻറുകളിലും ഇതിനുവേണ്ടി പ്രത്യേകം തുക കൊള്ളിച്ചിട്ടുണ്ടു്. ഈ രാജ്യത്തിന്റെ വിവിധഭാഗങ്ങളിലും ഹെൽത്ത് യൂണിററുകൾ ഏർപ്പെടുത്തിയിട്ടുണ്ടു്. അവിടെയെല്ലാം സർജൻമാരും മിഡ്വൈഫുകളും നിയമിക്കപ്പെട്ടിട്ടുമുണ്ടു്. അവൎക്കുവേണ്ടി ഗവണ്മെൻറിൽനിന്നും പണം ചെലവാക്കുന്നുമുണ്ടു്. ആ സ്ഥിതിക്കു് ഗ്രോമോർ ഫുഡ് ക്യാമ്പെയിനുവേണ്ടി എന്തിനായിട്ടാണു് പ്രത്യേകം ഡാക്ടറന്മാരേയും മററും നിയമിച്ചിരിക്കുന്നതെന്നു് മനസ്സിലാകുന്നില്ല. ഗ്രോമോർ ഫുഡ്കാമ്പെ

യിൻകൊണ്ടു് കാര്യമായ യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ലെന്നാണു് ഇവിടെ നടന്ന ചർച്ചകളിൽനിന്നും വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കുന്നതു്. അങ്ങനെ അതിൻെറ ഫലം സംശയകരമായിരിക്കയും ഈ ഇനത്തിൽ മററു ഡിപ്പാർട്ടുമെൻറുകളിൽ തുകകൾ കൊള്ളിച്ചിരിക്കയും ചെയ്തിട്ടുള്ള സ്ഥിതിക്കു് ഈ പുതിയ തുകയുടെ ആവശ്യമെന്താണെന്നാണു് ഞാൻ മന്ത്രിയോടു് ചോദിക്കുന്നതു്. എന്തിനുവേണ്ടിയാണു് ഇത്ര അധികം പണം ചെലവാക്കുന്നതു്. പബ്ലിക്കു് ഹെൽത്തുഡിപ്പാർട്ടുമെൻറിൻെറ പേരിൽ പൊതുമുതൽ ദുർവിനിയോഗം ചെയ്യാതിരിക്കുവാൻ പ്രത്യേകം നിഷ്കർഷിക്കേണ്ടതാണു്.

ഈ ഡിപ്പാർട്ടുമെൻറിലെ താഴ്ന്നതരം ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ വലിയ അസംതൃപ്തിയുണ്ടു്. ഈ ഡിപ്പാർട്ടുമെൻറിലുള്ള സാനിട്ടറി അസിസ്റ്റൻറന്മാർ, വാക്സിനേററന്മാർ മുതലായ ഉദ്യോഗസ്ഥന്മാർക്കു് അവരുടെ ചുമതലയേറിയ ജോലികൾ ചെയ്യാനുള്ള പ്രോത്സാഹനം ഗവണ്മെൻറു നൽകുന്നില്ല. ൧൮൪൧-ൽ ഈ ഡിപ്പാർട്ടുമെൻറു റീ ആർഗനൈസു് ചെയ്യണമെന്നു് ഗവണ്മെൻറു് ആവശ്യപ്പെട്ടുവെങ്കിലും അതു ഇതു വരെ നടപ്പിലാക്കാത്തതിനാൽ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ വലിയ അസംതൃപ്തിക്കു് കാരണമാക്കിയിട്ടുണ്ടു്. കൂടാതെ സാനിട്ടറി അസിസ്റ്റൻറന്മാരുടേയും വാക്സിനേററന്മാരുടെയും ശമ്പളം വർദ്ധിപ്പിക്കണമെന്നു് കാണിച്ചുള്ള റിപ്രസെൻേറഷൻ ഡയറക്ടർ ശക്തിയായി ശുപാർശചെയ്തു് ഗവണ്മെൻറിലേയ്ക്കു് അയച്ചിട്ടു് ഇതുവരെ അതിന്മേൽ ഒരു നടപടിയും എടുത്തിട്ടില്ല. ഇക്കാരണത്താലും അവരുടെഇടയിൽ വലിയ അസംതൃപ്തിയുണ്ടായിട്ടുണ്ടു്.

അതുപോലെതന്നെ ജനനമരണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ചുമതല ഈ ഡിപ്പാർട്ടുമെൻറിനു വിട്ടുകൊടുത്തിരിക്കുകയാണു്. എന്നാൽ ഇതുവരെ ആ ജോലി മുഴുവനും റവന്യൂഡിപ്പാർട്ടുമെൻറിൽനിന്നും പബ്ലിക്കു് ഹെൽത്തുഡിപ്പാർട്ടുമെൻറിലേയ്ക്കു് വിട്ടുകൊടുക്കുവാൻ സാധിച്ചിട്ടില്ലെന്നാണു് എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതു്. ജോലിചെയ്യുന്നതു് ഒരു ഡിപ്പാർട്ടുമെൻറു്, അതിൻെറ മേലുള്ള അധികാരം വഹിക്കുന്നതു് മറെറാരു ഡിപ്പാർട്ടുമെൻറു്, ഇതാണു് ഇന്നത്തെ സ്ഥിതി. റവന്യൂ ഡിപ്പാർട്ടുമെൻറു് എന്തുകൊണ്ടു് ഈ വകുപ്പു് പബ്ലിക്കു് ഹെൽത്തു് ഡിപ്പാർട്ടുമെൻറിനു വിട്ടുകൊടുക്കുന്നില്ല എന്നു ഞാൻ ചോദിക്കുന്നു.

൧൯൪൧-ലെ കാനേഷുമാരി കണക്കെടുക്കുന്നതിനു സാനിട്ടറി അസിസ്റ്റൻറന്മാരെയും വാക്സിനേററന്മാരേയും ഗവണ്മെൻറു നിയോഗിച്ചിരുന്നതായി എനിക്കറിയാം. വീടുകൾ നമ്പർ ചെയ്യുന്നതിനുള്ള ജോലിയും അവർക്കു കൊടുത്തിരുന്നു. ൧൦൦ വീടുകൾ നമ്പരടിക്കുന്നതിനു രണ്ടര രൂപാക്രമത്തിൽ അവർക്കു പ്രതിഫലം നൽകാമെന്നു ഗവണ്മെൻറു് അന്നു് സമ്മതിച്ചിരുന്നു. കൂടാതെ നമ്പരടിക്കേണ്ട ആവശ്യത്തിലേയ്ക്കു് കീൽ സപ്ലൈ ചെയ്യാമെന്നും ഗവണ്മെൻറു് സമ്മതിച്ചിരുന്നു. പക്ഷെ ഗവണ്മെൻറു് അതു സപ്ലൈ ചെയ്തില്ല. അതു കിട്ടാതെ വന്നപ്പോൾ ആ ഉദ്യോഗസ്ഥന്മാർ അവരുടെ കൈയിൽനിന്നും പണം ചെലവാക്കി ആ ജോലി നിർവഹിച്ചു. അതിൻെറ പണം അവർക്കു് ഇതുവരെ കൊടുത്തിട്ടില്ല.

[ശ്രീ. പി. രവീന്ദ്രൻ]

മുഴുവൻ തുകയും പററിയതായി അവരെക്കൊണ്ടു് സ്റ്റാമ്പൊട്ടിച്ച രസീതെഴുതി വാങ്ങുകയും ചെയ്യിട്ടുണ്ടു്. മുഴുവൻ തുകയും പററിയിരിക്കുന്നതായി രേഖയുണ്ടാക്കിയിട്ടു് അതു് ഇതുവരെയും കൊടുക്കാതിരിക്കുകയാണു്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ സത്വരമായി പതിയേണ്ടതാണു്. ഇന്നു് ചോദ്യോത്തരവേളയിൽ പബ്ലിക്ക് ഹെൽത്തു് ഡിപ്പാർട്ടുമെൻറിൽ നാലു് നേഴ്സുകളെ നിയമിച്ചിട്ടുള്ളതായി പറഞ്ഞു. മിഡ്വൈഫുമാരുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനായിട്ടാണു് ഉയർന്ന ശമ്പളത്തിൽ നാലുപേരെ നിയമിച്ചിട്ടുള്ളതു്. ഇന്നു് ഓരോ ഹെൽത്തുയൂണിററിലും അസിസ്റ്റൻറു സർജന്മാരും സബ് അസിസ്റ്റൻറു് സർജന്മാരും ഉണ്ടു്. അവർക്കോ ഡിസ്ട്രിക്ട് ആഫീസറന്മാർക്കോ മിഡ്വൈഫുമാരുടെ ജോലി പരിശോധിക്കാമെന്നിരിക്കെ എന്തിനാണു സർവ്വീസിലിരിക്കുന്ന മററുള്ള നേഴ്സുകളുടെ അതൃപ്തി സമ്പാദിച്ചുകൊണ്ടു് ഈ വലിയ നിയമനം നടത്തിയിരിക്കുന്നതെന്നാണു ഞാൻ ചോദിക്കുന്നതു്. പൊതുവെ ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനത്തെപ്പററി വളരെ അസംതൃപ്തിയാണുള്ളതു്. വളരെ അധികം നല്ല കാര്യങ്ങൾ ചെയ്യാൻ കഴിയുന്ന ഈ ഡിപ്പാർട്ടുമെൻറു് ഇങ്ങനെ ശരിയായ രീതിയിൽ പ്രവർത്തിക്കാതിരിക്കുന്നതു ഒട്ടും ശരിയല്ല. ഇന്നത്തെ ഗവണ്മെൻറു് അതിനു വേണ്ട പ്രോത്സാഹനം നൽകുന്നില്ലെന്നാണു് എനിക്കു പറയാനുള്ളതു്. അതിൽ കൂടുതലായി ഈ അവസരത്തിൽ ഞാൻ ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല.

Shri Chengarappally P. Narayanan Potti: Sir, I move: To reduce the total allotment of Rs. 23,63,700 under Demand XX by Rs. 10.

സർ, നമ്മുടെ രാജ്യത്തെ പബ്ലിക്ക് ഹെൽത്തു് ഡിപ്പാർട്ടുമെൻറിനേയും അതിൻെറ ഇതുവരെയുള്ള പ്രവർത്തനങ്ങളേയും കുറിച്ചാലോചിക്കുമ്പോൾ വളരെ വേദനാജനകമായിട്ടുള്ള പല സംഗതികളും നമ്മുടെ ഓർമ്മയിൽ വരും. പബ്ലിക്ക് ഹെൽത്തു ഡിപ്പാർട്ടുമെൻറു് ഒരു മൈനർ ഡിപ്പാർട്ടുമെൻറാണോ മേജർ ഡിപ്പാർട്ടുമെൻറാണോ എന്നെനിക്കു് നിശ്ചയമില്ല. പക്ഷെ അനേകലക്ഷം ജനങ്ങളുടെ ജീവനെയിട്ടു് പന്താടുന്നതും ഗൗരവമായ പ്രശ്നങ്ങളെ സാരമായി ബാധിക്കുന്ന പരീക്ഷണങ്ങൾ നടത്തുന്നതുമായ ഒരു ഡിപ്പാർട്ടുമെൻറാണു് അതെന്നു നമുക്കറിയാം. ഈ ഡിപ്പാർട്ടുമെൻറു് മെഡിക്കൽ ഡിപ്പാർട്ടുമെൻറുമായി യോജിപ്പിക്കണം. ഈ രണ്ടു ഡിപ്പാർട്ടുമെൻറിൻേറയും ആവശ്യം എനിക്കു മനസ്സിലാകുന്നില്ല. രണ്ടിൻേറയും ലക്ഷ്യം ഏതാണ്ടു് ഒന്നുതന്നെയാണു്. രണ്ടിൻേറയും ലക്ഷ്യം ജനങ്ങളുടെ ആരോഗ്യപരമായ കാര്യങ്ങളിൽ ശ്രദ്ധചെലുത്തുകയും അവയിലുള്ള കുറവുകളെ പരിഹരിക്കയും ചെയ്യുക എന്നുള്ളതാണു്. രണ്ടു ഡിപ്പാർട്ടുമെൻറിലും ഡാക്ടറന്മാരും മിഡ്വൈഫുകളും നേഴ്സുകളും ഉണ്ടു്. മെഡിക്കൽ ഡിപ്പാർട്ടുമെൻറു് വേറെയൊരു കാററഗറിയിൽ ഉൾപ്പെട്ടതാണെങ്കിലും രണ്ടിൻേറയും പരമലക്ഷ്യം ഒന്നാണെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ആ നിലക്കു് അനവധി ശമ്പളംകൊടുത്തു് ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളിലും ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിൻെറ

ഉദ്ദേശം എനിക്കു മനസ്സിലാകുന്നില്ല. ഈ ഡിപ്പാർട്ടുമെന്റ് മെഡിക്കൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ആക്കുന്നില്ലെങ്കിൽ മറ്റൊരു നിർദ്ദേശം എനിക്കുള്ളതു് ഇതു് പോലീസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലാക്കണമെന്നാണു്. കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ പബ്ലിക്ക് ഹെൽത്തു് ഡിപ്പാർട്ടുമെന്റും പോലീസ് ഡിപ്പാർട്ടുമെന്റും വളരെ ബന്ധപ്പെട്ടു കിടക്കയാണു്. ഇവിടെ കോളറയും മസൂരിയും കാൺഗ്രസ്സും പോലീസുമെല്ലാമായി എത്ര ആളുകളെയാണു് നശിപ്പിച്ചിട്ടുള്ളതു്!

ശ്രീ. കെ. കരുണാകരൻ: [illegible]. മു. ഇല്ലേ?

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: അതിനു് ഞാൻ ഉത്തരം പറയുന്നില്ല. ജനങ്ങൾ ഉത്തരം പറയേണ്ട ഒരു സംഗതിയാണു്. അതിനവർ ഉത്തരം പറഞ്ഞിട്ടുമുണ്ടു്. ഏതായാലും ഞാൻ ഒരു വാദപ്രതിവാദത്തിലേർപ്പെടാൻ ഉദ്ദേശിക്കുന്നില്ല. കഴിഞ്ഞ ഏതാനും കൊല്ലങ്ങളിൽ ഇങ്ങനെ സമ്മിശ്രമായി പ്രവർത്തനം നടത്തിയതായിട്ടാണു നമുക്കു് കാണാൻ കഴിഞ്ഞിട്ടുള്ളതു്. ജനങ്ങളുടെ ആരോഗ്യത്തെ സംരക്ഷിക്കുന്നതിനു് ഒരു ഡിപ്പാർട്ടുമെന്റ് നടത്തുകയാണെങ്കിൽ അതു് ശരിയായിട്ടു നടത്തണം. അപ്രകാരം ശരിയായി ഈ ഡിപ്പാർട്ടുമെന്റ നടത്തണമെന്നാണു് എനിക്കു് ഇതിനെക്കുറിച്ചു് പറയാനുള്ളതു്. ബഡ്ജററിൽ പല പല സംഗതികൾക്കും പണം ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ള വസ്തുത മറച്ചുവച്ചുകൊണ്ടല്ല ഞാൻ ഇതു് പറയുന്നതു്. നാട്ടിൻപുറങ്ങളിലുള്ള ആളുകൾക്കു് എത്രമാത്രം ഗുണം ഈ ഡിപ്പാർട്ടുമെന്റുകൊണ്ടു് ഉണ്ടായിട്ടുണ്ടെന്നുള്ളതു് ചിന്തനീയമായ ഒരു കാര്യമാണു്. ഗ്രാമീണരുടെ അഭ്യുന്നതിക്കു വേണ്ടി വളരെയധികം രൂപ ഉൾപ്പെടുത്തിയിട്ടുണ്ടു്. പാൽ വിതരണത്തിനു് ൫,൯൫,൭൦൦ രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. അതുപോലെ മററു ചില ഇനങ്ങളും കാണുന്നുണ്ടു്. ഇതുകൊണ്ടെല്ലാം ഗുണം അനുഭവങ്ങൾ സിദ്ധിച്ചിട്ടുള്ളവർ എത്രയുണ്ടെന്നോ ഇതിന്റെ പ്രത്യക്ഷഫലം എത്രയാളുകൾ അനുഭവിച്ചിട്ടുണ്ടെന്നോ ഉള്ളതിലേയ്ക്കു് ഞങ്ങളുടെ മുമ്പിൽ കണക്കുകളൊന്നും വച്ചിട്ടില്ല. മാത്രമല്ല അതിനെപ്പററി പറയാനുള്ള സൗകര്യവുമില്ല. മസൂരിക്കും മററും കുത്തിവയ്ക്കാൻ നടക്കുന്ന വാക്സിനേറററന്മാരുടെ കാര്യം പറയുകയാണെങ്കിൽ അവർ സാധാരണ സ്റ്റെറലൈസ് ചെയ്തല്ല കുത്തിവയ്ക്കുന്നതു്. അതുകൊണ്ടു് ഗോവസൂരിപ്രയോഗംകൊണ്ടു് എത്രമാത്രം പ്രയോജനം ഉണ്ടാകുമെന്നുള്ളതു് അതിന്റെ ഫലം കണ്ടിട്ടുമാത്രം നിശ്ചയിക്കേണ്ടതാണു്.

മസ്കിറേറാ കൺട്രോളിനു് വളരെ തുക നീക്കിവച്ചിട്ടുണ്ടു്. എന്നിട്ടും നമ്മുടെ രാജധാനിയായ തിരുവനന്തപുരം നഗരത്തിൽപോലും ഇന്നും ആളുകൾ കൊതുകുകടിയുംകൊണ്ടാണു് കിടക്കുന്നതു്. ഇവിടെ നിന്നു വടക്കോട്ടുപോയാലുള്ള കൊതുകിന്റെ ശല്യം എത്രമാത്രമാണെന്നു നമുക്കെല്ലാം അറിയാവുന്ന ഒരു കാര്യമാണു്. കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, അമ്പലപ്പുഴ, ചേർത്തല മുതലായ തീരപ്രദേശങ്ങളിൽ കൊതുകിന്റെ ശല്യം വളരെ കൂടുതലാണു്. എറണാകുളത്തെ കാര്യത്തെപ്പററി പറയാതിരിക്കയാണു ഭേദം. മനുഷ്യരെക്കാൾ വലിയ കൊതുകുകളാണു് അവിടെയുള്ളതു്. രാത്രിയിൽ ഉറങ്ങാനോ ജോലി ചെയ്യാനോ സാധിക്കയില്ല. അതിനെ അടിച്ചുകൊന്നും ഒരു സമരം നടത്തിവേണം

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോറ്റി]

രാത്രി കഴിച്ചുകൂട്ടേണ്ടത്. ഇത് ഞാൻ സ്വന്ത അനുഭവത്തിൽനിന്നും പറയുകയാണ്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: മെമ്പർ അതിനെന്തു പ്രതിവിധിയാണ് നിർദ്ദേശിക്കുന്നത്?

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോറ്റി: കൊതുകിനെ കൊല്ലുന്ന മലേറിയ ഡിപ്പാർട്ടുമെന്റ ശരിയായി നടത്തണമെന്നാണ് ഞാൻ പറയുന്നത്. ആ പ്രശ്നത്തിന്റെ ഒരു വക്കിൽപ്പോലും ഡിപ്പാർട്ടുമെന്റിന് എത്താൻ സാധിച്ചിട്ടില്ലെന്നു ധൈര്യമായിപ്പറയാൻ കഴിയും.

അമ്പലപ്പുഴ, കാർത്തികപ്പള്ളി, കരുനാഗപ്പള്ളി, കൊല്ലം മുതലായ സ്ഥലങ്ങളിലെ മന്തുരോഗനിവാരണത്തിന് ൩൦,൩൦൦ രൂപ നീക്കിവച്ചിട്ടുണ്ട്. ഞങ്ങളുടെ നാട്ടിൽ അതിന് ഒരു ആഫീസ് ഉണ്ട്. ആ ആഫീസ് തുറക്കുകയോ അവിടെ ആരെങ്കിലും ജോലി ചെയ്യുകയോ ചെയ്യുന്നതായി എനിക്ക് അറിവില്ല. ഒരു മുറുക്കാൻകടയുടെ മുട്ടിൽ ഫൈലേറിയൽ കൺട്രോൾ എന്ന് എഴുതിവച്ചിട്ടുണ്ട്. അവിടെ ഉദ്യോഗസ്ഥന്മാർ വരുന്നതായോ ആ കടയുടെ പലക തുറക്കുന്നതായോ കണ്ടിട്ടില്ല. ഞങ്ങളുടെ നാട്ടിലുള്ള ആളുകൾക്കും കുട്ടികൾക്കും പത്തുപതിനഞ്ചു വയസ്സാകുമ്പോൾ മുതൽ അവർക്ക് മന്തു വരുന്നത് ഇന്നോ നാളെയോ എന്ന് വളരെ ഭയന്നാണിരിക്കുന്നത്. അത്രമാത്രം മന്തിന്റെ ശല്യമുള്ള ഒരു സ്ഥലമാണത്. ഞങ്ങളുടെ നാട്ടിലെ വേലായുധസ്വാമിക്കുപോലും മന്തുണ്ടെന്നാണ് പറയുന്നത്. അതുകൊണ്ട് അദ്ദേഹം വിവാഹം കഴിക്കാതിരിക്കുന്നു എന്നൊരു കഥപോലും ഉണ്ട്. അടുത്തുള്ള ഒരു ഭഗവതിയെ വിവാഹം കഴിക്കുന്നതിനുപോയപ്പോൾ ഭഗവതി കിണറ്റിൽ ചാടി എന്നാണ് പറയുന്നത്.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻ നായർ: മന്തുള്ളതുകൊണ്ടാണോ ഭഗവതി കിണറ്റിൽ ചാടിയത്?

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോറ്റി: എന്നാണ് പറയുന്നത്. അവിടെയുള്ള ഈശ്വരന്മാർപോലും മന്തുവന്നിട്ട് വിവാഹം കഴിക്കാൻ പാടില്ലാതെ വന്നതായി പറയുന്നുണ്ട്.

ശ്രീ. ഒ. സി. നൈനാൻ: പബ്ലിക്ക്ഹെൽത്ത് വന്നകാലം മുതലാണോ മന്തുള്ളത്?

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോറ്റി: ഹരിപ്പാട്ട് വേലായുധസ്വാമി ഉള്ളപ്പോൾമുതലുണ്ട്.

നമ്മുടെ നാട്ടിൽ ഈ മന്തുരോഗം ദിവസംതോറും വർദ്ധിച്ചു വരികയാണ്. വിശേഷിച്ചും തീരപ്രദേശങ്ങളിൽ താമസിക്കുന്ന ആളുകളെ ഈ രോഗം വിപുലമായ തോതിൽ ആക്രമിക്കുന്നുണ്ടെന്നുള്ള കാര്യം അറിയിക്കാനാണ് ഞാൻ ഇത്രയും പറഞ്ഞത്.

അടുത്തതായി ലപ്രസി റിലീഫ് വർക്സിന് ൨,൫൦,൦൦൦ രൂപ നീക്കിവച്ചിട്ടുള്ളതിനെപ്പററി എനിക്ക് രണ്ടു വാക്കു പറയേണ്ടിയിരിക്കുന്നു. ഈ കുഷ്ഠരോഗം എന്നു പറയുന്നത് ഏററവും വെറുക്കപ്പെട്ട ഒരു രോഗമാണെന്ന് എല്ലാവർക്കുമറിയാം. ഇവിടെ നൂറനാട്ട് ഒരു ലപ്പർ കാളനിയുണ്ട്. അവിടത്തെ ചികിത്സയുടെ ഫലത്തെപ്പററി എനിക്ക് ഒന്നും അറിയാൻ നിവൃത്തിയില്ല. കവലകളിലും റോഡിന്റെ ഇരു വശങ്ങളിലും, മണ്ണാർശാല ആയില്യം, എടത്വാ പെരുനാൾ തുടങ്ങിയ വിശേഷസ്ഥലങ്ങളിലും അംഗഭംഗം വന്ന ആളുകൾ വികൃതമായ രൂപത്തോടുകൂടി ജീവിതത്തിൽ ആശ നശിച്ചു വന്നുകൂടുന്നുണ്ട്. അവരെയെല്ലാം തല്ലിയോടിക്കണമെന്നോ തല്ലിക്കൊല്ലണമെന്നോ പറയാനുള്ള ധൈര്യമെനിക്കില്ല. എന്നാൽ അവരിൽനിന്നും മററുള്ളവർക്ക് മോചനം കിട്ടേണ്ടതു് വളരെ അത്യാവശ്യമാണ്. അതിലേക്ക് റിലീഫ് സെൻററുകൾ ഉണ്ടാക്കണം. ആ വിഷയത്തിലേക്ക് നീക്കിവച്ചിരിക്കുന്ന തുക അതിലേക്കുതന്നെ ചെലവാക്കിയാൽ രാജ്യത്തിനും ജനങ്ങൾക്കും സഹായകരമായിരിക്കുമെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. അതിലേക്ക് മാററിവക്കുന്ന തുക മതിയോ പോരയോ എന്നുള്ളതിനെപ്പററിയല്ല ഞാൻ പറയുന്നതു്. നീക്കിവച്ചിട്ടുള്ള തുകയെങ്കിലും ആ ഉദ്ദേശത്തിനുവേണ്ടിത്തന്നെ ചെലവാക്കണമെന്നാണ് ഞാൻ പറയുന്നതു്. സാംക്രമിക രോഗം പല പല സുഖക്കേടുകൾ ഉണ്ടാക്കുന്ന കാലമാണിതു്. പരീക്ഷണങ്ങൾ നടത്തിവരുമ്പോൾ പുതിയ പുതിയ സുഖക്കേടുകളുടെ പേരുകൾ നാം എന്നും കേൾക്കാറുണ്ട്. അങ്ങനെയുള്ള പുതിയ സുഖക്കേടുകളെ പരിഹരിക്കാൻ പുതിയ പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്ന ഈ കാലത്തു് നമ്മുടെ നാട്ടിൽ ഇങ്ങനെയൊരു ശല്യം ഉണ്ടാകാതെ ജനങ്ങളെ അതിൽനിന്നും രക്ഷിക്കാൻ ഗവണ്മെൻറ് തയാറാകണമെന്നാണ് എനിക്കു പറയാനുള്ളതു്.

ഞങ്ങളുടെ നാട്ടുകളിൽ ശുദ്ധജലം കിട്ടാനുള്ള വൈഷമ്യം ഒരു ശോച്യത്തിനു വിഷയമായിട്ടുള്ള ഒരു കാര്യമാണ്. ആ വൈഷമ്യം ഒന്നുകൂടി ഈ അവസരത്തിൽ ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നുകൊള്ളുന്നു. ഈ വൈഷമ്യം കടലോരപ്രദേശങ്ങളെ മാത്രം ബാധിക്കുന്ന ഒന്നായിരുന്നു. ഇപ്പോൾ കുട്ടനാടൻ പ്രദേശങ്ങളിലും, ചങ്ങനാശേരി കോട്ടയം, തിരുവല്ലാ, ഹരിപ്പാട് മുതലായ സ്ഥലങ്ങളിലും ഓരുവെള്ളം കേറി ശുദ്ധജലം കിട്ടാതെ വന്നിരിക്കുന്നു. ഓരു വെള്ളം കയറാതെ നോക്കുകയോ, അല്ലാത്തപക്ഷം ശുദ്ധജലം കിട്ടാനുള്ള മറേറർപ്പാടുകൾ ചെയ്യുകയോ ചെയ്യണമെന്നു് ഞാൻ ആവശ്യപ്പെട്ടുകൊള്ളുന്നു.

ഓരോ ഡിപ്പാർട്ടുമെന്റിന്റെയും ബഡ്ജററ നോക്കാൻ അറിയാൻ പാടില്ലാത്തതുകൊണ്ടോ, ധനകാര്യമന്ത്രി ഒരവസരത്തിൽ പറഞ്ഞതുപോലെ പാർലിമെൻററി ശിശുക്കളായതുകൊണ്ടോ, അതല്ല ബഡ്ജററിൽ ശരിയായ വിവരമില്ലാത്തതുകൊണ്ടോ എന്തോ ചില സംഗതികൾ എനിക്കു മനസ്സിലാകുന്നില്ല. പോസ്ററവാർ റികൺസ്ട്രക്ഷനിലേക്ക് ഡെബിററ ചെയ്യുന്നതെന്നു കാണിച്ചു് ഒരു തുക മിക്ക ഡിപ്പാർട്ടുമെൻറുകളുടെ ബഡ്ജററിലും നീക്കിവച്ചിട്ടുണ്ട്. പബ്ലിക്ഹെൽത്തിലേക്കു നീക്കിവച്ചിട്ടുള്ളതിൽ ൨ ലക്ഷത്തിൽ ചില്വാനം രൂപ പോസ്ററവാർ റികൺസ്ട്രക്ഷനിൽ ഡെബിററ ചെയ്യണമെന്നു ഒരു കണക്ക് [illegible]തിട്ടുണ്ട്.

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി]

അതു് ഈ കണക്കുകളും ഈ അങ്കങ്ങളും തമ്മിൽ യോജിക്കാനായി ചെയ്തിരിക്കുന്ന രീതിയാണോ എന്നു പറഞ്ഞുതന്നാൽ കൊള്ളാം. ഞാൻ പറയുന്നതു് പബ്ലിക്ഹെൽത്തിൽ കൊള്ളിച്ചിട്ടുള്ള തുക അതിനു തന്നെ ചെലവാക്കണമെന്നാണു്. ഈ ഡിപ്പാർട്ടുമെൻറിനെന്നു മാത്രമല്ല എല്ലാ ഡിപ്പാർട്ടുമെൻറിലേക്കും കൊള്ളിച്ചിട്ടുള്ള തുകകൾ അതാതു ഡിപ്പാർട്ടുമെൻറുകൾക്കു തന്നെ ചെലവാക്കണം.

ഈ ഡിപ്പാർട്ടുമെൻറിനെപ്പററിയും മററെല്ലാ ഡിപ്പാർട്ടുമെൻറുകൾക്കും ഉള്ളതുപോലെ പല പല പരാതികൾ ഉണ്ടു്. സർവീസുസംയോജനം നടത്താത്തതിനാൽ താഴ്ന്ന ശമ്പളക്കാരായ ഉദ്യോഗസ്ഥന്മാർക്കു് വളരെ പരാതികൾ ഉണ്ടു്. ഞാൻ ആ കാര്യങ്ങളൊന്നും സമയദൌർലഭ്യത്താൽ പ്രത്യേകം എടുത്തു പറയുന്നില്ല. ഈ കാര്യങ്ങളെല്ലാം ബഹുമാനപ്പെട്ട പൊതുജനാരോഗ്യവകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിക്കൊണ്ടു് ഞാൻ എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ഡാക്ടർ എം. ശിവരാമൻ നായർ: സർ, ഈ ഗവണ്മെൻറിൻെറ കീഴിലുള്ള ഏററവും സർവ്വപ്രധാനമായ ഒരു ഡിപ്പാർട്ടുമെൻറിനെപ്പററി ചിലതു പറയുവാനാണു് ഞാൻ ഉദ്ദേശിക്കുന്നതു്. പബ്ലിക്ഹെൽത്തു് ഡിപ്പാർട്ടുമെൻറു്—അതിൽ ഇപ്പോഴുള്ള പോരായ്മകളെപ്പററിയും മററും പ്രതിപക്ഷത്തുള്ള എൻെറ സ്നേഹിതന്മാർ സംസാരിച്ചു കേട്ടു. ആ ഡിപ്പാർട്ടുമെൻറിൻെറ പ്രാധാന്യത്തെപ്പററി ഒന്നടങ്കം സമ്മതിച്ചിട്ടുള്ളതു് സന്തോഷാവഹം തന്നെ. അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെൻറിൻെറ ഡിമാൻറു വന്നപ്പോൾ അതിൻെറ ഉപയോഗശൂന്യതകൊണ്ടു്, ആ ഡിപ്പാർട്ടുമെൻറു നിറുത്തൽ ചെയ്യണമെന്നു പറഞ്ഞ ചില സ്നേഹിതന്മാർ, ചില കുറവുകളെല്ലാം ഉള്ളതുകൊണ്ടു് ഇതും നിറുത്തലാക്കണമെന്നു പറയാതിരുന്നതിൽ എനിക്കു് വളരെ ചാരിതാർത്ഥ്യമുണ്ടു്.

സർ, ഈ ഡിപ്പാർട്ടുമെൻറു് ഏററവും പ്രധാനപ്പെട്ട ഒന്നാണു്. അതിൽ എത്ര ചെലവു ചെയ്താലും അധികമായി പോകുന്നതല്ല. എന്തുകൊണ്ടെന്നാൽ നമ്മെ ശരിയായി ചിന്തിപ്പിക്കുവാനും പ്രവർത്തിപ്പിക്കുവാനും നിദാനമായിട്ടുള്ള ആരോഗ്യത്തിൻെറ സംരക്ഷണമാണു് ഈ ഡിപ്പാർട്ടുമെൻറിൻെറ ചുമതല. രോഗപ്രതിരോധവും ആരോഗ്യസംരക്ഷണവും ഏററവും പ്രധാനമായിട്ടുള്ള സംഗതികളാണല്ലോ.

സർ, ഇതിൻെറ പ്രാധാന്യത്തെപ്പററി പറയുമ്പോൾ അന്യരാജ്യങ്ങൾ അതിനു നൽകിയിട്ടുള്ള പ്രാധാന്യത്തെപ്പററി അനുസ്മരിക്കേണ്ടതുണ്ടു്. അതിൻെറ ശരിയായ പ്രവർത്തനംകൊണ്ടു് സാധിച്ചിട്ടുള്ള നേട്ടങ്ങളെ ഗണിക്കേണ്ടതുണ്ടു്. ഇംഗ്ലണ്ടിൽ നാഷണലൈസേഷൻ ആഫ് ഹെൽത്തു് സർവീസസ് നടപ്പാക്കി, പുരോഗമനപരമായ പല പ്രവർത്തനങ്ങളും നടത്തുന്നുണ്ടു്. മററു പാശ്ചാത്യരാജ്യങ്ങളും, കാളറാ, മസൂരി, പ്ലേഗ്, കുഷ്ഠം മുതലായ സാംക്രമിക രോഗങ്ങളെ പാടെ നിർമ്മാർജ്ജനം ചെയ്യുവാൻ ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം സഹായകമായിട്ടുണ്ടു്.

ഇവിടെ ഈ ഡിപ്പാർട്ടുമെൻറിൻെറ പൊതുനയമെന്തായിരിക്കണ മെന്നുള്ളതിനെപ്പററി ചിലതു പറഞ്ഞുകൊള്ളട്ടെ. മെഡിക്കൽ ഡിമാൻഡ വാദപ്രതിവാദത്തിനു വന്നപ്പോൾ ഞാൻ സൂചിപ്പിച്ചതുപോലെ ഇവിടെ മെഡിക്കൽ സർവ്വീസസ്സിൻെറ സംയോജനം നടപ്പിലാക്കേണ്ടതു് വളരെ അത്യാവശ്യമാണു്. വർക്കു് ഓവർ ലാപ്പിങ്ങു് കൂടാതെ കഴിക്കയും ഇപ്പോഴത്തെ രീതിയിൽ ഉള്ളതിനെക്കാൾ കാര്യക്ഷമതയോടെ പ്രവൎത്തനം നടത്തുവാൻ ഉപകരിക്കുന്നതുമായ ഒരേർപ്പാടാണു് അതു്. ഈ കാര്യത്തിൽ ഗവണ്മെൻറിൻെറ സത്വരശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

രണ്ടാമതായി പറയാനുള്ളതു് പബ്ലിക് ഹെൽത്തു് പ്രോപ്പഗാൻഡയെക്കുറെക്കൂടി ഊർജ്ജിതപ്പെടുത്തണമെന്നുള്ളതിനെപ്പററിയാണു്. ഇതെപ്പററിയുള്ള വിജ്ഞാനം ജനങ്ങളുടെ ഇടയിൽ കുറവാണു്. ഈ വിഷയത്തിൽ കൂടുതൽ പ്രവൎത്തിക്കേണ്ടതു് നമ്മുടെ കടമയാണു്.

അടുത്തതായി പറയുവാനുള്ളതു്, വിദ്യാർത്ഥികളുടെ പിഞ്ചുഹൃദയങ്ങളിൽ ആരോഗ്യസംവർദ്ധകമായ ജീവിതരീതി നയിക്കുന്നതിനു് ആഗ്രഹം ജനിപ്പിക്കുന്നതിനുവേണ്ടി സ്കൂൾ കരിക്കുലത്തിൽ ഈവക വിഷയങ്ങൾ ഉൾപ്പെടുത്തുക എന്നുള്ളതാണു്. വ്യായാമകാര്യങ്ങളിലും കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണു്, കളക്ററീവ് എക്സർസൈസ്, സ്കൂളുകളിൽ കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടതാണു്. മെൻറൽ ഹൈജീൻ പുഷ്ടിപ്പെടുത്തേണ്ടതു് വളരെ ആവശ്യമുള്ള ഒരു കാര്യമാണു്. ശുദ്ധമായ വിചാരങ്ങളും വികാരങ്ങളും അച്ചടക്കത്തോടുകൂടിയ പ്രവൎത്തനശീലത്തെ പ്രോത്സാഹിപ്പിക്കുന്നതാണു്.

മൊബൈൽ യൂണിററുകൾ കൂടുതൽ ഏർപ്പെടുത്തി എക്സറേ യൂണിററുകൾ ഗ്രാമങ്ങളിൽ എത്തിച്ചു് ക്ഷയരോഗത്തെയും മററും തടയേണ്ടതാണു്. രോഗനിരോധനശക്തിയെ പോഷിപ്പിക്കേണ്ടതു് രോഗനിവാരണങ്ങളിൽ പരമപ്രധാനമായ ആവശ്യമാണു്. അതിനു് നട്രിഷ്യൻ ഒരു മെഡിക്കൽ ആഫീസറിൻെറ കീഴിൽ സുശക്തമായ ഒരു ഘടകമായി സംയോജിപ്പിക്കേണ്ടതും തദ്വാരാ തദ്വിഷയകമായ പ്രബോധനം നൽകേണ്ടതുമാണു്.

സർ, ഇവിടെയുള്ള പബ്ലിക് ഹെൽത്തു് ഡിപ്പാർട്ടുമെൻറിലേക്കു് കടന്നാൽ അതിൽ പല പോരായ്മകളും കാണുന്നുണ്ടു്. ഇതിൻെറ ചെലവു് ൧൯൫൦–൫൧-ൽ ൧൭·൭ ലക്ഷം രൂപയായിരുന്നതു് ൫൧-൫൨-ൽ ൨൯·൦ ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ഇപ്പോൾ ൩൨·൨൫ ലക്ഷം രൂപയാണു് ചെലവിനത്തിൽ കൊള്ളിച്ചിട്ടുള്ളതു്. ക്രമപ്രവൃദ്ധമായ പുരോഗതി ഈ ചെലവിനത്തിൽ ഉണ്ടെന്നു തോന്നാമെങ്കിലും വരവിൻെറ അൻപതിലൊന്നു മാത്രമാണു് ഇത്രയും പ്രാധാന്യമേറിയ ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവൎത്തനത്തിനായി കൊള്ളിച്ചിരിക്കുന്നതെന്നു നോക്കുമ്പോൾ അതു ശോചനീയമായ ഒരു കാര്യമാണെന്നു പറയേണ്ടിയിരിക്കുന്നു.

മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ ഒരേ ക്വാളിഫിക്കേഷനോടുകൂടി പ്രവേശിക്കുന്ന ഒരു ഉദ്യോഗസ്ഥനു കിട്ടുന്ന ശമ്പളം മാത്രമേ ഇവിടെയും കിട്ടുന്നുള്ളു എന്നതു് പ്രാപ്തിയുള്ള ആളുകളെ ഇങ്ങോട്ടു ആകർഷിക്ക

[ഡാക്ടർ എം. ശിവരാമൻനായർ]

ത്തക്ക ഒരു സംഗതിയല്ല. പ്രാക്ടീസിനത്തിൽ മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ ഒരു വരവുണ്ടായിരിക്കുമെന്നിരിക്കെ, അതേ ക്വാളിഫിക്കേഷനും കൂടുതലായി ഡി. പി. എച്ച്. മുതലായ ഡിഗ്രിയുമുള്ള ഓഫീസർക്ക് ഇവിടെയും അതേ ശമ്പളനിരക്ക് എന്നുള്ള വ്യവസ്ഥ മാററുകതന്നെ വേണം. അവർക്ക് കാമ്പൻസേററി അലവൻസ് കൊടുക്കേണ്ടതുമാണ്. സാനിട്ടറി അസിസ്റ്റൻസിൽ ക്വാളിഫിക്കേഷൻ ഇല്ലാത്ത പലരും ഉണ്ട്. അവർക്ക് കൂടുതൽ ട്രെയിനിംഗ് കൊടുത്ത് അവർ അർഹിക്കുന്ന ശമ്പളവർദ്ധനവു കൊടുത്ത് പ്രോത്സാഹിപ്പിക്കേണ്ടതാണ്.

മിൽക്ക് ക്യാൻറീൻ ഇനത്തിൽ ൧,൫൧,൬൦൦ രൂപ കൊള്ളിച്ചിട്ടുണ്ട്. അതു നല്ലതുതന്നെ. പക്ഷെ ഇതിൻെറ പ്രവൃത്തനത്തിൽ ഡയറക്ടർ കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്നു മാത്രമേ തൽക്കാലം അതിനെപ്പററി പറയുവാനുള്ളു. മസ്കിറോ കൺട്രോളിനത്തിൽ കൊള്ളിച്ചിരിക്കുന്ന ൨.൦൩ ലക്ഷം രൂപ കാര്യക്ഷമമായി വിനിയോഗിക്കയും മുനിസിപ്പാലിററികൾ ഈ പ്രവൃത്തനത്തിൽ കൂടുതൽ ചുമതല എടുക്കാൻ ശ്രമിക്കേണ്ടതുമാകുന്നു. പബ്ലിക് ഹെൽത്തു ലാബറട്ടറി, പല കാരണങ്ങൾ കൊണ്ടും സംയോജിപ്പിച്ച ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ കൊണ്ടുവരേണ്ടതാണ്. അതിൻെറ ആവശ്യകതയെപ്പററി മെഡിക്കൽ ഡിമാൻറ് വേളയിൽ ഞാൻ പ്രസ്താവിച്ചിട്ടുണ്ട്. പ്രാപ്പഗാൻഡയ്ക്കു വളരെ പ്രാധാന്യമുള്ള ഈ ഡിപ്പാർട്ടുമെൻറിൽ പബ്ലിക് ഹെൽത്തു് എഡ്യുക്കേഷനു വേണ്ടി തുക കൊള്ളിക്കാതിരുന്നതിനുള്ള കാരണം അജ്ഞാതമാണ്. ഇക്കാര്യത്തിൽ വേണ്ടപോലെ പ്രവർത്തിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ഇതുവരെ ഇവിടെ ബി. സി. ജി. പ്രവൃത്തനം നടത്തിയിട്ടുള്ളതിനെപ്പററി ഒരു ശരിയായ റിപ്പോർട്ടു വരുത്തേണ്ടതാണ്. വില്ലേജുപഞ്ചായത്തുകളിൽ നിവൃത്തിയുള്ളിടത്തോളം ഓരോ മിഡ്വൈഫിനെ നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ചികിത്സാസമ്പ്രദായവും രോഗനിവാരണ മാർഗ്ഗങ്ങളും ഒരുമിച്ച് കൊണ്ടുപോകയാണ് വേണ്ടതെന്നുള്ള എൻെറ അഭിപ്രായത്തിന് ഉപോൽബലകമായി ഈ ഡിപ്പാർട്ടുമെൻറിൽ നിന്നും തന്നെ കമ്പളത്തിയിലും കുന്നത്തുനാട്ടുകളത്തും, കരുനാഗപ്പള്ളിയിലും ഓരോ ഡിസ്പെൻസറി നടത്തുന്നുവെന്നുള്ളതു് സന്തോഷജനകം തന്നെ.

പൊതുവേ പറയുകയാണെങ്കിൽ പല പബ്ലിക് യൂട്ടിലിററി ഡിപ്പാർട്ടുമെൻറിലും കാണുന്ന മാതിരി ഇവിടെയുമുള്ള അലസമനോഭാവം, കാര്യക്ഷമതയില്ലായ്മ, പ്രയോജനരാഹിത്യം എന്നിവയെ മാററി രാജ്യത്തിനു ക്ഷേമപ്രദങ്ങളായ പരിപാടികൾ ഭാവനാത്മകമായ രീതിയിൽ സ്വീകരിക്കണമെന്ന് ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. ജെ. താമസ്: ഒരു രാജ്യത്തിൻെറ യഥാർത്ഥമായ സമ്പത്തു അവിടത്തെ ആരോഗ്യദൃഢഗാത്രന്മാരായ, ചൊടിയും ചുണയുമുള്ള, പൗരസഞ്ചയമാണ്. ഇങ്ങനെ ഒരു ജനതയെ ആരോഗ്യവാന്മാരാക്കി സംരക്ഷിക്കേണ്ടതു് അവിടത്തെ ഗവൺമെൻറിൻെറ അനപേക്ഷണീയമായ ഒരു കർത്തവ്യമാണ്. പ്രത്യേകിച്ചും ഒരു ജനകീയഗവൺമെൻറിനു് ഇക്കാര്യത്തി

ചുള്ള ചുമതല അവഗണിക്കാവുന്നതല്ല. എന്നാൽ നമ്മുടെ ഗവണ്മെൻറ് ഇക്കാര്യത്തിൽ കാണിക്കുന്ന അലസത ഏററവും അപലപനീയമാണെന്നു മാത്രമേ എനിക്ക് പറയുവാനുള്ളു. പബ്ലിക്ക്ഹെൽത്തു ഡിപ്പാർട്ടുമെൻറിൻെറ പ്രധാനമായ ഉദ്ദേശം രോഗനിവാരണത്തിനു വേണ്ടിയുള്ള മാർഗ്ഗങ്ങളെപ്പററി ജനങ്ങൾക്ക് വേണ്ട ഉപദേശങ്ങൾ കൊടുക്കുകയെന്നുള്ളതാണ്. അതിനു് ഏററവും മുഖ്യമായി വേണ്ടതു് പ്രചരണമാണ്. പ്രചരണത്തിനായി ഇവിടെ ഒരു ആഫീസർ ഉണ്ട്. അദ്ദേഹത്തിനു് ശമ്പളം കൊടുക്കുന്നു. പ്രത്യേക വാനുണ്ട്. പക്ഷെ ഈ ഡിപ്പാർട്ടുമെൻറുകാർ എന്തു പ്രചരണമാണ് ചെയ്യുന്നതെന്നു എനിക്ക് അറിഞ്ഞുകൂടാ. ആരോഗ്യത്തിനു ഹാനികരമായ നമ്മുടെ ദുശ്ശീലങ്ങളെ മാററുന്നതിനെപ്പററിയും മററും ഉപദേശിക്കുന്നതിനു് ഇവർ എന്തു പ്രചരണം നടത്തുന്നുവെന്നാണ് ഞാൻ ചോദിക്കുന്നതു്. ഞാൻ കുട്ടിയായിരിക്കുമ്പോൾ എൻെറ പ്രദേശത്തു് മേജിക്ക് ലാൻേറൺ ഉപയോഗിച്ച് ആരോഗ്യസംബന്ധമായ പ്രചരണങ്ങൾ നടന്നതായി എനിക്കറിയാം. ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ എനിക്ക് ഓർമ്മവെച്ചതിനുശേഷം അങ്ങനെ ഒരേർപ്പാട് അവിടെ എങ്ങും ഉണ്ടായിട്ടില്ല.

ഗ്രാമപ്രദേശങ്ങളിൽ ഈമാതിരിയുള്ള പ്രചരണങ്ങൾ നടത്തേണ്ടതു് അത്യന്താപേക്ഷിതമാണ്. മാജിക്ക് ലാൻേറൺ മുഖാന്തിരവും ഡാക്കുമെൻററിഫിലിം മുഖാന്തിരവും ആരോഗ്യത്തിനു് ഹാനികരമായ ജനങ്ങളുടെ ശീലങ്ങളെപ്പററി അവർക്ക് വേണ്ട ഉൽബോധനം നൽകേണ്ടതു് അത്യാവശ്യമാണ്. തെരുവീഥികൾതോറും ഇന്നു് ധാരാളം രോഗികളെ കാണുന്നുണ്ട്. തിരുവനന്തപുരം നഗരത്തിൽതന്നെ വഴികളുടെ ഇരുവശങ്ങളിലും മലവിസർജ്ജനം ചെയ്യുവരുന്നതായി കാണുന്നു. ഈ അസംബ്ലി കെട്ടിടത്തിൻെറ ഒരു ഫർലാംഗ് ദൂരത്തിലും അങ്ങനെ കാണുന്നുണ്ട്. ഇതു മൂലം രോഗം പകരാൻ ഇടയാകുന്നുണ്ട്.

ആവശ്യമുള്ളത്ര ലാട്രീൻസു് ഉണ്ടാക്കുകയെന്നുള്ളതാണ് ഇതിനു പരിഹാരം. കൂടുതൽ ജനങ്ങൾ നിവസിക്കുന്ന സ്ഥലങ്ങളിൽ കൂടുതൽ കക്കൂസുകൾ ഉണ്ടാക്കണം. ആളുകൾ അധികം സമ്മേളിക്കുന്ന സ്ഥലങ്ങളിലും ഇങ്ങനെയുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. ചന്തസ്ഥലങ്ങളിലും മററും എത്രമാത്രം മാലിന്യങ്ങളാണുള്ളതെന്നും, അവിടെ വന്നു ചേരുന്ന ജനങ്ങളിൽ എത്രപേർ രോഗബാധിതരാണെന്നും അന്വേഷിച്ചാൽ ബോദ്ധ്യപ്പെടുന്നതാണ്. ആവശ്യമുള്ളിടത്തോളം ഓടകളില്ലാത്തതു മൂലം മാലിന്യങ്ങൾ ഒലിച്ചുപോകുന്നതിനു് സൗകര്യപ്പെടാതെ പലയിടത്തും വൃത്തിഹീനമായ നിലയിൽ പൊതുനിരത്തുകൾ കാണപ്പെടുന്നു. മണ്ടക്കയത്തു് പുത്തൻചന്ത എന്നൊരു പ്രദേശമുണ്ട്. അവിടെ മാടറുക്കുന്ന കച്ചവടക്കാർ, ഉച്ഛിഷ്ടമെല്ലാം ചന്തയുടെ അടുത്തുള്ള ഒരു സ്ഥലത്താണ് കൂട്ടിഇടുന്നതു്. അതു് അവിടെകിടന്നു ചീഞ്ഞളിഞ്ഞു് ദുർഗ്ഗന്ധം വമിക്കുന്നതുകാരണം തുടർച്ചയായി പല പകർച്ചവ്യാധികൾ ഉണ്ടാകാറുണ്ട്. ഈ നില തുടങ്ങിയിട്ട വളരെ വർഷങ്ങളായി. അതിനെപ്പററി അവിടത്തെ ജനങ്ങൾ പലപ്രാവശ്യം ഗവണ്മെൻറിൽ പരാതികൾ ബോധിപ്പിച്ചിട്ടുണ്ട്. എന്നാൽ അതൊക്കെ ആരാഞ്ഞു വേണ്ട പരിഹാരം വരുത്തേണ്ട ഡിപ്പാർട്ടുമെൻറ് പല കാരണങ്ങളാലും അതിനെപ്പററി അന്വേഷിക്കുവാനിടയായിട്ടില്ല. അതിൻെറ ഫലമായി അവിടെ മസൂരിരോഗം

[ശ്രീ. കെ. ജെ. താമസ്സ്.]

ഉണ്ടാകുന്നതും, ധാരാളം ആളുകൾ തന്മൂലം മരണമടയുന്നതും ഗവണ്മെന്റിനു് അറിയാം. ഇക്കൊല്ലവും അങ്ങനെ മരണമുണ്ടായി.

ശ്രീ. നാരായണൻപോററി പറഞ്ഞതുപോലെ പകച്ചവ്യാധികൾ ഉള്ള രോഗികളെ ജനവാസമുള്ള പട്ടണങ്ങളിൽക്കൂടി നിരുപാധികം സഞ്ചരിക്കുവാൻ അനുവദിച്ചുകൂടാത്തതാണു്. കുഷ്ഠരോഗികളും, ക്ഷയരോഗികളും ഇങ്ങനെ ധാരാളം സഞ്ചരിക്കുന്നുണ്ടു്. ഇതുമൂലം ഉണ്ടാകുന്ന ഉപദ്രവങ്ങളിൽനിന്നും പൊതുജനങ്ങളെ രക്ഷിക്കേണ്ടതു് ഗവണ്മെന്റിന്റെ ചുമതലയാണു്. പകച്ചവ്യാധികളുള്ള രോഗികൾ അലഞ്ഞുതിരിയുന്നതിനു് അനുവദിച്ചുകൂടാ. അവക്കു് കേന്ദ്രങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും, ആവശ്യമായ ചികിത്സകൾ നൽകുകയും ചെയ്യേണ്ട കടമ ഗവണ്മെന്റിനുണ്ടു്.

ജനങ്ങളുടെ ആരോഗ്യം നിലനിൽക്കണമെങ്കിൽ വ്യായാമം ആവശ്യമാണു്. അത്‌ലററിക്ക് അസോസിയേഷൻ എന്ന സംഘത്തിനുവേണ്ടി ഒരു ഗ്രാൻറ ഗവണ്മെൻറ കൊടുക്കുന്നുണ്ടു്. എന്നാൽ ആ അസോസിയേഷൻ ഇന്നു പ്രവർത്തിക്കുന്നുണ്ടോ എന്നു് എനിക്കറിഞ്ഞുകൂടാ. വ്യായാമം കൊടുക്കുക എന്നുള്ളതു് ഏററവും അത്യാവശ്യമായ ഒരു സംരക്ഷണമാണു്. വ്യായാമകേന്ദ്രങ്ങൾ നമ്മുടെ നാട്ടിലുള്ള എല്ലാ ഗ്രാമങ്ങളിലും ഉണ്ടാക്കുകയും അവയെ ഈ അത്‌ലററിക്ക് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുകയും ചെയ്താൽ മാത്രമേ എല്ലാ സ്ഥലങ്ങളിലുമുള്ള ആളുകൾക്കു് അതുകൊണ്ടു പ്രയോജനമുണ്ടാകുകയുള്ളു. നമ്മുടെ കൊച്ചുകുട്ടികൾക്കു പകവലിയിലുള്ള ആസക്തി വർദ്ധിച്ചുവരുന്നതായി കാണുന്നു. അതു തടയേണ്ടതാണു്. മദ്രാസിൽ അതിനു നിയമമുണ്ടെന്നാണറിയുന്നതു്.

മദ്യവർജ്ജനത്തിന്റെ ഫലമായുണ്ടായ 'എസ്സെൻസ്' മൂലം നമ്മുടെ ആളുകൾക്കു് കൂടുതൽ രോഗം വർദ്ധിക്കുന്ന ഏർപ്പാടു് അടുത്തകാലത്തുണ്ടായിട്ടുണ്ടു്. അതിന്റെ ഫലമായി അനേകംപേർ ഞരമ്പുരോഗികളായി ക്രമേണ മരണമടയുന്നുണ്ടു്. വടക്കൻപ്രദേശങ്ങളിലും മലബാറിലും മററും അനേകംപേർ മരിച്ചതിന്റെ ഫലമായി മദ്രാസിൽ എസ്സെൻസ് വില്പന നിരോധിച്ചിരിക്കുന്നുവെന്നു എനിക്കു് പത്രങ്ങളിൽനിന്നു കാണുവാനിടയായി. എന്നാൽ നമ്മുടെ ഗവണ്മെൻറ് ഈ എസ്സെൻസ് നിർമ്മാണത്തിന്റെ ഫലമായി ജനങ്ങൾക്കു് രോഗം പിടിപെടാനുള്ള ഒരു പരിതഃസ്ഥിതിയാണു സൃഷ്ടിക്കുന്നതു്. ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞു, ഈ രാജ്യത്തു് അനാവശ്യമായ ഒരിനം വരവിന്റെയും ആവശ്യമില്ലെന്നു്. എസ്സെൻസ് നിർമ്മാണം നടത്തി ആദായം ഉണ്ടാക്കുന്നതു് ജനങ്ങളുടെ ആരോഗ്യം ഹനിക്കുന്ന ഒരു അനീതിയായിട്ടേ കരുതാൻ നിവൃത്തിയുള്ളൂ. എത്രയും ദോഷകരമായ ഈ എസ്സെൻസ്‌നിർമ്മാണം ഇവിടെ തടയുന്നില്ലെങ്കിൽ മദ്യവർജ്ജനപരിപാടിതന്നെ ഉപേക്ഷിക്കണമെന്നാണു് ഞാൻ പറയുന്നതു്.

ഡാക്ടർ എൻ. എസ്സ്. പിള്ള: കൊല്ലത്തുപോയാൽ കുടിക്കാൻ കഴിയുമെന്നുള്ള കാര്യം അറിയാമോ?

ശ്രീ. കെ. ജെ. തോമസ്: കൊല്ലത്തെ കാര്യമല്ല ഞാൻ പറയുന്നത്. കൊല്ലത്തുപോയി എല്ലാവർക്കും കുടിക്കാൻ പററിയെന്നുവരികയില്ല. പക്ഷെ, അങ്ങനെ പോയി കുടിക്കുന്ന ആളുകളും കണ്ടേക്കാം. കൊല്ലത്തു പോകേണ്ട, തിരുവനന്തപുരത്തുതന്നെ എസ്സെൻസ് വാങ്ങാൻ കിട്ടും.

അതുകൊണ്ട് ഇങ്ങനെ വിഷദ്രാവകങ്ങൾകൊണ്ടുള്ള ലാഭത്തെ ഗവണ്മെൻറ് ഉപേക്ഷിക്കണമെന്നുമാത്രമേ എനിക്കു പറയാനുള്ളു. വളരുന്ന തലമുറയിലെ ജനങ്ങളെയെങ്കിലും ആരോഗ്യവാന്മാരാക്കിത്തീർക്കാനുള്ള ഒരു പദ്ധതി പൊതുജനാരോഗ്യഡിപ്പാർട്ടുമെൻറിൽനിന്നും പുനഃസംവിധാനം ചെയ്യണമെന്നപേക്ഷിച്ചുകൊണ്ട് ഞാൻ വിരമിക്കുന്നു.

ശ്രീ. പി. കെ. രാമചന്ദ്രദാസ്: സർ, ഐക്യജീവിതത്തിൽ ആഗ്രഹവും എന്നോളം പ്രായവുമുള്ള ഒരാൾ ഏത്രയും, സങ്കുചിതവും ഖണ്ഡിതവുമായ ഒരഭിപ്രായം പറഞ്ഞതു ശരിയല്ലെന്നു ഞാൻ ഓർക്കുകയും അതിൽ ഖേദിക്കുകയും ചെയ്യുന്നു. പക്ഷെ നിവൃത്തിയില്ലാത്ത ഘട്ടത്തിൽ ബഹുലക്ഷം പട്ടികജാതിക്കാരുടെ താല്പര്യവും സംരക്ഷണവും ലക്ഷ്യമാക്കി ഞാൻ ഇങ്ങനെ പറയുന്നതാണ്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: അങ്ങനെയുള്ള ഒരു ഭാവനയാണു ഉദ്ദേശിക്കുന്നതെന്നു പറഞ്ഞാൽ മതി.

ശ്രീ. പി. കെ. രാമചന്ദ്രദാസ്: സർ, ഞാൻ പറയുന്നു, എനിക്കു ഭരണകക്ഷിയെ സംബന്ധിച്ചു യാതൊരു വിധമായ സങ്കോചമൊ ഭിന്നാഭിപ്രായമൊ ഇല്ലെന്ന്. തിരുവിതാംകൂറിൽ ശ്രീമൂലം പ്രജാസഭ ഉണ്ടായ കാലം മുതൽക്കെ, കഴിഞ്ഞ നാല്പതു വർഷക്കാലമായി ഓരോ സമുദായക്കാരും അവരവരുടെ സമുദായത്തിൻെറ പ്രാതിനിധ്യത്തിനു വേണ്ടിയും അവരവരുടെ ആവശ്യങ്ങൾക്കും അവകാശങ്ങൾക്കും വേണ്ടിയും വാദിച്ചിട്ടുണ്ട്. അന്നെല്ലാം ഭിന്ന സമുദായങ്ങളായി നിന്നിരുന്നവരുടെ താല്പര്യവും പ്രാബല്യവും നിലനിറുത്തുവാനുള്ള പത്രങ്ങളുണ്ടായിരുന്നു. ഭൂരിപക്ഷസൗകര്യവുമുണ്ടായിരുന്നു. ഈ രാജ്യത്തു അനേകായിരം വർഷങ്ങളായി ക്ലേശവും കഷ്ടതയും അനുഭവിച്ചിരുന്ന പട്ടികജാതിക്കാർക്കു നായും നരിയുംകൂടി യഥേഷ്ടം സഞ്ചരിക്കുന്ന റോഡിൽകൂടി നടക്കുവാൻ സ്വാതന്ത്ര്യമില്ലായിരുന്നു. ഇൻഡ്യയിലെ എല്ലാ ജനങ്ങൾക്കും പൗരാവകാശസ്വാതന്ത്ര്യം ലഭ്യമായതോടുകൂടി പട്ടികജാതിക്കാർക്കുള്ള വിഷമങ്ങൾ പരിഹരിക്കാൻ പര്യാപ്തമായ പരിശ്രമങ്ങൾ, പ്രബുദ്ധമായ പരിശ്രമങ്ങൾ, പ്രബുദ്ധമായ ജനസഞ്ചയം നടത്തിത്തുടങ്ങി. അങ്ങനെ ഏതാണ്ടു പത്തുവർഷത്തോളമായി മററുള്ളവരോടൊപ്പം എത്തണമെന്നുള്ള ആഗ്രഹത്തോടുകൂടി ഞങ്ങളും പ്രവർത്തിച്ചു ഇന്ന് ഈ നിലയിൽ വന്നുചേർന്നിരിക്കുകയാണ്.

ബഹുമാനപ്പെട്ട പട്ടം മന്ത്രിസഭ ഇവിടെ ഭരിച്ചിരുന്ന കാലത്ത് ഒരു പറയ പയ്യനെ (മി. എൻ. സി. സുരേന്ദ്രൻ ബി. ഏ., ബി. എൽ.) ഇവിടെ ഒരു ഉദ്യോഗത്തിൽ നിയമിച്ചു. അതിനുശേഷം ടി കെ. മന്ത്രിസഭ അധികാരത്തിൽവന്ന ഉടനെ അയാളെ പിരിച്ചുവിടുകയാണുണ്ടായത്. അതുപോലെതന്നെ പന്ത്രണ്ടുലക്ഷത്തോളം രൂപാ ചെലവുവരുന്ന പിന്നാക്ക സമുദായോദ്ധാരണ ഡിപ്പാർട്ടുമെൻറിൽ പട്ടം മന്ത്രിസഭയുടെ

[ശ്രീ. പി. കെ. രാമചന്ദ്രദാസ്]

കാലത്തു് പട്ടികജാതി സ്ത്രീകൾ ഉൾപ്പെടെ മൂന്നുപേരെ ൫൦–൭൦൦ രൂപാ ശമ്പളത്തിൽ നിയമിച്ചു. കഴിഞ്ഞ ബഡ്ജററിലും അവരുടെ ശമ്പളങ്ങൾ അപ്രകാരംതന്നെ കൊള്ളിച്ചിരുന്നു. പക്ഷെ അവർക്കു ഇപ്പോൾ നൽകിവരുന്നതു് ൪൦–൭ൽ കണക്കിലാണു്. അവർക്കു ഇപ്പോൾ ഇൻക്രിമെൻറുപോലും കിട്ടുന്നില്ല. ഈ തരത്തിൽ ഞങ്ങളുടെ സമുദായത്തിനു് ഉദ്യോഗപ്രാതിനിധ്യം മുന്നോട്ടു പോകുകയാണെങ്കിൽ ഇവിടത്തെ പട്ടികജാതിക്കാർക്കു പത്തുകൊല്ലത്തിനകം മററുള്ളവരോടൊപ്പം എത്തുവാൻ സാദ്ധ്യമല്ലതന്നെ. യഥാർത്ഥത്തിൽ ഞങ്ങൾ ഇന്നും നിരാശരായി കഴിഞ്ഞുകൂടുകയാണു്. അതുകൊണ്ടു ഞങ്ങൾക്കും മററുള്ളവരോടൊപ്പം എത്താനുള്ള എല്ലാ സാഹചര്യങ്ങളും ചെയ്തുതരുവാൻ ഇന്നത്തെ മന്ത്രിസഭ മുൻകൈയെടുത്തു പ്രവർത്തിക്കണമെന്നാണു ഞാൻ പറയുന്നതു്.

മി. സ്പീക്കർ: പബ്ലിക്കേഷൻ മതിയെന്നാണോ പറയുന്നതു്?

ശ്രീ. പി. കെ. രാമചന്ദ്രദാസ്: പ്രസംഗംകൊണ്ടും വിജ്ഞാനംകൊണ്ടും പ്രബുദ്ധമായ അന്തരീക്ഷം സൃഷ്ടിച്ചു് സ്വതന്ത്രമായി ജീവിച്ചുപോന്ന ഒരു സമുദായത്തിൽപെട്ട ആളും, സാഹിത്യസമാജത്തിലെ ഒരു മെംബറായിരുന്ന ദേഹവും ഉത്തമനായ ഒരു രാഷ്ട്രീയ ചിന്തകനുമായ മാന്യദേഹമാണു് ഇന്നു ഈ സഭയുടെ അദ്ധ്യക്ഷനായിരിക്കുന്നതു്. അദ്ദേഹത്തിനു ഇതു കേൾക്കുവാനും കാണുവാനും കഴിയുമെന്നു വിശ്വസിക്കുന്നതുകൊണ്ടു ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ പെടുത്തുന്നതാണു്. സമത്വവും സ്വാതന്ത്ര്യവും സാഹോദര്യവും സമ്പാദിച്ചു് പൗരാവകാശലക്ഷ്യത്തിലെത്തിച്ചേരുവാൻ രാജ്യസ്നേഹത്തോടുകൂടി എല്ലാവരും മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. അതിനു ഇന്നത്തെ മന്ത്രിസഭ മുൻകൈയെടുത്തു പ്രവർത്തിക്കണം. അതു് ബഹുമാനപ്പെട്ട ഈ സഭയുടെ മുൻപിൽ പറഞ്ഞാലേ സാദ്ധ്യമാകു. ഞങ്ങൾക്കും കാര്യം പറയണമല്ലോ. തെരഞ്ഞെടുപ്പിൽ ജയിച്ചു ജനപ്രതിനിധികളായി ഇവിടെവന്നു പ്രസംഗങ്ങൾ നടത്തിയതുകൊണ്ടുമാത്രം രക്ഷയില്ല. ഈ മന്ത്രിസഭയുടെ പേരിലോ മുൻപിലത്തെ മന്ത്രിസഭയുടെ പേരിലോ എനിക്കു യാതൊരു ചാർജ്ജുമില്ല. മേലാൽ ഞാൻ മുൻപു പറഞ്ഞതരത്തിലുള്ള അനുഭവങ്ങൾ വരാതിരിക്കണമെന്നേയുള്ളു. ഇന്നത്തെ മന്ത്രിസഭയുടെ കാലത്തുതന്നെ ഞങ്ങൾക്കുവേണ്ടി കൂടുതലായി പ്രവർത്തിക്കുവാൻ ഈ മന്ത്രിമാർക്കു കഴിയുമെന്നു് എനിക്കു പൂർണ്ണവിശ്വാസമുണ്ടു്. പത്തയ്യായിരം കൊല്ലങ്ങളായി നിരന്തരം നരകമനുഭവിച്ചുകൊണ്ടിരുന്നവരും വരമ്പുകളിൽ കുടിൽകെട്ടി താമസിച്ചു കഷ്ടതയനുഭവിച്ചുവരുന്നവരുമായ ഞങ്ങൾക്കു മഹാത്മാഗാന്ധിയുടെ പ്രസ്ഥാനംമൂലമാണു ഇത്രയെങ്കിലും സ്വാതന്ത്ര്യം കിട്ടിയതു്. ആ സ്ഥിതിക്കു ഞങ്ങൾ അഭിമാനം കൊള്ളുകതന്നെ ചെയ്യുന്നു. അതിൽനിന്നു മുതലെടുക്കുവാൻ ഞങ്ങൾക്കും അവകാശമുണ്ടു്. അതു ഞങ്ങൾക്കു തരണം, അതിനെ ഞങ്ങൾ ഒരനുഗ്രഹമായി കരുതുന്നുവെന്നു പറയുവാൻ ഞങ്ങൾ അർഹരാണു്. ഈ കാര്യം ഞാൻ പ്രത്യേകം ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു.

ശ്രീ. കെ. സദാനന്ദൻ: സർ, ഇവിടെ പല മെമ്പർമാരും പല കാര്യങ്ങളെക്കുറിച്ചും സംസാരിച്ചു. എനിക്കു പൊതുജനാരോഗ്യത്തെപ്പററി ചിലതു പറയുവാനുണ്ടു്. ഇവിടെ കൊതുകു നിവാരണത്തിനും മററും ഒരു തുക നിക്കിവച്ചിട്ടുണ്ടു്. ഈ തിരുവനന്തപുരം സിററിയിലും, സിററിയുടെ പരിസരങ്ങളിലും, മററു പല ഭാഗങ്ങളിലും പകൽ സമയത്തില്ലെങ്കിലും അതിരാവിലെ കൊതുകിന്റെ വീണാലാപം എനിക്കു കേൾക്കുവാൻ സാധിച്ചിട്ടുണ്ടു്. ഇവിടത്തെ മാർക്കററിന്റെ പരിസരങ്ങളിൽക്കൂടി രാവിലെ പോകുമ്പോൾ കൊതുകിന്റെ ശൃംഗാരം കേൾക്കുന്നുണ്ടു്. അതു ഒഴിവാക്കുന്നതിനുവേണ്ടി ഗവണ്മെൻറു പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതു് ആവശ്യമാണു്. അതുപോലെതന്നെ കൊതുകു് ഇങ്ങിനെ വളർന്നുകൊണ്ടിരിക്കുന്ന അനേകം സ്ഥലങ്ങൾ ഈ തിരുവനന്തപുരം സിററിയിൽ പല ഭാഗങ്ങളിലും ഉണ്ടു്. ഇവിടെ അടുത്തു കുന്നുകുഴിയിൽ, ഒരു നാലുഫർലോങ്ങ് ചതുരശ്ര സ്ഥലത്തു് ൨൦൦ വീട്ടുകാർ താമസിക്കുന്നുണ്ടു്. അവർക്കു മലമൂത്ര വിസർജ്ജനത്തിനു യാതൊരു സൌകര്യവുമില്ല. അവർക്കു ഒരു പബ്ളിക്കു് കക്കൂസ് ആവശ്യമാണെന്നു ഗവണ്മെൻറിലേക്കു നിവേദനം ചെയ്തിട്ടുണ്ടു്. ആ നിവേദനത്തിനു യാതൊരു സമാധാനവും ഇതേവരെ ഉണ്ടായിട്ടില്ല. എത്ര പറഞ്ഞാലുംകേൾക്കാത്ത ഒരു മന്ത്രിസഭയാണു് ഇന്നു ഇവിടെ ഇരിക്കുന്നതു്. ഇന്നും അവർ താമസിക്കുന്ന സ്ഥലത്തിന്റെ പരിസരത്തിൽതന്നെ മലമൂത്ര വിസർജ്ജനം ചെയ്തുകൊണ്ടിരിക്കുകയാണു്. അവിടെനിന്നു പൊന്തിവരുന്നതു് ഒരു തരം കൊതുകാണു്. കുന്നുകുഴി കൊതുകിനെ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രദേശമാണെന്നു ഇവിടത്തെ കോർപ്പറേഷൻ അധികാരികൾക്കു അറിയാം. ആ ഭാഗത്തു ഒരു മന്ത്രി താമസിക്കുന്നുണ്ടു്. അതുകൊണ്ടു അവിടെ കൊതുകു നിവാരണത്തിനുവേണ്ടി വളരെ പണം നീക്കിവച്ചിട്ടുണ്ടു്. ഇപ്പോൾ അവിടെ ചെയ്യുന്നതു് വെള്ളം കെട്ടിനിൽക്കുന്ന സ്ഥലത്തു മാത്രം കുറെ മരുന്നു തളിക്കുകയാണു്. പല ഭാഗങ്ങളിലും റോഡുകളുടെ അരുകിൽ മലമൂത്ര വിസർജ്ജനം ചെയ്യുന്നുണ്ടു്. ഇങ്ങിനെ പബ്ളിക്കു്ഹെൽത്തിനുവേണ്ടി ഗവണ്മെൻറു ചിലവു ചെയ്യുന്നതുകൊണ്ടു പബ്ളിക്കു് ഹെൽത്തിന്റെ പേരിൽ അനേകം ഉദ്യോഗസ്ഥന്മാർക്കു ശമ്പളം കൊടുക്കുന്നുണ്ടെന്നല്ലാതെ യാതൊരു പ്രയോജനവും കാണുന്നില്ല. ഉദ്യോഗസ്ഥന്മാർ ശമ്പളം പററുന്നു എന്നല്ലാതെ പബ്ളിക്കു് ഹെൽത്തിലെ മററാവശ്യങ്ങൾക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള തുക ചിലവഴിച്ചിട്ടില്ല. അതായതു് കുഞ്ഞുങ്ങൾക്കു പാൽ കൊടുക്കുന്നതിനു ഒരു തുക കൊള്ളിച്ചിട്ടുണ്ടു്. അതു ശരിക്കു കൊടുക്കുന്നില്ല. പ്രാഥമിക വിദ്യാലയങ്ങളിൽ കുട്ടികൾക്കു മുമ്പു് പാൽ സൌജന്യമായി കൊടുത്തിരുന്നു. ഇപ്പോൾ അതു കൊടുക്കുന്നില്ല. എനിക്കറിയാം, ധാരാളം കുട്ടികൾ ഉച്ചയ്ക്കു എട്ടുകാശിനു കപ്പലണ്ടി വാങ്ങിതിന്നു. കഴിച്ചുകൂട്ടുന്നുണ്ടെന്നു് അങ്ങിനെയുള്ള കുട്ടികൾക്കു പബ്ളിക്കു ഹെൽത്തിൽ നീക്കിവെച്ചിരിക്കുന്ന തുകകൊണ്ടു ഉച്ചയ്ക്കു് പാൽ കൊടുക്കാൻ തീർച്ചയായും കഴിയുന്നതാണു്. ഇങ്ങനെ കുഞ്ഞുങ്ങളെ ചെറുപ്പത്തിൽ പാൽകൊടുത്തു വളർത്തുവാൻ കഴിഞ്ഞാൽ ആശുപത്രികളിൽ കൂടുതൽ ആളുകൾ ഉണ്ടാകാതെ കഴിക്കാം. നമ്മുടെ നാട്ടിന്റെ ഭാവിതലമുറയെ നാശത്തിലേക്കു വിടണമെന്നാണു് ഇവിടത്തെ മന്ത്രിസഭ വിചാരിക്കുന്നതെങ്കിൽ എനിക്കതിൽ ആക്ഷേപമില്ല. നമ്മുടെ കുഞ്ഞുങ്ങൾ നല്ലവണ്ണം വരണമെങ്കിൽ പാൽ വിതരണത്തിനു വച്ചിരി

[ശ്രീ. കെ. സദാനന്ദൻ]

ക്കുന്ന സംഖ്യകൊണ്ടു് അവക്കു് ഉച്ചയ്ക്കു് പാൽ കൊടുക്കുന്നതു നന്നായിരിക്കും.

അതിനുംപുറമെ സ്ത്രീകൾ വളരെയധികം തൊഴിൽ ശാലകളിൽ ഇവിടെ ജോലിചെയ്യുന്നുണ്ടു്. ആ തൊഴിൽശാലകളിൽ വേലയെടുക്കുന്ന സ്ത്രീകൾക്കു അവരുടെ കുഞ്ഞുങ്ങളെ ശുശ്രൂഷിക്കുന്നതിനുള്ള സൌകര്യം ഓരോ തൊഴിൽശാലകളുടെ അടുത്തുതന്നെ ചെയ്തുകൊടുക്കണം. അങ്ങിനെയുള്ള കുട്ടികൾക്കും പാൽ കൊടുക്കേണ്ടതു ഏററവും അത്യാവശ്യമാണു്. ഈ വക കാര്യങ്ങളിൽ ഗവർമ്മെൻറിൻെറ ശ്രദ്ധ പതിയണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഇതു മാത്രമാണ് എനിക്കു് ഈ അവസരത്തിൽ പറയുവാനുള്ളതു്.

ശ്രീ. കെ. കെ. കുമാരപിള്ള: സർ, ഇവിടെ ഓരോ അംഗവും ഓരോ കാര്യങ്ങൾ പറയുകയുണ്ടായി. പ്രതിപക്ഷത്തുനിന്നും ഗവർമ്മെൻറ പക്ഷത്തുനിന്നും കക്ഷിഭേദം നോക്കാതെ നാട്ടിലെ ജനങ്ങളുടെ ആരോഗ്യം നിലനിറുത്തുന്നതിനു പല നിർദ്ദേശങ്ങളും ഗവർമ്മെൻറിനു തരികയുണ്ടായി. മെഡിക്കലിനെ സംബന്ധിച്ചും പബ്ലിക്കു് ഹെൽത്തിനെ സംബന്ധിച്ചും ബഹുമാനപ്പെട്ട അംഗങ്ങൾ ഗവർമ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്തിയ കാര്യങ്ങളെല്ലാം ഈ രാജ്യത്തിൻെറ ആവശ്യത്തിലേക്കു വേണ്ട കാര്യങ്ങളാണെന്നു മനസ്സിലാക്കിക്കൊണ്ടു് ഇവിടത്തെ ജനങ്ങളുടെ ആരോഗ്യം നിലനിറുത്തുവാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചു് ആരായുന്നില്ലെങ്കിൽ പിന്നെ അതിനെപ്പററി ഇവിടെ അധികം പറയേണ്ട കാര്യമില്ല. പബ്ലിക്കു് ഹെൽത്തു വകുപ്പിനു് ഈ ബഡ്ജററിൽ വളരെയേറെ കാര്യങ്ങൾക്കു തുക കൊള്ളിച്ചിട്ടുണ്ടു്. ഗവർമ്മെൻറിൻെറ എല്ലാ സംരംഭങ്ങളിലും നാട്ടിൻപുറങ്ങളെ അവഗണിക്കുന്ന ഒരു സമ്പ്രദായം ഉണ്ടു്. ഗ്രാമപ്രദേശങ്ങളിലെ സാനിട്ടേഷനു മൊത്തമായി നീക്കിവച്ചിട്ടുള്ള തുക വളരെ കുറവാണു്. ഈ രാജ്യത്തെ ജനങ്ങളിൽ വളരെ ചുരുങ്ങിയ ഒരു ശതമാനമാണു് നഗരത്തിൽ താമസിക്കുന്നതു്. വളരെ അധികം ജനങ്ങളും താമസിക്കുന്നതു ഗ്രാമപ്രദേശങ്ങളിൽ തന്നെയാണു്. അവിടത്തെ പൊതുജനാരോഗ്യമൊക്കെ കാത്തു സൂക്ഷിക്കുന്നതിനു ഈ ബഡ്ജററിൽ നീക്കിവച്ചിട്ടുള്ള തുക വളരെയേറെ അപര്യാപ്തമാണെന്നു പറയാതെ തരമില്ല. ഗവർമ്മെൻറിൻെറ ഹെൽത്തു യൂണിററിൻെറ പ്രവർത്തനം എവിടെയാണു് നടക്കുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. മന്തുരോഗം ബാധിച്ചിട്ടുള്ള പ്രദേശങ്ങളിൽ ഏററവും പ്രധാനമായതു് ചേർത്തലയാണു്. അവിടെ മന്തുരോഗനിവാരണത്തിനു യാതൊരു രീതിയിലുള്ള പ്രവർത്തനവും ചെയ്യുന്നതായി എനിക്കു കാണുവാൻ സാധിച്ചിട്ടില്ല. അമ്പലപ്പുഴ താലൂക്കിൽ ചില പ്രവർത്തനങ്ങൾ നടത്തുന്നതിനു് പണം നീക്കിവച്ചിട്ടുണ്ടു്. എന്നാൽ അവിടെ എന്തു പ്രവർത്തനമാണു് നടത്തുന്നതെന്നു എനിക്കറിഞ്ഞുകൂടാ. അമ്പലപ്പുഴ താലൂക്കിൽ റോഡിൻെറ ഇരുപാർശ്വങ്ങളിലും ഉള്ള ചെറുതോടുകളിൽ പായൽ കെട്ടിക്കിടക്കുന്നുണ്ടു്. അവിടെ കുറെ ക്രൂഡ് ഓയിൽ തളിച്ചുപോകുമെന്നല്ലാതെ വേറെ ഒന്നും ചെയ്യുകാണുന്നില്ല. ഗ്രാമശുചീകരണത്തിനു നീക്കിവച്ചിട്ടുള്ള ഈ ചെറിയ തുകയെങ്കിലും കാര്യക്ഷമമായ രീതിയിൽ ചിലവുചെയ്യുന്നതിനു വേണ്ട നടപടികൾ എടുക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

നാട്ടിൻപുറങ്ങളിൽ ഏററവും അത്യാവശ്യമായിട്ടുള്ളതു് ശുദ്ധജലമാണു്. ശുദ്ധജലദൌർലഭ്യമുള്ള നാട്ടിൻപുറങ്ങളിൽ എല്ലാം ശുദ്ധജലം കൊടുക്കുന്നതിനു കാര്യമായ യാതൊരു മാററവും ഗവണ്മെൻറു അവലംബിച്ചു കാണുന്നില്ല. ശ്രീ. നാരായണൻപോററി പറഞ്ഞതുപോലെ ചില ഗ്രാമപ്രദേശങ്ങൾ ഓരുവെള്ളം കയറി കിടക്കുകനിമിത്തം ശുദ്ധജലം കിട്ടാതെ കഷ്ടപ്പെടുന്ന ആളുകൾ ഈ രാജ്യത്തു വളരെ അധികമുണ്ടു്. നാട്ടിൻപുറങ്ങളിൽ കിണർ കുഴിക്കുക, കുളം കുഴിക്കുക മുതലായ ധാരാളം പണികൾ നടത്തുന്നുണ്ടു് എന്നു പറയുന്നുണ്ടു്. എവിടെയൊക്കെയാണു് ഈ കിണറുകളും കുളങ്ങളും കുഴിക്കുന്നതെന്നു അറിഞ്ഞുകൂടാ. ഈ രാജ്യത്തു വളരെ ശുദ്ധജലദൌർലഭ്യമുള്ള ഗ്രാമങ്ങളിൽ ഈ കിണറുകളും കുളങ്ങളും കുഴിക്കുന്നുണ്ടോ എന്നു നോക്കിയാൽ അങ്ങിനെയുള്ള പ്രദേശങ്ങളിൽ ഒന്നും ചെയ്യുന്നതായി കാണുന്നില്ല. അതുകൊണ്ടു ശുദ്ധജലദൌർലഭ്യമുള്ള പ്രദേശങ്ങളിലെല്ലാം ശുദ്ധജലം കൊടുക്കുന്നതിനു വേണ്ട പ്രവൃത്തികൾ ഗവണ്മെൻറു് ഉടനെ ചെയ്യേണ്ടതാണു്.

ഇനി ബി. സി. ജി. വാക്സിനേഷനെപ്പററിയാണു് എനിക്കു പറയുവാനുള്ളതു്. കഴിഞ്ഞ കൊല്ലം ഇവിടെ ഒരു സർവ്വേ നടത്തിയതിൽ വളരെ കൂടുതൽ ആളുകൾക്കു ക്ഷയരോഗം ബാധിച്ചിട്ടുണ്ടെന്നു ബോദ്ധ്യമായിട്ടുണ്ടു്. വളരെ വെള്ളം കെട്ടിക്കിടന്നു് അനാരോഗ്യകരമായ തണുപ്പു ബാധിച്ചു് ക്ഷയരോഗം കൂടുതൽ ബാധിക്കുവാൻ ഇടയുള്ള സ്ഥലങ്ങളിൽ ബി. സി. ജി. പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്നു പറയേണ്ടിയിരിക്കുന്നു. അങ്ങിനെയുള്ള സ്ഥലങ്ങളിൽ അതു കുറേക്കൂടി സൂക്ഷ്മമായ രീതിയിൽ നടത്തുന്നതു നന്നായിരിക്കും.

പിന്നെ ഡിപ്പാർട്ടുമെൻറുകളിൽ നടക്കുന്ന അഴിമതികളെക്കുറിച്ചു് എല്ലാവരും പലപ്പോഴും ഇവിടെ പറഞ്ഞിട്ടുള്ളതാണു്. ഈ ഡിപ്പാർട്ടുമെൻറിലും പല അഴിമതികളും നടക്കുന്നുണ്ടു് എന്നു പലരും ഇവിടെ പറഞ്ഞു. ആ ഒരു കാര്യത്തിലും ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കേണ്ടതാണു്. പബ്ലിക്ക്ഹെൽത്തു ഡിപ്പാർട്ടുമെൻറിൽ ആവശ്യമുള്ള കാര്യങ്ങൾ പ്രവർത്തിക്കുന്നതിനു അവിടത്തെ ഉദ്യോഗസ്ഥന്മാർ കുറെ അനാസ്ഥ കാണിക്കുന്നുണ്ടു്. ഓരോ ഇനത്തിലേക്കും നീക്കിവച്ചിട്ടുള്ള തുക ശരിയായ രീതിയിൽ വിനിയോഗിക്കുന്നതിനു ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കണമെന്നു അപേക്ഷിക്കുന്നു.

ശ്രീ. കെ. എം. ജോർജ്ജ്: സർ, രോഗങ്ങളുടെ നിവാരണമാർഗ്ഗങ്ങളെക്കുറിച്ചു് പൊതുജനങ്ങൾക്കു ഉപദേശിച്ചുകൊടുക്കുന്ന ഒരു വകുപ്പിനെപ്പററിയാണു് എനിക്കു പറയുവാനുള്ളതു്. സാധാരണ ഉൾനാടുകളിൽ ഈ വകുപ്പിൻെറ പ്രവർത്തനം വളരെ കുറവായിട്ടാണു കാണുന്നതു്. ശുചീകരണപ്രവൃത്തികൾ ടൌണിൽനിന്നും വളരെ അകലെ ആളുകൾ തിങ്ങിത്താമസിക്കുന്ന ഗ്രാമപ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കേണ്ടതു് വളരെ ആവശ്യമാണു്. ഫലപ്രദമായ രീതിയിൽ അല്ലെങ്കിലും ശുചീകരണവും കുറെയൊക്കെ പ്രവർത്തിക്കുന്നുണ്ടെന്നുള്ള സംഗതി സമ്മതിക്കാം. എന്നാൽ ഉൾനാടുകളിൽ അവരുടെ പ്രവർത്തനങ്ങൾ തീരെ അപര്യാപ്തമായ രീതിയിലാണു് ഇന്നു നടന്നുകൊണ്ടിരിക്കുന്നതു്. കിഴക്കൻ പ്രദേശങ്ങളിൽ മലേറിയാരോഗംകൊണ്ടു വളരെ ആളുകൾ കഷ്ടപ്പെടുന്നുണ്ടു്. ഈ വകു

[ശ്രീ. കെ. എം. ജോർജ്]

പ്പിൽനിന്നു മലേറിയാ ഇൻജക്ഷനുള്ള ഏർപ്പാടുകൾ ചെയ്യുന്നുണ്ടെങ്കിലും അതു പര്യാപ്തമാകുന്നില്ല.

മലമ്പനിനിവാരണത്തിന് കൊയിനാ ഗുളികകൾ ഡിപ്പാർട്ടുമെന്റിൽനിന്നും സപ്ലൈ ചെയ്യുന്നതിനു ഉദ്ദേശിക്കുന്നുണ്ടെന്നും മററും കേൾക്കുന്നതല്ലാതെ സാധുക്കൾക്കു മലമ്പനി പിടിപെടുമ്പോൾ സൗജന്യവ്യവസ്ഥയിൽ ഈ മരുന്നു ലഭിക്കാതെയാണിരിക്കുന്നതു്. മലമ്പനി രോഗികൾ അധികൃതരെ സമീപിക്കുന്ന അവസരങ്ങളിൽ അവർ പറയുന്നതു്, അതു വിൽക്കുന്ന ഷാപ്പുകളിൽനിന്നു വിലകൊടുത്തു വാങ്ങണമെന്നാണു്. എന്നാൽ യാതൊരു പ്രതിഫലവും കൂടാതെ കിട്ടുമെന്നാണു പറയാറുള്ളതു്. യഥാർത്ഥത്തിൽ സാധുജനസേവനത്തിനുവേണ്ടി ഉപയോഗിക്കുന്ന ഈ മരുന്നുകൾ കൂടുതൽ വിലകൊടുത്തു വാങ്ങിക്കേണ്ടിയിരിക്കുന്നു. സാധുക്കളായ രോഗികൾക്കു ഇതു എത്രത്തോളം സാധിതപ്രായമാകുമെന്നുള്ളതു ഗവണ്മെന്റു ചിന്തിക്കേണ്ടതാണു്. വേനൽക്കാലം വരുന്നതോടുകൂടി പകർച്ചവ്യാധികൾ നാട്ടിൽ പടർന്നുപിടിക്കുമ്പോൾ വാക്സിനേററുചെയ്യുന്ന ഒരു പതിവുണ്ടു്. എന്നാൽ ഉൾനാടുകളിൽ ഏതെങ്കിലും വിധത്തു മസൂരിയൊ കാളറായോ പിടിപെടുകയാണെങ്കിൽ ഇതിലേക്കു നിയുക്തനായ വാക്സിനേററർ ചെന്നു വിളിച്ചാൽപോലും വിസമ്മതമാണു പ്രകടിപ്പിക്കുന്നതു്. അത്യാവശ്യക്കാർ കൈക്കൂലി കൊടുത്താണു വാക്സിനേറററെ കൊണ്ടുപോകുന്നതു്. പാൽവിതരണം, വിററാമിൻ ഗുളിക വിതരണം ഇങ്ങനെ പലതരത്തിലുള്ള ആരോഗ്യരക്ഷാസമ്പ്രദായങ്ങൾ പൊതുജനങ്ങളുടെ രക്ഷയെ ഓർത്തു നമ്മുടെ ഗവണ്മെന്റിൽനിന്നും നടപ്പിലാക്കിയിട്ടുണ്ടെന്നു കേൾക്കുന്നു. എന്നാൽ ഈവക യാതൊരാനുകൂല്യങ്ങളും നാട്ടിൻപുറങ്ങളിൽ അധിവസിക്കുന്ന സാധുജനങ്ങൾക്കു ലഭിക്കുന്നില്ല. സാധുക്കളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതായ ഈ ഗവണ്മെന്റ് സാധുക്കളുടെ ആരോഗ്യപരമായ പ്രവർത്തനങ്ങളിൽ വലിയ അനാസ്ഥയാണു കാണിക്കുന്നതു്. അതുകൊണ്ടു് പബ്ലിക്കു ഹെൽത്തു ഡിപ്പാർട്ടുമെന്റധികൃതർ ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. മാത്രമല്ല, ഈ ഡിപ്പാർട്ടുമെന്റിലേക്കു കൂടുതൽ തുക അനുവദിച്ചു പൊതുജനങ്ങളുടെ ആരോഗ്യസ്ഥിതി നന്നാക്കേണ്ടതാവശ്യമുണ്ടെന്നുകൂടി പ്രസ്താവിച്ചുകൊള്ളട്ടെ. സർ, മെഡിക്കൽ ഡിപ്പാർട്ടുമെന്റുമായി പബ്ലിക്കുഹെൽത്തിനെ സംയോജിപ്പിച്ചു വിപുലപ്പെടുത്തണമെന്നു ഇവിടെ പ്രസ്താവിച്ചുകേട്ടു. രോഗബാധിതരായ ആളുകളെ ശുശ്രൂഷിക്കുന്നതിനു വേണ്ടിയാണു മെഡിക്കൽ ഡിപ്പാർട്ടുമെന്റു പ്രവർത്തിക്കുന്നതു്. പബ്ലിക്കുഹെൽത്തു ഡിപ്പാർട്ടുമെന്റാകട്ടെ, രോഗങ്ങൾ നാട്ടിൽ പടർന്നുപിടിക്കാതെ തടയുന്നതിനുവേണ്ടിയുള്ള സംരംഭങ്ങളാണു ചെയ്തുവരുന്നതു്. രോഗാണുക്കൾ മനുഷ്യശരീരത്തെ ബാധിക്കാതിരിക്കാനും, ബാധിച്ചാൽതന്നെയും ആശുപത്രിയെ ശരണം പ്രാപിക്കാതെ ചില്ലറ ഔഷധങ്ങളും മററുംകൊണ്ടു ശമിപ്പിക്കാനുമുള്ള പ്രതിവിധികളടങ്ങിയ ലഘുലേഖകൾ പൊതുജനങ്ങളുടെ ഇടയിൽ വിതരണം ചെയ്യുകയാണു് ഇവരുടെ പ്രധാന ജോലി. ഈവിധ പ്രവർത്തനത്തെ ഞാൻ സ്വാഗതം ചെയ്യുന്നുവെങ്കിലും പട്ടണങ്ങളിൽ മാത്രമല്ല, നാട്ടിൻപുറങ്ങളിലുള്ള എല്ലാ ഭാഗങ്ങളിലും ഈ സമ്പ്രദായം പ്രായോഗികമാക്കുന്നതിൽ ഡിപ്പാർട്ടു

മെൻറകാർ കൂടുതൽ ഔത്സുക്യം പ്രദർശിപ്പിക്കണമെന്നാണ് എൻെറ അഭിപ്രായം. ഈ കാര്യത്തിൽ ഗവണ്മെൻറ് ആവശ്യമായ നിർദ്ദേശങ്ങൾ ഡിപ്പാർട്ടുമെൻറിന നൽകുമെന്നും വിശ്വസിക്കുന്നു.

ஸ்ரீ. எ. ஸாம்ராஜ்: ஸர், இந்த பப்ளிக் ஹெல்த் டிப்பார்ட்மென்டைப் பற்றி ஒன்றிரண்டு வார்த்தைகள் பேச நான் விரும்புகிறேன். தென் திருவிதாங்கூரில், அதிகமாக நாகர்கோவில் முதலிய ஸ்தலங்களில் இந்த டிப்பார்ட்மென்ட் உத்தியோகஸ்தர்கள் நன்றாக வேலை செய்வதில்லை. முன்காலங்களில் அங்கெல்லாம் அடிக்கடி காலரா முதலிய வியாதிகள் வந்துகொண்டிருந்தது. அங்கு, ஜனத்தொகை மிகவும் கூடுதல். காலரா வந்தால் ஒவ்வொரு கிராமங்களிலும் குறைந்தது 15%ம், 20%ம், ஜனத்தொகை குறையும். இப்பொழுது அடிக்கடி அப்படிப்பட்ட வியாதிகள் அதிகமாக வருவதில்லை. ஆனால் ஜனசங்கியை வர்த்தித்திருக்கிறதே ஒழிய வேறு காரியங்களைப் பார்த்தால் நிலைமை அப்படியே இருக்கிறது. இந்த டிப்பார்ட்மென்ட்டில் வேலை செய்வதற்கு ஏராளம் ஆட்கள் இருக்கிறார்கள். ஆனால் சரியானமுறையில் வேலை செய்வதற்கு ஆட்கள் கிடையாது. இந்த டிப்பார்ட்மென்ட்டில் 25-ம், 30-ம் ரூபாய் சம்பளம் வாங்கக்கூடிய அநேக வேலைக்காரர்கள் இருக்கிறார்கள். இவர்களில், 30 பேர்களுக்கு ஒரு சூப்பர்வைஸர் உண்டு. இவர் மாதம் 70 ரூபாய் தான் சம்பளம் வாங்குகிறார் என்றாலும், அவர் மாதக்கடைசியில் வீட்டிற்குக் கொண்டுபோவது 300-ம், 400-ம் ரூபாய்-ஆய் இருக்கும். 25 ரூபாய் சம்பளம் வாங்கும் தோப்புத் தொழிலாளிகள் போன்றவர்கள் சராசரி மாதம் 6-ம், 7-ம் ரூபாய் இவர்களுக்குக் கொடுக்கவேண்டும். அதை நாங்கள் பார்த்திருக்கிறோம். சிறிதுகாலங்களுக்கு முன்பு ஒரு சூப்பர்வைசர் 400 ரூபாய் கைக்கூலிவாங்கினதான ஒரு கேஸை கையும் மெய்யுமாய் கண்டுபிடித்துக் கொடுத்திருக்கிறோம். இன்றும், இது ரகசியமாக நடந்துகொண்டுதான் இருக்கின்றது. இங்ஙனம், இத்தொழிலாளிகளிடமிருந்து மாதாமாதம் 5-ம், 7-ம் ரூபாய் கைக்கூலியாக வாங்கினால் பின் எப்படி இத் தொழிலாளிகள் தங்களது வேலையை சரியாக கவனிப்பார்கள்? செய்வார்கள்?

ஸ்ரீ. எ. கெ. செல்லையா: அப்படிப்பட்ட ஒரு சூப்பர்வைஸரின் பெயரையாவது சொல்லமுடியுமா?

ஸ்ரீ. எ. ஸாம்ராஜ்: இப்பொழுது முடியாது. இது இப்படியிருக்க, இந்த சானிட்டறி ஸர்க்கிள் இன்ஸ்பெக்டராவது சரியான ரீதியில், ஜனங்கள் நன்றாக இருக்கவேண்டும், அந்த ஏரியா பூராவும் சுத்தமாக இருக்கவேண்டும் என்று நினைத்து சரியானபடி மேற்பார்வைகள் நடத்தி, வேண்டியவைகளைச் செய்ய வேண்டும். அவர் நினைத்தால்தான் இந்த டிப்பார்ட்மென்ட் சரியானபடி வேலை செய்ய முடியும். இல்லாவிடில் இந்த டிப்பார்ட்மென்ட் சரியாக வேலை செய்யமுடியாது. முன்பு அங்கு சானிட்டறி சர்க்கிள் இன்ஸ்பெக்டராக சுப்பிரமண்ணிய அய்யர் என்ற ஒருவர் இருந்தார். அப்பொ

[ஸ்ரீ. எ. ஸாம்ராஜ்]

முது, அங்கு யாருக்குமே இந்த டிப்பார்ட்மென்ட்—ஐ பற்றி கவலைப் படவேண்டிய அவசியமே இருந்ததில்லை. ஏனெனில் அவரே மிகவும் சிரத்தை எடுத்து எல்லா இடங்களிலும் சஞ்சரித்து, வேண்டியவைகளைச் செய்து வந்தார். ஆகவே நான் சொல்வது என்னவெனில் இவ்விலாகாவிலுள்ள ஆபீஸர்கள் ஒன்றில் மக்களுக்காக நல்லவண்ணம் வேலை செய்யவேண்டும், இல்லை சர்க்காருக்கு வேண்டியாவது நன்றாக வேலை செய்யவேண்டும், இல்லாவிடில் அவர் வாங்குகிற சம்பளத்திற்கு வேண்டியாவது சரியாக வேலை செய்யவேண்டும். ஆனால் இவர்கள், அப்படி ஒன்றும் செய்யாததினால்தான் இவ்விலாகா இவ்வளவு மோசமாக வேலை செய்கிறது. நமது ராஜ்யத்தின் கிழக்கு பாகங்களிலும், மற்றும் உள்ள ஸ்தலங்களிலுமுள்ள கல்வி நிலையைக் குறித்து, Educational Statistics எடுக்க ஒருவர் வந்த சந்தர்ப்பத்தில், திருநெல்வேலிக்கு சமீபம் வந்தபோது நமது சமஸ்தான ஆபீஸர் ஒருவரை அவர் சந்திக்க நேரிட்டது. அப்பொழுது நமது சமஸ்தான ஆபீஸரிடம் அவர் கேட்டார், Travancore Government-ல் எப்படியென்று. அதற்கு நமது சமஸ்தான ஆபீஸர் சொன்னதென்னவென்றால் ' கஷ்டம் ஒன்றும் இல்லை, ரொம்ப Thriving Profession—ய் தான் இருக்கும் என்று சொன்னார். மூன்று மாதங்கள் சென்ற பிறகு, இங்கு வந்திருந்த அந்த ஆபீஸர் சொன்னதென்னவென்றால், இங்கு ஒரு உபாத்தியாயரை எடுத்துக்கொண்டால், பிரைமறி ஸ்கூல் உபாத்தியாயர் மிடில் ஸ்கூல் உபாத்தியாயராய் எப்படிப் போகமுடியுமென்று பார்க்கிறார்; மிடில்ஸ்கூல் உபாத்தியாயர் ஹைஸ்கூல்-க்கு எப்படி போகமுடியுமென்றும், ஹைஸ்கூல் உபாத்தியாயர் எப்படிப் ஹெட்மாஸ்டராய் போகமுடியுமென்றும் தான் ஆலோசிக்கிறார்களே தவிர, ஜனங்களுக்கு இவர்கள் ஒரு பிரயோஜனமும் செய்கிறதாக நான் காணவில்லை என்று சொன்னார். அதேமாதிரி தான் இந்த பப்ளிக் ஹெல்த் டிப்பார்ட்மென்ட்டின் நிலையும் இருக்கிறது. இவர்கள், பிரமோஷன் வேண்டும், கூடுதல் இன்கிரிமென்ட் வேண்டும், சம்பளக்கூடுதல் வேண்டும், இதற்கு என்ன செய்வது என்று தான் ஆலோசிக்கிறார்கள். சில சமயங்களில் தொழிலாளிகளைக் கூட Strike செய்வதற்குத் தூண்டிவிட்டு அவர்களும் செய்யாமல், இவர்களையும் வேலை செய்யவொட்டாமல் ஆக்குகிறார்கள். கிராமங்களுக்குச் சென்று, அங்குள்ள மக்களுக்கு என்னென்ன செய்யவேண்டும், அவர்களது குறைகளை எப்படித் தீர்ப்பது என்பதைப்பற்றி ஒன்றும் இவ்விலாகா அதிகாரிகள் சிந்திப்பதில்லை. எனக்கு ஒரு காரியம் ஞாபகத்திற்கு வருகிறது. ஒரு தடவை மஹாத்மா காந்தி அடிகள் பூனாவில் வைத்து Unemployment Problem-த்தை எப்படி ஸால்வ் செய்வது என்பதைப் பற்றி சொல்லியிருக்கிறார். எல்லா மாணவர்களும் பி. ஏ., எம். ஏ., ஐ. ஸி. எஸ். முதலிய பரீட்சைகள் பாஸ் செய்யவேண்டும் என்று தான் படிக்கிறார்கள். படித்த பின்பு, இவர்களெல்லாம் திவான்களாகவோ, கலெக்டர்களாகவோ வேண்டு

மென்று தான் விரும்புகிறார்கள். வேறு இன்ன ஜோலிகளைப் பற்றி
இவர்களுக்குக் கவலையே இல்லை. மாணவர்கள், படித்துவிட்டு முத
லில் கிராமங்களுக்குச் சென்று அங்குள்ள மக்களுக்கு வேண்டி
வேலை செய்ய வேண்டும். இவர்கள், இவர்களது கல்வியறிவை
அக்கிராம மக்களுக்குப் பயன்படும்படி உபயோகப்படுத்தவேண்
டும். சம்பளம் இல்லாவிடினும் பரவாயில்லை. அப்படி வந்தால்,
பப்ளிக்ஸர்வீஸ் கமிஷன், இந்த பப்ளிக்ஹெல்த் டிப்பார்ட்மெண்ட்
போன்ற பல ஆபீஸ்களின் அவசியமே இராது. கிராமங்களுக்குச்
சென்று அங்குள்ள ஆண்களும், பெண்களும் சுத்தமாக இருக்கும்
படி கற்றுக்கொடுக்கவேண்டும். டவுன் பிரதேசங்களில் உள்ளது
மாதிரி கிராமங்களிலுள்ள ஜனங்கள், அவ்வளவு சுத்தமாக இருக்க
மாட்டார்கள். ஆகவே கிராமங்களுக்குச் சென்று, அவர்களிடம்
சுத்தத்தை வளருங்கள். அவர்களுக்கு வேண்டிய உபதேசங்களை
ஊட்டுங்கள் என்று காந்தியடிகள் அன்று சொன்னார்கள். ஆனால்
இந்த பப்ளிக்ஹெல்த் டிப்பார்ட்மெண்டிலிருந்து இம்மாதிரிப்பட்ட
Propaganda ஒன்றும் செய்வது கிடையாது. ஆதலால் ஜனநாயக
சர்க்கார் வந்திருக்கும் இந்தக் காலத்தில், முன்போல் இருக்காமல்
மந்திரி அவர்களும் இவ்விலாகா உத்தியோகஸ்தர்களும் ஒவ்வொரு
இடங்களிலும் ஏறி இறங்கி வேலை செய்து, வேண்டிய சீர்திருத்தங்
கள் செய்ய வேண்டும். பகுதிவாராக கிராமங்கள் தோறும் வேண்டி
யபடி லைட், நல்ல குடிதண்ணீர், Drainage முதலிய வசதிகளை
செய்துகொடுக்கவேண்டும். இது, இந்த பப்ளிக்ஹெல்த் டிப்பார்ட்
மெண்டின் கடமையாகும். தோவாளை, அகஸ்தீஸ்வரம் போன்ற
தாலுகாக்களில் ஆரல்வாய் மொழி, கன்னியாகுமரி, சுசீந்திரம்,
கற்காடு, இட்டுவிளை, அரசன்குளி, டேயோடு, போன்ற இடங்களில்,
அங்குள்ள மக்கள் தண்ணீர் கிடைக்காமல் படும் கஷ்டம் சொல்லி
முடியாது. சுசீந்திரம் பக்கம் மலம் மிதந்து வரும் தண்ணீரைத்
தான் சகல ஆட்களும் எடுத்துச் சமையல் செய்து சாப்பிடவும்,
குடிக்கவும் செய்கிறார்கள். இதைப்பற்றி எவ்வளவோ தடவைகள்
கூக்குரலிட்டும் பயன் ஒன்றும் காணப்படவில்லை. ஒழுகினசேரி
முதலிய இடங்களிலுள்ள மக்களும் இதைப்பற்றி சொல்லியாய்
விட்டது. மேற்சொன்ன இடங்களில் வேண்டிய கிணறுகள் இல்லை,
பைப்புகளும் இல்லை. ஆற்று நீரைத்தான் குடிக்கவேண்டும். ஆற்
றிலிருந்து வரும் ஜலத்தில் மலம் மிதந்து வருவதைப் பார்த்தால்
அந்த ஜலத்தை எப்படிச் சாப்பிட முடியும்? இவைகளைப் பற்றி
ஒன்றும் இவ்விலாகா அதிகாரிகள் கவனிப்பதில்லை. இனி ஹரிஜனங்
களை எடுத்துக்கொண்டாலும் சரி, Caste Hindus-ஆயிருந்தாலும்
சரி, அவர்கள் வசிக்கும் கிராமங்களில் இருபது முதல் நூறு வீடுகள்
வரை உண்டு. அவ்விடம் குப்பை முதலியவைகளை சரியானபடி
மாற்றாமல் இருப்பதினால் உண்டாகும் துர்வாடையைப் பற்றி கூற
முடியாது. இதைப்பற்றி ஒன்றும் இவ்விலாகா அதிகாரிகள் கவ
னிப்பதில்லை. பின்னர் கிணறுகள் வெட்டுவதைப் பற்றி ஒன்றிரண்டு
வார்த்தைகள் கூற ஆசைப்படுகிறேன். ஒரு கிணறு வெட்டுவதற்கு

[ஸ்ரீ. எ. சாம்ராஜ்]

100 அல்லது 200 ரூபாய் ஆகுமென்றால் 500 ரூபாய்க்கு எஸ்டிமேட் போட்டு செய்து தீர்க்கிறார்கள். இவைகளுக்கு, Contract கொடுப்பது இவ்விலாகா அதிகாரிகளின் சொந்தக்காரர்களுக்கு. நாலு மாதங்கள் கழிந்தால் அந்தக் கிணறும் பாழாகிவிடும். நல்ல பூமியைப் பார்த்து நல்ல தண்ணீர் கிடைப்பது எங்கே என்று கவனித்து கிணறுகள் வெட்டாமல் வெறும் soft soil உள்ள இடங்களில் கிணறு வெட்டி இருக்கிறார்கள், எத்தனையோ இடங்களில். இவைகள் சீக்கிரம் கெட்டுப்போகும். இதைப்பற்றி சொன்னாலோ, நாங்கள் என்ன செய்வோம், கிணறு வெட்டியாகிவிட்டது என்று தான் சொல்கிறார்கள். எப்படியாயினும் சரி; குடி தண்ணீர் விஷயத்தில், முக்கியமாக கன்னியாகுமரி, சுசீந்திரம், ஒழுகணசேரி முதலிய இடங்களில் குடி தண்ணீர் வசதி செய்து கொடுக்கும்படி நான் இச்சர்க்காரிடம் மீண்டும் மீண்டும் தாழ்மையாய் கேட்டுக் கொள்கிறேன். இனி சில இடங்களில் 'லாம் போஸ்ட்டுகள்'—ல் எண்ணெய் விட்டால் அதில் பாதியையும் லைட் போடப்பட்டவன் கொண்டுபோய் விடுகிறான். இரவு 6½ மணி முதல் 10 மணி வரை எரியவேண்டிய விளக்குகள் 7 மணிக்கு ஏற்றப்பட்டு 7½ மணிக்கு அணைந்துவிடுகிறது. இதைப்பற்றி ஏதாவது கேட்டால் காற்று கொண்டுபோய் விட்டது என்று தான் சொல்லுவார்கள். இவைகளைப்பற்றியெல்லாம் வில்லேஜ் பஞ்சாயத் யூனியன் பிரசிடென்ட்டும் மற்றுள்ளவர்களும் கவனிக்கவேண்டும். இதையெல்லாம் கவனித்து முக்கியமாக இந்த குடி தண்ணீர் விஷயத்தில் ஆவன செய்யவேண்டுமென்று இச்சர்க்காரிடம் கேட்டுக்கொள்கிறேன்.

<u>ശ്രീ. പി. ചാക്കോ</u> : സർ, ഈ നാട്ടിലെ പൊതുജനങ്ങളുടെ ആരോഗ്യം പരിപാലിക്കുന്നതിനുവേണ്ടി പ്രവൎത്തനം നടത്തുന്ന ഈ ഡിപ്പാർട്ടുമെൻറിലേക്കു്, ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിൽ ഉൾപ്പെടുത്തിയിരിക്കുന്നതു് കേവലം ൩൦,൮൭,൮൦൦ രൂപാ മാത്രമാണു്. നമ്മുടെ നാട്ടിലെ ജനസംഖ്യയനുസരിച്ചു് നോക്കുന്നപക്ഷം മൂന്നുപേൎക്കു് ഒരു രൂപാമാത്രമാണു് ഉൾപ്പെടുത്തിയിരിക്കുന്നതെന്നുകാണാം. ഈ നിലയിൽ നോക്കുന്നപക്ഷം ഈ നാട്ടിലെ ജനങ്ങളെല്ലാം പൂൎണ്ണാരോഗ്യവാന്മാരായിട്ടു കണക്കാക്കിയാണോ ഇത്രയും ചെറിയ ഒരു തുക ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതെന്നു് ഞാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനോടു ചോദിച്ചുകൊള്ളട്ടെ. ഈ നാട്ടിലെ ജനങ്ങളിൽ അധികവും ആരോഗ്യമില്ലാത്തവരാണെന്നുള്ളതിനു പ്രത്യേകം തെളിവുകളൊന്നും ആവശ്യമില്ല. ഇൻഡ്യയിലെ കണക്കനുസരിച്ചു് നോക്കുന്നപക്ഷം ഇൻഡ്യയിലെ ശരാശരി മനുഷ്യായുസ്സു് ൨൭ വൎഷമാണു്. എന്നാൽ ഇംഗ്ലണ്ടിലും അമേരിക്കയിലും ശരാശരി മനുഷ്യായുസ്സു് ൬൦ വൎഷത്തിൽ കൂടുതലാണെന്നു കാണാവുന്നതാണു്. എങ്കിലും ആ രാജ്യങ്ങളിലെ മനുഷ്യായുസ്സു് വൎദ്ധിപ്പിക്കുന്നതിനു ആവശ്യമായ ആരോഗ്യപ്രവൎത്തനങ്ങൾ ഇന്നും വൎദ്ധമാനമായ നിലയിൽത്തന്നെ നടന്നുകൊണ്ടിരിക്കുകയാണു്. എന്നാൽ തിരുവിതാംകൂറിലെ മനുഷ്യായുസ്സു് പരിശോധിക്കുന്നപക്ഷം അതു് ശരാശരി ൨൭ വൎഷത്തിൽ താഴെയാണെന്നു മനസ്സിലാക്കാം,

ഈ രാജ്യത്തെ ധനസമ്പത്ത് ഈ രാജ്യത്തെ ജനങ്ങളുടെ ആരോഗ്യനിലയെ അടിസ്ഥാനമാക്കി വിധിനിർണ്ണയിക്കേണ്ടതാണെന്ന് എന്റെ മുൻ പ്രാസംഗികൻ സൂചിപ്പിച്ചത് നാം പ്രത്യേകം ഓർത്തിരിക്കേണ്ടതാണ്. നമ്മുടെ രാജ്യം വ്യാവസായികമായി അഭിവൃദ്ധിപ്പെടണമെങ്കിൽ തൊഴിലാളികളുടെ ആരോഗ്യം സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. ആരോഗ്യസംരക്ഷണത്തിന് ഏററവും അത്യാവശ്യമായിട്ടുള്ളത് ആഹാരമാണ്. ഇന്ന തൊഴിലാളികുടുംബങ്ങളിൽ, അതായത്, അഞ്ചും, എട്ടും, പത്തും അംഗങ്ങളുള്ള ഒരു കുടുംബത്തിൽ ജീവസന്ധാരണത്തിനുവേണ്ടി ലഭിക്കുന്ന കൂലി എത്രയോ തുച്ഛമാണ്. ഇത്ര നിസ്സാരമായ കൂലികൊണ്ട് ജീവിക്കുന്ന ആളുകൾക്ക് അവരുടെ ആരോഗ്യം നിലനിർത്തുക സാദ്ധ്യമല്ലെന്നു നമുക്കറിയാം. ചേർത്തല മുതലായ കായലോരപ്രദേശങ്ങളിലെ തൊഴിലാളികുടുംബങ്ങളിലുള്ള ധാരാളം കൊച്ചുകുട്ടികൾ വയർ ഉന്തി, കണ്ണുകുഴിഞ്ഞ്, കവിളൊട്ടി, ശരീരം മെലിഞ്ഞ് ഇരിക്കുന്നതായി കാണാം. ഇങ്ങനെയുള്ള കുട്ടികളുടെ ശരാശരി ആയുസ്സുതന്നെ വളരെ കുറവാണ്. അവരുടെ ശരാശരി മരണനിരക്കു വളരെ കൂടുതലാണെന്നു നമ്മുടെ കാനേഷുമാരി കണക്കിൽനിന്നു നമുക്കു മനസ്സിലാക്കാം. അതുകൊണ്ട് സാധുക്കളായ കുട്ടികൾക്ക് ശരിയായ പോഷകാംശമുള്ള ആഹാരസാധനങ്ങൾ നൽകുന്ന കാര്യത്തിൽ പൊതുജനാരോഗ്യവകുപ്പ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

നമ്മുടെ യൂണിവേഴ്സിററിയിൽനിന്നും റിസർച്ചുഡിപ്പാർട്ടുമെന്റ മുഖാന്തിരം ഷാർക്ക്‌ലിവർ ഓയിൽ ധാരാളം ഉല്പാദിപ്പിക്കുന്നുണ്ട്. എന്നാൽ സാധാരണക്കാർക്ക് ഈ സാധനം ഉപയോഗിച്ച് അവരുടെ ആഹാരത്തിലുള്ള ജീവകങ്ങളുടെ അപര്യാപ്തത പരിഹരിക്കുവാൻ സാദ്ധ്യമല്ല. പണക്കാർക്ക് ഈ കുറവു പരിഹരിക്കുവാൻ സാധിക്കുമെന്നുള്ള കാര്യം ഞാൻ സമ്മതിക്കുന്നു. അതുകൊണ്ട് പൊതുജനാരോഗ്യവകുപ്പ് മുഖാന്തിരം ഷാർക്ക്‌ലിവർ ഓയിലും ലോകാരോഗ്യസംഘടന മുഖാന്തിരം വിററാമിൻ ഗുളികകളും വരുത്തി സൗജന്യമായി തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾക്കു കൊടുത്താൽ പ്രാപ്തന്മാരായ തൊഴിലാളികളെ സൃഷ്ടിക്കുന്നതിനും അങ്ങനെ നമ്മുടെ രാജ്യം വ്യാവസായികമായി പുരോഗമിക്കുന്നതിനും സാധിക്കും. ഏതായാലും, ഈ നാട്ടിലെ പൊതുജനാരോഗ്യവകുപ്പിന്റെ പ്രവർത്തനം തീരെ അപര്യാപ്തമാണെന്നു പറയാതെ നിവൃത്തിയില്ല. നമ്മുടെ നാട്ടിൻപുറത്തുള്ള സാധാരണജനങ്ങളുടെ ആരോഗ്യസ്ഥിതി വളരെ മോശമാണ്. തിരുവനന്തപുരം പട്ടണത്തിലോ അതുപോലെയുള്ള ചുരുക്കം ചില വലിയ പട്ടണങ്ങളിലോ ഉള്ള ജനങ്ങളുടെ ആരോഗ്യപരമായ നില നന്നാക്കുന്നതിനുള്ള ശ്രമമാണ് ഈ ഡിപ്പാർട്ടുമെന്റ കൂടുതലായും ചെയ്തുകൊണ്ടിരിക്കുന്നത്.

പ്രത്യേകിച്ച് പ്രസവസംബന്ധമായ കാര്യങ്ങളിൽ ഗ്രാമീണജനത അനുഭവിക്കുന്ന ദുരിതം വളരെ അധികമാണ്. എന്റെ സ്നേഹിതൻ ഡാക്ടർ എൻ. എസ്സ്. പിള്ള അദ്ദേഹത്തിന്റെ നിയോജകമണ്ഡലമായ ആററിങ്ങലിലെ പ്രസവസംബന്ധമായ കാര്യങ്ങളിലുള്ള വൈഷമ്യത്തെക്കുറിച്ച് ഇവിടെ സവിസ്തരം പ്രസ്താവിക്കുകയുണ്ടായി. അത് അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ മാത്രമുള്ള ഒരവസ്ഥയല്ല. ഈ മാതിരിയുള്ള വിഷമങ്ങൾ നാട്ടിൻപുറത്തുള്ള എല്ലാ സ്ത്രീകളും അനുഭവിച്ചുവരികയാണ്. ഈ ഡിപ്പാർട്ടുമെന്റിൽനിന്നും രാജ്യത്ത് അങ്ങുമിങ്ങും ഹെൽത്തു

[ശ്രീ. പി. ചാക്കോ.]

യൂണിററുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അതു വേണ്ടത്ര പ്രയോജനകരമായ രീതിയിൽ ഇന്നു പ്രവർത്തനം നടത്തുന്നില്ല. അതുകൊണ്ടു് എല്ലാ സ്ഥലങ്ങളിലും ഹെൽത്തു യൂണിററുകൾ സ്ഥാപിക്കുന്നതുകൂടാതെ പ്രസവസംബന്ധമായ ആവശ്യമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും മിഡ്‌വൈഫ്‌സിനെ കൂടുതലായി നിയമിക്കയും ചെയ്യേണ്ടതു് ഒരു അടിയന്തിരാവശ്യമാണു്.

അതിനുംപുറമേ, ശുദ്ധജലം ലഭിക്കുന്നതിനുള്ള പ്രയാസത്തെപ്പററി ഇവിടെ പലരും പ്രസംഗിക്കയുണ്ടായി. കായലോരങ്ങളിൽ ചില സ്ഥലത്തു് കുഴൽക്കിണറുകൾ സ്ഥാപിക്കുവാൻ ഗവണ്മെൻറു ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടു്. എന്നാൽ കുട്ടനാടൻ പ്രദേശങ്ങളിലെ വിളവെടുപ്പുകാലത്തു് മദ്ധ്യതിരുവിതാംകൂറിന്റെ കിഴക്കൻ താലൂക്കുകളിൽനിന്നും ധാരാളം തൊഴിലാളികൾ വിളവെടുക്കുന്നതിനുവേണ്ടി കുട്ടനാട്ടിൽ പോകാറുണ്ടു്. അവർക്കു ശുദ്ധജലം ലഭിക്കുന്നതിനുള്ള പ്രയാസങ്ങളെപ്പററി എന്റെ സ്നേഹിതൻ മി. ചങ്ങാരപ്പള്ളി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. കുട്ടനാട്ടിലെ കർഷകതൊഴിലാളികൾക്കു് കൊയ്ത്തുകാലത്തു് ശരിയായ ജീവിതസൗകര്യം ഇല്ലാതെയും ശുദ്ധജലം ലഭിക്കാതെയും മരണമടയുന്നതായി എനിക്കു് അറിയാൻ സാധിച്ചിട്ടുണ്ടു്. അതുകൊണ്ടു് പൊതുജനാരോഗ്യവകുപ്പുമുഖേനയോ മെഡിക്കൽ ഡിപ്പാർട്ടുമെൻറുമുഖേനയോ കുട്ടനാടൻപ്രദേശങ്ങളിൽ ഹാർവെസ്‌ററ് സീസനിലെങ്കിലും ആതുര ശുശ്രൂഷാലയങ്ങൾ ഏർപ്പെടുത്തി പൊതുജനാരോഗ്യം സംരക്ഷിക്കണമെന്നു് ഞാൻ പ്രത്യേകം അഭ്യർത്ഥിച്ചുകൊള്ളുന്നു.

ஸ்ரீ. பி. ராமஸ்வாமி பிள்ளை: ஸர், இந்த பப்ளிக் ஹெல்த் இலாகாவைப் பற்றி வெகுவாக பல அங்கத்தினர்களும் பேசிவிட்டார்கள். இது, பொது ஜனங்களுக்கு மிகவும் உபயோகமானதொரு இலாகா, என்பதைப் பற்றி சந்தேகமில்லை. பொதுஜனங்களின் ஆரோக்கியத்தை வளர்க்க என்னென்ன முறைகளை கையாளவேண்டும் என்பதற்காகவே இந்த இலாகா வேலை செய்துகொண்டிருக்கிறது. டவுன் பிரதேசங்களை விட கிராமங்களில் தான் இவ்விலாகா மிகவும் முக்கியமாக வேலை செய்யவேண்டியதாக இருக்கிறது. Conservancy மூலமாக, ஜனங்களுக்கு உபயோகப்படக்கூடிய கிணறுகள், குளங்கள் இவைகளைச் சுத்தி செய்வதற்கு இவ்விலாகா மிகவும் பிரயோஜனகரமாக இருக்கிறது. ஆனால் பட்ஜெட்டை எடுத்துப் பார்ப்போமேயானால் சென்ற வருடத்தில் இதற்காக ஒன்றிரண்டு Items களில் ஒதுக்கப்பட்டிருந்த தொகை அவ்வளவையும் உபயோகப்படுத்தவில்லை என்று காணப்படுகிறது. பட்ஜெட்டின் 162-வது பக்கத்தைப் பார்த்தால், Construction of Latrines க்காக 1951-52-ல் 50,000 ரூபாய் ஒதுக்கப்பட்டிருக்கிறதாகத் தெரிகிறது. ஆனால் Revised Estimates என்னும் காலத்தில் ஒன்றுமே செலவு செய்யப்பட்டதாகக் காணவில்லை. Construction of Latrines என்பது மிகவும் முக்கியமானதொரு ஐட்டமாகும். ஏன் இதில் ஒரு காசு கூட அந்த ஐட்டத்திற்கு செலவு செய்யப்படவில்லை என்று கேட்க நான் ஆசைப்படுகிறேன். அடுத்தது, Provision of squatting

slabs for bore hole latrines. அதற்காக 20000 ரூபாய் ஒதுக்கப்பட்டதாகக் காணப்படுகிறது. ஆனால் அதிலும் ஒரு காசு கூட செலவு செய்யப்படவில்லை. இந்த வருடமும், இந்த இரண்டு ஐட்டங்களுக்கும் 50000 ரூபாய் வீதமும், 20000 ரூபாய் வீதமும் பட்ஜெட்டில் தொகை சேர்க்கப்பட்டிருக்கிறது. இந்த வருடத்திலும், அந்த மாதிரி Latrines கட்டாமலோ அல்லது Slabs செய்யாமலோ இந்தப் பணத்தை செலவாக்காமல் இருந்துவிடக் கூடாதென்று எச்சரிக்கை செய்ய நான் ஆசைப்படுகிறேன். மக்களுக்குப் பயன்படக்கூடிய முறையில் செலவு செய்து மக்களின் மதிப்பைப் பெறவேண்டும் இவ்விலாகா, என்று நான் சொல்லிக்கொள்ள ஆசைப்படுகிறேன். ஆனால் இம்மாதிரி செலவு செய்யாமல் பணம் மட்டும் வேண்டுமென்று, இச்சபையின் அனுமதியைக் கேட்டுக்கொண்டு பணத்தை சரியான முறையில் செலவு செய்யாமல் இருந்தால் அது மக்களுக்கு எவ்விதம் பயன்படும்? பின், Sinking of wells என்ற இனத்தில் 1951–52–ல் 200 ரூபாய் ஒதுக்கப்பட்டிருந்தது. இவ்வருடமும், 1952–53–க்கும் 200 ரூபாய் அதற்காக ஒதுக்கப்பட்டிருக்கிறது. இந்த ரூபாயைக் கொண்டு எந்தக் கிராமத்தில் கிணறுகள் வெட்டி இப்பணத்தை உபயோகிக்கப் போகிறார்கள் என்று கேட்க நான் ஆசைப்படுகிறேன். அடுத்தது, குடி தண்ணீர். குடி தண்ணீர் என்பது மிகவும் முக்கியமானதொன்றாகும். சுத்தத் தண்ணீர், எல்லா இடங்களிலும் Tube wells வழியோ அல்லது மற்றப்படி கிணறுகள் வெட்டியோ மக்களுக்கு குடிதண்ணீர் கொடுக்கவேண்டிய கடமை அரசாங்கத்திற்கு உண்டு. அதற்காக இந்த பப்ளிக் ஹெல்த் இலாகாவில் ஏராளம் பணம் ஒதுக்கியிருந்தால் நன்றாக இருந்திருக்கும். ஆனால் அப்படி ஒன்றும் இதில் சேர்க்கப்படவில்லை. சேர்க்கப்பட்ட பணத்தை செலவு செய்வதும் இல்லை, பணத்தை சரியான முறையில் சேர்ப்பதும் இல்லை என்று எடுத்துக் கூற நான் ஆசைப்படுகிறேன். இந்த Conservancy நடத்தக்கூடிய அக்கிரமங்களைப் பற்றி இங்கு எடுத்துச் சொல்லப்பட்டது. Conservancy–ம், பஞ்சாயத்துப் போர்ட்–ம் ஒன்று சேர்ந்து ஒரே இடத்தில் overlap செய்து வேலை செய்து வருகிறது. எங்கெங்கெல்லாம் பஞ்சாயத்து போர்ட்கள் இருக்கிறதோ அந்தந்த இடங்களில் இந்த Conservancy வேண்டாமென்று வைத்து, அந்த ஸ்டாபையும், அதற்காக செலவு செய்யும் பணத்தையும், பஞ்சாயத்து போர்ட்–களுக்கு ஒதுக்கிக் கொடுத்தால் திறமையான முறையில் வேலை செய்யலாம் என்பது தான் எனது அபிப்பிராயம். ஒரேயிடத்தில் லைட்டிங், தண்ணீர் கொடுப்பது, கிணறுகள், குளங்கள் இவைகளை சுத்தி செய்வது இவைகளை எல்லாம் இந்த இரண்டு இலாகாக்களும் செய்வதாய் இருந்தால், அது overlapping ஆகத்தான் செய்யும். இம்மாதிரிப்பட்ட ஸ்தலங்கள் பல இருக்கின்றன. தென் திருவிதாங்கூரைப் பொறுத்த மட்டில் ஆறேழு இடங்களில் இந்தமாதிரி, பஞ்சாயத்து போர்டுகளும் Conservancy களும் ஒன்று சேர்ந்து ஒரே இடத்திலிருந்து தான் வேலை செய்து வருகிறது. பஞ்சாயத்து போர்ட் தலைவரிடத்தில் இதையும் சேர்த்துக் கொடுத்தால் மிகவும் நன்றாக வேலை செய்ய

[ஸ்ரீ. பி. ராமஸ்வாமி பிள்ளை]

ஏதுவாகும். பின்னர், ஒரு விஷயத்தைப் பற்றிக்கூட சொல்ல ஆசைப் படுகிறேன். இங்கு சொல்லப்பட்டதுபோல், பள்ளிக்கூட பிள்ளைகள் மிகவும் ஆரோக்கியமுள்ளவர்களாய் இருந்தால் தான், வருங் காலத்திலும் அவர்கள் ஆரோக்கியமுள்ளவர்களாக இருப்பார்கள். ஆகவே பால் சப்ளை செய்வது, மத்தியானம் கஞ்சி சப்ளை செய்வது முதலியவற்றிற்கு இந்த பப்ளிக்ஹெல்த் இலாகா முற்பட்டு வந்தால், மிகவும் உபயோகமாய் இருக்கும் என்றும் தெரிவித்துக் கொள் கிறேன்.

ശ്രീ. വി. മാധവൻ: സർ, ഈ വകുപ്പുസംബന്ധിച്ചു പല ബഹുമാനപ്പെട്ട മെംബറന്മാരും നടത്തിയ പ്രസംഗങ്ങൾ ഞാൻ ശ്രദ്ധയോടുകൂടി കേട്ടുകൊണ്ടിരിക്കയായിരുന്നു. വളരെയധികം സംഗതികൾ അതിൽനിന്നും ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ടു്. ഈ ഡിപ്പാർട്ടുമെൻറിൻെറ നടത്തിപ്പിനു് ആവശ്യമായ പല നിർദ്ദേശങ്ങളും ആ പ്രസംഗങ്ങളിൽനിന്നും കിട്ടിയിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു് ഇന്നു ഈ വിഷയത്തെസംബന്ധിച്ചു് പ്രസംഗിച്ചിട്ടുള്ള എല്ലാ ബഹുമാനപ്പെട്ട മെംബറന്മാർക്കും പ്രത്യേക കൃതജ്ഞത പറഞ്ഞുകൊള്ളുന്നു. എനിക്കു് ഒരു പതിനഞ്ചുമിനിട്ടിൽ കൂടുതൽ സംസാരിക്കുന്നതിനുള്ള സമയമില്ലാത്തതുകൊണ്ടു് എല്ലാ പ്രശ്നങ്ങളേയും പരാമർശിക്കുന്നതിനു സാദ്ധ്യമല്ല. അതിനാൽ ഏററവും പ്രധാനമെന്നു് എനിക്കു തോന്നുന്ന ചില കാര്യങ്ങൾ സഭയുടെ അറിവിനായി സമർപ്പിക്കാമെന്നു വിചാരിക്കുന്നു.

ഈ ഡിപ്പാർട്ടുമെൻറു് ഇപ്പോൾ മിക്കവാറും ഒരു മേജർ ഡിപ്പാർട്ടുമെൻറു് ആയിട്ടുതന്നെ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കയാണു്. എന്നാൽ ഈ ഡിപ്പാർട്ടുമെൻറുമൂലം ഉദ്ദേശിക്കുന്ന പരമമായ ലക്ഷ്യപ്രാപ്തിയിൽ എത്തത്തക്കവണ്ണം അതു പുഷ്ടിപ്പെട്ടിട്ടുണ്ടെന്നു ഞാൻ പറയുന്നില്ല. വർദ്ധിച്ചുവരുന്ന ഒരു ഡിപ്പാർട്ടുമെൻറായിട്ടു മാത്രമേ ഇതിനെ ഈ സഭ കരുതാൻ പാടുള്ളു എന്നാണു് എനിക്കു പറയാനുള്ളതു്. പബ്ളിക്കുഹെൽത്തു ഡിപ്പാർട്ടുമെൻറിനെ ഒരു പ്രതിരോധ ഡിപ്പാർട്ടുമെൻറായിട്ടു മാത്രമേ നമുക്കു വീക്ഷിക്കാൻ കഴികയുള്ളു. അതിനുള്ള കാരണം നമുക്കെല്ലാവർക്കും അറിയാമെന്നുള്ളതാണു്. മെഡിക്കൽഡിപ്പാർട്ടുമെൻറു് സുഖക്കേടു് വന്നശേഷം ചികിൽസിക്കുന്നുവെന്നല്ലാതെ സുഖക്കേടു് വരാതിരിക്കുന്നതിനുള്ള പ്രവർത്തനം നടത്തുന്നതു് ഈ ഡിപ്പാർട്ടുമെൻറാണെന്നു് എല്ലാവർക്കും അറിയാമെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങനെ ആരോഗ്യസംരക്ഷണത്തിനുവേണ്ടി വിപുലമായ തോതിൽ ഈ രാജ്യത്തുള്ള സുഖക്കേടുകൾക്കു നിദാനമായിട്ടുള്ളതു എന്തെല്ലാമാണോ അതിനെയെല്ലാം നശിപ്പിക്കുന്നതിനു ഈ ഡിപ്പാർട്ടുമെൻറു കാര്യമായി പ്രവർത്തിക്കേണ്ടതാണെന്നു ബഹുമാനപ്പെട്ട മെംബറന്മാർ നിർദ്ദേശിച്ചതു് അവരെപ്പോലെതന്നെ ഗവണ്മെൻറിനും അറിവുള്ള ഒന്നാണു്. പക്ഷെ പരിതഃസ്ഥിതികൾ എല്ലാവരും ഓർക്കണം. ഗവണ്മെൻറിനു് ആവശ്യമായ സാമ്പത്തികകഴിവില്ലെന്നു പറയുമ്പോൾ അങ്ങനെ പറഞ്ഞു ഗവണ്മെൻറു് ഒഴിയുന്നതു ശരിയല്ലെന്നു ഗവണ്മെൻറിൻെറമേൽ ഒരു കുററാരോപണം കൊണ്ടുവരുന്ന പതിവു് ഇവിടെയുണ്ടു്. പ്രതിപാദ്യവിഷയമായ ഈ ഡിപ്പാർട്ടുമെ

ൻറിനെ ശരിയായി വികസിപ്പിക്കുന്നതിനു ഭരണകക്ഷിയിൽപെട്ടവക്ക് ആക്കും സമ്മതമില്ലാത്തതുകൊണ്ടല്ലെന്നും, ഇന്നത്തെ ഈ ഗവണ്മെൻറിൻെറ കാര്യങ്ങൾ വഹിച്ചുകൊണ്ടുപോകുന്നവർ ഗവണ്മെൻറിൻെറ സമ്പത്തു വർദ്ധിപ്പിച്ചു കൂട്ടുവാൻമാത്രം വിചാരിച്ചു വന്നിട്ടുള്ളവരല്ലെന്നും, ഈ ഗവണ്മെൻറിൻെറ നടപടികൾ വീക്ഷിച്ചുകൊണ്ടിരിക്കുന്ന ആക്കും അറിയാൻ കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. ടി. എ. മജീദ്: ഒരു ചോദ്യം.

ശ്രീ. വി. മാധവൻ: ബഹുമാനപ്പെട്ട മെംബറന്മാർ എന്തെങ്കിലും ചോദിക്കാനുണ്ടെങ്കിൽ അതു് അവസാനം ചോദിച്ചാൽ ഉത്തരം പറയാം. ഇടക്കു ചോദിച്ചാൽ പറയാനുള്ളതു് കുറെ എങ്കിലും പറയാൻ സമയംകിട്ടാതെ പ്രയാസപ്പെടും.

ഭരണവിഷയത്തിൽ എന്തെങ്കിലും ഉപേക്ഷ കാണിച്ചു ഗവണ്മെൻറിനു സമ്പാദ്യങ്ങൾ വർദ്ധിപ്പിക്കണമെന്ന ഒരു നയം തുടരുമെന്നു ആരും ശങ്കിക്കേണ്ട ആവശ്യമില്ല.

എല്ലാവരുടെ പ്രസംഗങ്ങളിലും രണ്ടുമൂന്നുസംഗതികൾ പ്രധാനമായി ഇവിടെ ഉന്നയിച്ചുകണ്ടു. പകർച്ചവ്യാധികൾ പടർന്നുപിടിക്കാതിരിക്കുന്നതിനു് ഈ ഡിപ്പാർട്ടുമെൻറ് എടുത്തിട്ടുള്ള നടപടികൾ അത്ര പര്യാപ്തമല്ലെന്നു് ഇവിടെ പ്രസ്താവിക്കയുണ്ടായി. കുഷ്ഠരോഗത്തെ ആസ്പദമാക്കിയാണു് പ്രധാനമായി ഇവിടെ പറഞ്ഞുകേട്ടതു്. കുഷ്ഠരോഗത്തെ സംബന്ധിച്ചു ഫലപ്രദമായി എന്താണു ചെയ്യേണ്ടതെന്നുള്ളതിനെപ്പററി ഗവണ്മെൻറ് ആലോചിച്ചുകൊണ്ടിരിക്കുന്ന ഒരു സന്ദർഭമാണിതു്. ഈ കുഷ്ഠരോഗികൾ നാടൊട്ടുക്കു പലടത്തും അലഞ്ഞുനടക്കുന്നതായും അതുകൊണ്ടു ജനങ്ങൾക്കു വളരെ പ്രയാസമുണ്ടാകുന്നതായും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. സാംക്രമികരോഗത്തിനു പ്രതിവിധി ചെയ്യാതിരുന്നാൽ അതു പടർന്നുപിടിക്കുമെന്നുള്ള കാര്യം ഗവണ്മെൻറിനും അറിയാം. എന്നാൽ ഈ രോഗികളും ഈ നാട്ടിലെ പ്രജാവിഭാഗത്തിൽപ്പെട്ടവരാണു്. അവക്കു വേണ്ടിടത്തോളം സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കാതെ അവർ പുറത്തിറങ്ങി നടക്കാൻ പാടില്ലെന്നു നിരോധിക്കുന്നതു വിഹിതമാണോ എന്നു് എല്ലാവരും ആലോചിക്കേണ്ടതാണു്. വളരെ പരിമിതമായിട്ടേ കുഷ്ഠരോഗികൾക്കു് അഭയംകൊടുക്കുന്നതിനു ഗവണ്മെൻറിനു് സാധിച്ചിട്ടുള്ളു. അതു ഗവണ്മെൻറിൻെറ കുററംകൊണ്ടല്ല.

ശ്രീ. എൻ. പി. വർഗ്ഗീസ്: പ്രൈവറേറജൻസികൾ അതിനു തയാറാകുമ്പോൾ അവരെ എൻകറേജ് ചെയ്യാത്തതു ഗവണ്മെൻറിൻെറ കുററമല്ലേ?

ശ്രീ. വി. മാധവൻ: ഇവിടെ ചോദ്യോത്തരവേളയിൽ ഒരു ചോദ്യത്തിനു മറുപടി പറഞ്ഞപ്പോൾ എത്രാനും പ്രൈവറേറജൻസികൾ സ്തുത്യർഹമായ രീതിയിൽ കുഷ്ഠരോഗികൾക്കു് അഭയം നൽകിക്കൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾ ഉണ്ടാക്കീട്ടുണ്ടെന്നു ഞാൻ പറഞ്ഞിട്ടുണ്ടു്. അവരുടെ അപേക്ഷ അനുസരിച്ചും ഗവണ്മെൻറിൻെറ കഴിവനുസരിച്ചും മിക്കവാറും എല്ലാ സ്ഥാപനങ്ങൾക്കും ഗവണ്മെൻറ ഗ്രാൻറ നൽകിവരുന്നുണ്ടു്. അങ്ങനെ ഗ്രാൻറ നൽകാത്തതായി ചേർത്തല ഒരു കത്തോലിക്കാസ്ഥാ-

[ശ്രീ. വി. മാധവൻ]

പനം മാത്രമേയുള്ളു എന്നാണ് എന്റെ ഓർമ്മ. അതുകൊണ്ട് അങ്ങനെയുള്ള സ്ഥാപനങ്ങൾക്കു എന്റെ സ്നേഹിതൻ വിവക്ഷിക്കുന്നതുപോലെ ഗ്രാന്റുകൾ നൽകി സഹായിക്കുന്നതിൽ ഈ ഗവണ്മെന്റ് വിമുഖമായിരിക്കുകയില്ലെന്നു മാത്രമേ ഇപ്പോൾ പറയാൻ കഴികയുള്ളു.

ഈ രോഗികൾ രാജ്യവ്യാപകമായി കാണപ്പെടുന്നതുകൊണ്ട് ഇതിനെ തരണംചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് ഒരു സ്പെഷ്യലാഫീസറേയും ഗവണ്മെന്റ് നിയമിച്ചിട്ടുണ്ട്.

Shri M. M. Abdul Khader : I want to knowlif he is a doctor.

Mr. Speaker : The presumption is that he is not expected to submit an expert report.

ശ്രീ. വി. മാധവൻ: ആ സ്പെഷ്യലാഫീസറുടെ റിപ്പോർട്ടു കിട്ടിക്കഴിഞ്ഞാൽ അതിനെപ്പറ്റി ഗവണ്മെന്റ് ആലോചിച്ച് ഇന്നിവിടെ ചൂണ്ടിക്കാട്ടുകൾ ഉണ്ടാക്കിയിട്ടുള്ള ഈ വിഷയത്തിൽ ഒട്ടും താമസിയാതെ തന്നെ വേണ്ട നടപടികൾ എടുക്കുന്നതായിരിക്കുമെന്നാണു എനിക്കു പറയാനുള്ളതു്. ഈ അവസരത്തിൽ ഒരു സംഗതികൂടി ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഹിൻഡ് കുഷ്ഠനിവാരണസംഘം എന്ന പേരിൽ ഇൻഡ്യയിൽ രാജ്യമൊട്ടുക്കെ പ്രതിരോധ നടപടികൾക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സംഘമുണ്ട്. ആ സംഘത്തിന്റെ പ്രതിനിധി ഇവിടെവന്ന് ഈ രാജ്യത്ത് എങ്ങനെയാണ് ഈ നിവാരണ ജോലികൾ നടത്താവുന്നതെന്നും മറ്റും ഒരു കാൺഫറൻസ് നടത്തി ആലോചന നടത്തിയിട്ടുണ്ട്. ഈ വിഷയത്തിൽ അവരുടെ സഹായസഹകരണംകൂടി ലഭിക്കാൻ ഇടയുള്ള വാഗ്ദാനങ്ങളോടുകൂടി അവർ തിരിച്ചുപോകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് നമ്മുടെ ഗവണ്മെന്റിന്റെ കഴിവനുസരിച്ചുള്ള പ്രവർത്തനംമൂലവും, രാജ്യവ്യാപകമായ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന ആ സംഘത്തിന്റെ പ്രവർത്തനംമൂലവും ഈ രോഗം നിയന്ത്രണാധീനമായി തീരുമെന്നു ഗവണ്മെന്റ് പ്രതീക്ഷിക്കുന്നു. ആ വിഷയത്തിൽ എല്ലാവരുടേയും സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു.

മന്തുരോഗത്തിന്റെ സ്ഥിതിയെപ്പറ്റിയും അതിന്റെ വൈഷമ്യങ്ങളെപ്പറ്റിയും ബഹുമാനപ്പെട്ട എല്ലാ മെമ്പറന്മാരും ഇവിടെ സംസാരിക്കയുണ്ടായി. ഈ രോഗത്തിനുള്ള പ്രതിരോധ നടപടികൾ ഗവണ്മെന്റ് ഇന്നും ഇന്നലെയും തുടങ്ങിയിട്ടുള്ളതല്ല. ചേർത്തല മുതലായ തീരപ്രദേശങ്ങളിൽ ഈ രോഗം ഉണ്ടാകുന്നതിന്റെ കാരണം എന്താണെന്നുള്ളതു കണ്ടുപിടിച്ചതിൽ, കൊതുകാണെന്നും ആ കൊതുകുകൾ പായലിൽ മുട്ടയിടുന്നതുകൊണ്ടുണ്ടാകുന്നതാണെന്നും വിദഗ്ദ്ധന്മാരായ ആളുകൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. അങ്ങനെ കൊതുക് വർദ്ധിക്കത്തക്കവണ്ണമുള്ള പരിസരങ്ങൾ ഇല്ലാതാക്കുന്നതിനുള്ള നടപടികൾ തീരപ്രദേശങ്ങളിൽ എടുത്തുകൊണ്ടാണിരിക്കുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി : ബഡ്ജററിൽ മന്തുനിവാരണത്തിനായി നീക്കിവച്ചിരിക്കുന്ന പണത്തിൽനിന്നു ചേർത്തലയ്ക്കു് ഒരു കാശുപോലും നീക്കിവച്ചിട്ടില്ല.

ശ്രീ. വി. മാധവൻ : ഇടയ്ക്കുള്ള ചോദ്യങ്ങൾ കൂടാതിരുന്നാൽ രണ്ടു മിനിട്ടുകൂടി എനിക്കു് സംസാരിക്കാൻ സാധിക്കും.

മന്തുരോഗം ചേർത്തലമാത്രമുള്ളതല്ല. എല്ലാ രോഗങ്ങളേയും പൊതുവാക്കിയാണു് പ്രവർത്തനം നടത്തുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി : ചേർത്തലയാണു് ഈ രോഗം പ്രധാനമായിട്ടുള്ളതു്. ചേർത്തല ഒരു ക്ലിനിക്കു് ഇതിലേക്കു തുറന്നിട്ടുണ്ടായിരുന്നു. അതിപ്പോൾ അടച്ചിട്ടിരിക്കയാണു്. ബഡ്ജററിൽ ചേർത്തലയിലെ മന്തുരോഗനിവാരണജോലികൾക്കു് ഒരു തുകയും കൊള്ളിച്ചിട്ടുള്ളതായി കാണുന്നില്ല. അവിടെ കൊച്ചുകുട്ടികൾക്കുപോലും മന്തുണ്ടു്.

ശ്രീ. വി. മാധവൻ : മന്തുരോഗം ചേർത്തല വളരെയധികമാണു്. അതുപോലെതന്നെ തീരപ്രദേശങ്ങളിലെല്ലാമുണ്ടു്, ചേർത്തലയെ ഈ വിഷയത്തിൽ ഒരിക്കലും അവഗണിച്ചു എന്നു വരികയില്ല. മററു താലൂക്കുകളെ അപേക്ഷിച്ചു ചേർത്തലയാണു് ഇതിന്റെ കേന്ദ്രം. ആ വിവരം ഗവണ്മെന്റിനു നല്ലതുപോലെ അറിയാം.

അടുത്തതായി ഇവിടെ പ്രസ്താവിച്ചതു ശുദ്ധജല ദൗർലഭ്യത്തെപ്പററിയാണു്. പഞ്ചായത്തു മുഖേനയും പബ്ലിക്ക്ഹെൽത്തു് മുഖേനയും പബ്ലിക് വർക്കസ് ഡിപ്പാർട്ടുമെന്റു മുഖേനയും രണ്ടുമൂന്നു മാർഗ്ഗങ്ങളിൽ കൂടിയാണു് ജലദൗർലഭ്യത്തിനുള്ള നിവാരണം നടത്തിക്കൊണ്ടിരിക്കുന്നതു്. എന്റെ ഓർമ്മ ശരിയാണെങ്കിൽ ൨൪൦൬൦൦ രൂപാ പഞ്ചായത്തു ഡിപ്പാർട്ടുമെന്റിൽ ജലദൗർലഭ്യത്തിനുവേണ്ടി നീക്കിവച്ചിട്ടുണ്ടു്. കുറെ സംഖ്യ പബ്ലിക്ക്ഹെൽത്തു ഡിപ്പാർട്ടുമെന്റിലും കൊള്ളിച്ചിട്ടുണ്ടു്. മററവിധത്തിൽ പി. ഡബ്ലിയു. ഡിപ്പാർട്ടുമെന്റു മുഖേനയും ഇതിനുള്ള നടപടികൾ നടക്കുന്നുണ്ടു്.

പബ്ലിക്ക്ഹെൽത്തു് ഡിപ്പാർട്ടുമെന്റിൽ ട്യൂബ്വെൽസ് കുഴിപ്പിക്കുന്നതിനു പര്യാപ്തമായ യന്ത്രങ്ങൾ ഇതുവരെ ഉണ്ടായിരുന്നില്ല. വലുതായ സംഖ്യ ചെലവാക്കി ഈ ആവശ്യത്തിനു ഒരു യന്ത്രം വരുത്തുന്നുണ്ടു്. അതു് താമസിയാതെ വന്നു ചേരുന്നതാണു്. അതിൽ പിന്നീടു് അതു് ഫലപ്രദമായ രീതിയിൽ പ്രവർത്തിച്ചു കുഴൽകിണറുകൾ ഉണ്ടാക്കാൻ സാധിക്കുമെന്നാണു് ഉദ്ദേശിക്കുന്നതു്. ഇനിയും ചില കാര്യങ്ങൾ പറയുവാനുണ്ടു്. സമയം പോരാത്തതുകൊണ്ടു് ഇപ്പോൾ അവസാനിപ്പിക്കുകയാണു്. ബഹുമാനപ്പെട്ട മെംബറന്മാർ പറഞ്ഞ എല്ലാ നിർദ്ദേശങ്ങളും മനസിൽവെച്ചുകൊണ്ടു് പ്രവൃത്തിക്കുന്നതാണെന്നു മാത്രമെ തൽക്കാലം പറയുവാൻ സാധിക്കുകയുള്ളു.

The cut motions moved by Shri P. Ravindran and Shri Changarappally P. Narayanan Potti were withdrawn with the leave of the House.

[ശ്രീ. വി. മാധവൻ]

The question that Government be granted a sum of Rs. 23,63,700 under Demand XX—Public Health was put and carried.

The grant was made.

DEMAND III—Excise.

Mr. Speaker : The next is Demand III—Excise.

Minister for Medicine and Public Health **(Shri V. Madhavan):**

Sir, I move that the Government be granted a sum of Rs. 11,80,000 under Demand III—Excise.

Shri K. Kochukuttan : I second it.

Mr. Speaker: Motions Nos. 7, 21 and 31 will be moved.

Motion No. 7 stands in the name of Shri Kunjan Nadar, 21 in the name of Shri K. P. Prabhakaran and 31 in the name of Shri Ramakrishnan. Shri Kunjan Nadar.

Shri A. Kunjan Nadar : I move: To reduce the allotment of Rs. 2,32,600 for Superintendence by Re. 1.

എനിക്ക് എക്സൈസ് വകുപ്പിനെപ്പററി പ്രധാനമായി പറയുവാനുള്ളതു് ഗവണ്മെൻറിൻെറ പ്രോഹിബിഷൻ നയത്തെപ്പററിയാണു്. പ്രോഹിബിഷൻ നല്ലതാണോ ചീത്തയാണോയെന്ന വാദപ്രതിവാദംപോലും ഇപ്പോൾ കാൺഗ്രസ്സുകാരുടെയിടയിൽ ഉണ്ടായിട്ടുണ്ടു്. ഇവിടത്തെ ഗവണ്മെൻറിനാണെങ്കിൽ ഒരു സ്ഥിരമായ പ്രോഹിബിഷൻ പാളിസി ഉണ്ടോ എന്നുള്ളതു് സംശയാസ്പദമായിട്ടുള്ള ഒരു കാര്യമാണു്. മഹാത്മാ ഗാന്ധിയുടെ ആദർശത്തിൽ ആവേശഭരിതനായിത്തീർന്ന കാൺഗ്രസ് ഗവണ്മെൻറ് ആരംഭകാലത്തു് ഇൻഡ്യയിൽ പല രാജ്യങ്ങളിലും പ്രോഹിബിഷൻ നടപ്പാക്കുകയും അതിനെ അനുകരിച്ചു് ഇവിടെയും ചില താലൂക്കുകളിൽ മദ്യവർജ്ജനം ഏർപ്പെടുത്തുകയും ചെയ്തു. പക്ഷെ അതു് ശരിയായി നടത്തിക്കൊണ്ടു പോകണമെന്നോ ആ നയത്തെ വികസിപ്പിക്കണമെന്നോ ഉള്ള ഉദ്ദേശം ഈ ഗവണ്മെൻറിനില്ല. കാരണം, എങ്ങനെയെങ്കിലും കുറെ പണമുണ്ടാക്കണമെന്നുള്ളതു് മാത്രമാണു് ഗവണ്മെൻറിൻെറ ഉദ്ദേശം. മദ്യവർജ്ജനം വിജയകരമായി നടത്തിക്കൊണ്ടുപോകണമെങ്കിൽ ഗവണ്മെൻറുതന്നെ നിയമം ലംഘിക്കാതിരിക്കണം. മദ്യവജ്ജനം ആദ്യമായി നടപ്പിൽവന്നതു് തെക്കൻ തിരുവിതാംകൂറിലാണു്. അവിടത്തെ ജനങ്ങൾ ഇതു് വളരെ സന്തോഷത്തോടുകൂടി സ്വീകരിക്കുകയും ഏകദേശം ഒരു കൊല്ലത്തോളം കാലം അതു് വളരെ വിജയകരമായി പ്രവർത്തിക്കുകയും ചെയ്തു. പക്ഷേ അതിനുശേഷം ഇന്നു് മദ്യനിരോധനം ഇല്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഇന്നു് ആ പ്രദേശത്തു് പലരും മദ്യം ഉണ്ടാക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നുണ്ടു്. മദ്യം പലതരം എസ്സൻസായി ഇന്നു് മരുന്നുകടകളിൽ വില്പന നടത്തുന്നുണ്ടു്. ചിലർ അവിടെനിന്നും ബസ്സുകയറി കൊല്ലത്തുപോയി കുടിക്കുകയും ചെയ്യുന്നുണ്ടു്.

ശ്രീ. റ്റി. റ്റി. കേശവൻ ശാസ്ത്രി : രഹസ്യമായിട്ടാണോ പരസ്യമായിട്ടാണോ ഇങ്ങനെ മദ്യം ഉണ്ടാക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതു്?

ശ്രീ. എ. കുഞ്ഞൻ നാടാർ : ഇപ്പോഠം പരസ്യമായിട്ടാണു്. ചില സ്ഥലങ്ങളിൽ എക്സൈസിലുള്ള ചില കീഴ്സിൽബന്ധികഠം കൂടിചേർന്നുകൊണ്ടാണു് ഇതുണ്ടാകുന്നതു്.

ശ്രീ. നെടുമങ്ങാട്ടു് ആർ. കേശവൻ നായർ : എസൻസ്സാണോ മദ്യമാണോ നല്ലതു്?

ശ്രീ. എ. കുഞ്ഞൻ നാടാർ : ആ കാര്യത്തിൽ മെംബറിന്റെ വിദഗ്ദ്ധാഭിപ്രായം സ്വീകരിക്കാൻ ഞാൻ തയ്യാറാണു്. (ചിരി)

ശ്രീ. എ. താണുപിള്ള: എസ്സൻസ് എന്നു പറയുന്നതു് എന്താണു്?

(Mr. Deputy Speaker in the Chair.)

ശ്രീ. എ. കുഞ്ഞൻ നാടാർ : ചില മരുന്നുകളിൽ ചാരായവും സ്പിരിററും എല്ലാം കലർത്തിയതു്. അതു പല പേരുകളിൽ മാക്കററിൽ വരുന്നുണ്ടു്.

ശ്രീ. നെടുമങ്ങാട്ടു് ആർ. കേശവൻ നായർ : എസ്സൻസു കുടിച്ചാൽ തലകറങ്ങുമോ?

ശ്രീ. എ. കുഞ്ഞൻ നാടാർ : അതെനിക്കു് അറിഞ്ഞുകൂടാ. ഏതായാലും ഓരോ കാര്യത്തിനു് എന്നു് പറഞ്ഞുകൊണ്ടു് പലരും മദ്യനിരോധന മേഖലകു പുറത്തുപോയി കുടിക്കുന്നുണ്ടു്. ചിലർ ഭാര്യമാരെ ഭയന്നു് കൊല്ലത്തു് കേസിനു പോകുകയാണെന്നും മററും പറഞ്ഞു് കൊല്ലത്തുപോയി കുടിച്ചു് രണ്ടും മൂന്നും ദിവസം കഴിഞ്ഞിട്ടു തിരികെവരുന്നുണ്ടു്. ഏതായാലും ഇങ്ങനെ ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെൻറുകാർക്കു് ഒട്ടധികം പണംകൊടുത്തു് കൊല്ലത്തും മററും പോയി കുടിക്കാറുണ്ടെന്നുള്ളതു് പരമാർത്ഥമാണു്. ഞാൻ പറയുന്നതു് ഒന്നുകിൽ ഗവണ്മെൻറു് ഇതു് ശരിയായി നടത്തണം. അല്ലെങ്കിൽ അതു് വേണ്ടെന്നു വയ്ക്കണം എന്നാണു്. മഹാത്മാഗാന്ധി മരിച്ചുപോയി. മദ്യനിരോധനം നടപ്പാക്കിയിട്ടില്ലെന്നു് വിചാരിച്ചു് അദ്ദേഹം പരാതി പറയുകയില്ല. ഇന്നു് കന്യാകുമാരിയിൽ കേപ്പ്ഹോട്ടലിൽ ഇതു് വിൽക്കുവാൻ ലൈസൻസു കൊടുത്തിട്ടുള്ളതായി ഇവിടെയുണ്ടായ പല ചോദ്യങ്ങളിൽനിന്നും അല്ലാതെയും നമുക്കു് മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ടു്. അവിടെ ഇതു് ഒരു ഗ്ലൂലർ ബിസിനസ്സായിട്ടാണു് നടക്കുന്നതു്. അവിടത്തെ സാമാന്യജനങ്ങഠം പറയുന്നതു് അവിടെ ഇതു് വച്ചിരിക്കുന്നതു് നമ്മുടെ മന്ത്രിമാക്കു കുടിക്കാനാണെന്നാണു്. (ചിരി) മന്ത്രിമാർ കുടിക്കുകയില്ലെന്നു നമുക്കറിയാം. (കൂട്ടച്ചിരി) പക്ഷെ സാമാന്യ ജനങ്ങളുടെ അഭിപ്രായം ഇതാണു്. ആളുകഠക്കു് പണമുണ്ടാക്കാൻവേണ്ടിയാണു് ഈത്തരം ലൈസൻസുകഠം കൊടുക്കുന്നതു്.

ശ്രീ. ഗണപതി : ലൈസൻസ്സു് നിറുത്താൻ ആർഡർ കൊടുത്തിട്ടുണ്ടെന്നു് അറിയാമോ?

ശ്രീ. എ. കുഞ്ഞൻ നാടാർ : അറിഞ്ഞുകൂടാ. ചിലർ പണമുണ്ടാക്കട്ടെ എന്നു വിചാരിച്ചു് അങ്ങനെ ലൈസൻസു് കൊടുക്കുന്നു. അതുകൊണ്ടു് ഞാൻ പറയുന്നതു് ഉത്തമവിശ്വാസത്തോടുകൂടി മദ്യവർജനം ശരിയായി നടപ്പിൽ വരുത്തണമെന്നാണു് ഉദ്ദേശിക്കുന്നതെങ്കിൽ ജനങ്ങൾ എല്ലാവരും ഇതിൽ സഹകരിക്കും. രാജ്യമൊട്ടാകെ അതു നടപ്പാക്കണം. അതിൽ നിന്നുള്ള നഷ്ടത്തെ പരിഹരിക്കുന്നതിനു് ഒരു പ്രത്യേക നികുതി ചുമത്തിയാലും തരക്കേടില്ല. ഗവണ്മെൻറിനു് സുസ്ഥിരമായിട്ടുള്ള ഒരു നയം വേണമെന്നാണു് ഞാൻ പറയുന്നതു്. ഒന്നുകിൽ അതു ശരിയായി നടപ്പാക്കണം അല്ലെങ്കിൽ വേണ്ടെന്നുവയ്ക്കണം. ഇന്നു് ഇതു തടയാനായിട്ടുള്ള എക്സൈസു് ഉദ്യോഗസ്ഥന്മാർ ഒരു കൂട്ടുകച്ചവടമെന്നപോലെ ഇതു നടത്തുന്നുണ്ടു്. മദ്യം വാറ്റുന്നതിലും മറ്റും അവരുടെ അറിവുകൂടിയുണ്ടു്. മദ്യവർജ്ജനം വിജയിക്കണമെങ്കിൽ കീഴ്ജീവനക്കാരുടെ ശമ്പളം കൂട്ടണം. എക്സൈസ് ഗാർഡുകൾക്കു് ഇന്നത്തെ ശമ്പളം ൨൦ രൂപയാണു്. മുൻപു് ദിവാൻഭരണകാലത്തു് ഇവരുടേയും പോലീസ് കോൺസ്റ്റബിൾമാരുടേയും ശമ്പളം ഏകദേശം ഒരു പോലെയായിരുന്നു. ഇന്നാണെങ്കിൽ പത്തു പതിനഞ്ചുരൂപയുടെ ശമ്പളവ്യത്യാസമുണ്ടു്. അവക്കു് ജീവിക്കണമെങ്കിൽ ഇങ്ങനെയൊക്കെ ആയാലേ സാദ്ധ്യമാകൂ. അതുകൊണ്ടു് പ്രൊഹിബിഷൻ വിജയകരമാകണമെങ്കിൽ എക്സൈസ് ഗാർഡുകളുടെ ശമ്പളം വർദ്ധിപ്പിക്കണം. ഇനി എനിക്കു പറയുവാനുള്ളതു് ഈ ഡിപ്പാർട്ടുമെൻറിൽ ക്വാളിഫിക്കേഷൻസും എക്സ്പീരിയൻസും ഉള്ള ആളുകളെ അവഗണിച്ചു് വെളിയിൽ നിന്നും ക്വാളിഫിക്കേഷൻസു് ഇല്ലാത്ത ആളുകളെ നിയമിക്കുന്ന ഒരു നയം തുടരുന്നുണ്ടു് എന്നാണു്. അതു് നിറുത്തലാക്കണം. പിന്നെ ആരുവാമൊഴിയിൽ—ആരുവാമൊഴി രാജ്യാതൃത്തിയല്ലെങ്കിലും ഒരു ചൗക്കയുണ്ടു്. അവിടെക്കൂടെ ബസ്സിലായാലും കാറിലായാലും പോകുന്ന എല്ലാവരും താഴെ ഇറങ്ങണം. അവിടെ ഒരു പോലീസ് ഗ്രൂപ്പുണ്ടു്. എക്സൈസു് ഗ്രൂപ്പും ഉണ്ടു്. എങ്കിലും ലാറിക്കണക്കിനു് തിരുവിതാംകൂർ കൊച്ചിയിൽ നിന്നു് നെല്ലു് വെളിയിൽ പോകുന്നുണ്ടു്. ഇതിനെല്ലാം പോലീസുകാരുടെയും എക്സൈസുകാരുടെയും അനുമതിയുണ്ടു്. അവർ ഇവരുടെ പക്കൽ നിന്നും പ്രതിഫലം വാങ്ങിച്ചുകൊണ്ടാണു് ഇങ്ങനെ പ്രവത്തിക്കുന്നതു്. ഇങ്ങനെ പോലീസുകാർ പ്രവത്തിക്കുന്നു എന്നു പരാതിയുണ്ടായപ്പോൾ അവരെ കണ്ടുപിടിക്കാനായി റിസർവ്വ് പോലീസുകാരെ ഏർപ്പെടുത്തിയിരുന്നു. അതിൽ പിന്നെ കരിഞ്ചന്തക്കാർക്കു വളരെ സുഖം. റിസർവ്വ് പോലീസുകാർ ഈ ലാറികളിൽ കയറി അതിരുകടത്തിവിടും. ഇങ്ങനെ ലാറി ഒന്നിനു് നൂറും ഇരുനൂറും രൂപ വാങ്ങിച്ചുകൊണ്ടു് ലാറികളെ ചൗക്ക കടത്തിവിട്ടുതുടങ്ങി. ഇപ്പോൾ തിരുവിതാംകൂർ—കൊച്ചിയുടെ അതൃത്തിക്കു വെളിയിലുള്ള വള്ളിയൂർ, പണകുടി മുതലായ സ്ഥലങ്ങളിൽ നിന്നും അരി ഇവിടെ കൊണ്ടുവരുന്നുണ്ടു്. ആ സ്ഥലങ്ങളിൽ പക്കയ്ക്കു് ൧൨ അണയാണു് വില. നാഗർകോവിലിലാണെങ്കിൽ ഒരു പക്ക അരിയ്ക്കു് ഒന്നും ഒന്നേകാലും രൂപ കൊടുക്കണം. എന്നാലും വെളിയിൽ നിന്നുള്ള അരി ഇവിടെ കൊണ്ടുവരാനും സമ്മതിക്കുന്നില്ല. അതിനും കൈക്കൂലിവേണം. ഇതു ശരിയല്ല. ഇതു് അവിടെ ഒരു റഗുലർ ബിസിനസ്സു് ആയിട്ടു നടക്കുകയാണു്. കോൺസ്റ്റിററ്യൂഷൻ അനുസരിച്ചു് പ്രവിശ്യകൾക്ക തമ്മിൽ വ്യത്യാസമില്ല; പാർട്ടു എ സ്റ്റേററിനും പാർട്ടു ബി സ്റ്റേററിനും തമ്മിൽ വ്യത്യാസമില്ല; എന്നൊക്കെ പറഞ്ഞി

ട്ടുണ്ടെങ്കിലും ഈ ചൗക്ക സമ്പ്രദായത്തിൽ വ്യത്യാസം കാണിക്കുന്നുണ്ട്. അതു ഇല്ലാതാക്കേണ്ടതാണ്. നാഞ്ചിനാട്ടു നിന്ന് നെല്ലും, വിളവങ്കോട്ട് നെയ്യാറ്റിൻകര മുതലായ സ്ഥലങ്ങളിൽ നിന്നും മരച്ചീനിയും ഈ സംസ്ഥാനത്തു നിന്നും വെളിയിൽ പോകുന്നുണ്ട്. വേറൊന്ന് ഈ ചൗക്കയിൽക്കൂടി എത്ര മാനംമര്യാദയുള്ള ആളുകൾ പോയാലും അവരുടെ പാക്കററ പരിശോധിക്കുകയും മററും ചെയ്ത് അപമാനിക്കുന്നതായി കാണുന്നുണ്ട്. ചൗക്ക ഉടനടി നിറുത്തലാക്കണം. വേറൊന്ന് ഇൻഡ്യാഗവണ്മെൻറിൽനിന്നും ധനസഹായം ചെയ്യുമെന്നേററിട്ടുള്ള ഒരു പാംഗ്രൂർ സ്കീമുണ്ട്. ഇതിന് ഒരു ഡവലപ്പ്മെൻറ് സെക്ഷൻ നിയമിച്ചിട്ടുള്ളതായി കാണാം. ഒരു ആഫീസരും അദ്ദേഹത്തിൻെറ താഴെ ആറു ഇൻസ്ട്രക്ടർമാരും ഉണ്ട്.

<u>ശ്രീ. ആർ. കേശവപിള്ള</u>: പാംഗ്രൂർ എന്നാലെന്താണ്?

<u>ശ്രീ. എ. കുഞ്ഞൻനാടാർ</u>: കരുപ്പട്ടി. കരുപ്പട്ടി ഉണ്ടാക്കുന്ന വ്യവസായമാണ് ഈ സ്കീം കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളതു്. ഇതിന് കഴിഞ്ഞവർഷം മുപ്പതിനായിരം രൂപ അനുവദിച്ചിരുന്നു. ഇതു് ലാപ്സാക്കുകയാണ് ചെയ്തതു്. ഇതിൽ പതിനായിരം രൂപ ഇൻഡ്യാഗവണ്മെൻറിൽ നിന്നും സബ്സിഡി കിട്ടാനുള്ളതാണ്. ഇതിനുപുറമേ ഇതിൽ ഉൾപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു ൪ മാസമായി ശമ്പളം കിട്ടാറില്ല. ബഡ്ജററിൽ അതു കാണാനുമില്ല. കഴിഞ്ഞ ദിവസം ബഹു: മന്ത്രി പറഞ്ഞു അതെവിടെയെങ്കിലും കാണുമെന്ന്; പക്ഷേ ബഡ്ജററിൽ യാതൊരിടത്തും കാണുന്നില്ല. ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏകദേശം ൩ ലക്ഷത്തോളം തൊഴിലാളികൾ ഇന്നു പട്ടിണിയിലാണ്. എട്ടണ ആയിരുന്ന കരുപ്പട്ടിക്ക് ഇപ്പോൾ രണ്ടരയും മൂന്നും അണയാണ് അവർക്ക് കിട്ടുന്നതു്. ഇതു് വികസിപ്പിക്കുന്നതിനുള്ള സകല സാദ്ധ്യതകളും ഉള്ള ഒരു വ്യവസായമാണ്. ഞാൻ തിരുവിതാംകൂർകൊച്ചി പാംഗ്രൂർ വർക്കേഴ്സ് യൂണിയൻെറ പ്രസിഡൻറു കൂടിയാണ്. ഇതേ സംബന്ധിച്ച് ഒരു ഫൈവ് ഇയർ പ്ലാൻ സമർപ്പിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ എന്തെങ്കിലും ചെയ്യണമെന്ന അപേക്ഷകൂടി എനിക്കുണ്ട്. ഇത്രയും മാത്രമേ എനിക്ക് തൽക്കാലം പറയുവാനുള്ളു.

Shri K. P. Prabhakaran: Sir, I move : To reduce the allotment of Rs. 11,82,700 for District Executive Establishment by Re. 1.

ഈ ഡിപ്പാർട്ടുമെൻറിൽനിന്നും നടത്തിവരുന്ന വ്യവസായങ്ങളിൽ ഏററവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ചെത്തുതൊഴിൽ വ്യവസായം. അതിനെ പരാമർശിച്ചു ചില കാര്യങ്ങൾ പറയണമെന്നാണു ഞാനുദ്ദേശിക്കുന്നതു്. ഈ രാജ്യത്തിൻെറ വരുമാനത്തിൽ നല്ലൊരുഭാഗം ഈ വ്യവസായത്തിൽനിന്നാണു കിട്ടുന്നതു്. വൃക്ഷങ്ങളുടെ നികുതിയിനത്തിലും ഗണ്യമായ ഒരു സംഖ്യ ഗവണ്മെൻറിനു ലഭിക്കുന്നുണ്ട്. ൧,൧൮,൩൭,൧൦൦ ക. യാണ് ൧൯൫൬—൫൭-ലെ കണക്കാക്കപ്പെട്ടലെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ട്. എന്നാൽ ൧,൫൩,൦൦,൦൦൦ ക. യാണ് വൃക്ഷനികുതിയടക്കം ബഡ്ജററിൽ വരവുചേർത്തിട്ടുള്ളതു്. ആ കുറവുണ്ടായതു് എങ്ങിനെയാണെന്നു ചോദിച്ചതിനു മറുപടി പറയുകയുണ്ടായില്ല. ഈ ഡിപ്പാർട്ടുമെൻറിലേയ്ക്കു

[ശ്രീ. കെ. പി. പ്രഭാകരൻ]

ഇക്കൊല്ലത്തെ ബഡ്ജററിൽ ൫൬,൩൦,൦൦൦ രൂപ ചേർത്തുകാണുന്നുണ്ട്. ഈ വരവു് ഏതിനത്തിൽനിന്നാണു കിട്ടുന്നതെന്നു ഈ സഭ പ്രത്യേകം പര്യാലോചിക്കേണ്ടതാണ്. ഗവണ്മെൻറിന് ഒരൊററ പൈപോലും ചെലവില്ലാത്തതും, യാതൊരു മുടക്കുംകൂടാതെ നടന്നുവരുന്നതുമായ ഒരു വ്യവസായമാണിതു്. ഈ സംസ്ഥാനത്തിൻെറ നാനാഭാഗങ്ങളിലുമായി ഏകദേശം ൨൦,൦൦൦ തൊഴിലാളികളോളം ഈ വ്യവസായത്തിലേർപ്പെട്ടിട്ടുണ്ട്. ഷാപ്പുകൾ ലേലംചെയ്തുകൊടുത്തും ലൈസൻസുകൊടുത്തും തൊഴിലാളികളെക്കൊണ്ടു ജോലിചെയ്യിപ്പിച്ചു അവരുടെ അദ്ധ്വാനഫലത്തിൽനിന്നും ഈടാക്കുന്നതാണു ഈ സംഖ്യയത്രയും. ഈ തരത്തിൽ കണക്കാക്കിയാൽ ശരാശരി ൧൭൦ രൂപവീതം ഒരു തൊഴിലാളിയിൽനിന്നും മുതലെടുപ്പുണ്ടാകുന്നുണ്ടു്. അപൂർവ്വം ചില ജന്മികളും മുതലാളികളുമൊഴികെ മററാരും ഇത്ര വലിയ സംഖ്യ ഗവണ്മെൻറിലേക്കു നൽകുന്നില്ല. അങ്ങിനെ ഈ രാജ്യത്തിൻെറ മുതലെടുപ്പിനുവേണ്ടി ഏററവുമധികം അദ്ധ്വാനിക്കുന്ന ഒരു വിഭാഗമാണു ചെത്തുതൊഴിലാളികൾ. അതുകൊണ്ടു ന്യായമായ ഒരു പരിരക്ഷ ഗവണ്മെൻറിൽനിന്നും അവക്കു ലഭിക്കാൻ ധാരാളം അവകാശമുണ്ടു്, അർഹതയുണ്ടു്, എന്നാൽ തികച്ചും വിപരീതമായ ഒരു സ്ഥിതിയാണ് ഇന്നു് അവക്കു് ഉള്ളതെന്നു ചൂണ്ടിക്കാണിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. യഥാർത്ഥത്തിൽ യാതൊരു പരിരക്ഷയുമില്ലെന്നുമാത്രമല്ല, ചെത്തുതൊഴിലാളികളെ സംബന്ധിച്ചിടത്തോളം ലജ്ജാകരവും ശോചനീയവുമായ നിലയാണ് അവക്കുള്ളതു്. ഈ രാജ്യത്തെ ചെത്തുതൊഴിലാളികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതങ്ങൾ ഓരോന്നായി എണ്ണിപ്പറയുവാൻ സമയമില്ലാത്തതുകൊണ്ടു് പൊതുവേയുള്ള ഒന്നുരണ്ടു സംഗതികൾമാത്രം പറയാമെന്നു വിചാരിക്കുന്നു.

ഒന്നാമതായി തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവക്കു ഇന്നു യാതൊരു തൊഴിൽസ്ഥിരതയുമില്ല, നാലുമാസക്കാലമാണ് ഗവണ്മെൻറ് ആ തൊഴിലിനു ലൈസൻസുകൊടുക്കുന്നതു്. ആ നാലുമാസം കഴിഞ്ഞാൽ ആ തൊഴിലാളിയെ തള്ളുവാൻ കൺട്രാക്ടർക്കു അവകാശമുണ്ടു്. ആ തൊഴിലാളി വാസ്തവത്തിൽ ൩൦, ൪൦ കൊല്ലത്തെ സർവീസുള്ളവനായിരിക്കും. എന്നാൽപോലും നാലുമാസം കഴിഞ്ഞാൽ യാതൊരുകാരണവും കൂടാതെ അയാളെ ഒഴിവാക്കുവാൻ മുതലാളിക്കു സ്വാതന്ത്ര്യമുണ്ടു്. ഇന്നു ചെത്തു തൊഴിലാളികൾക്കു ഒരിടത്തും ജീവിക്കുവാനുള്ള കൂലി കിട്ടുന്നില്ല. ഉദാഹരണം ഇവിടത്തെ ഒരു പ്രധാന ചെത്തുതൊഴിലാളികേന്ദ്രമായ അന്തിക്കാട്ടു ഒരു തൊഴിലാളിക്കു മാസത്തിൽ കിട്ടുന്ന വരുമാനം ൨൫ രൂപ മാത്രമാണ്. ഈ രാജ്യത്തു ഒരു തൊഴിലാളികുടുംബത്തിനു ജീവിക്കുവാൻ ചുരുങ്ങിയതു് ൭൭ രൂപ വേണമെന്നു ഗവണ്മെൻറു കണക്കാക്കിയിട്ടുള്ളതായി ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറയുകയുണ്ടായി. ഈ സംഖ്യയെങ്കിലും ചെത്തു തൊഴിലാളികൾക്കു നൽകാൻ ഗവണ്മെൻറിനു ബാദ്ധ്യതയില്ലേ? വാസ്തവത്തിൽ ഇന്നു തൊഴിലാളികൾക്കു ജീവിക്കുന്നതിനുള്ള കൂലി കിട്ടുന്നില്ലെന്നുമാത്രമല്ല, ഉള്ള കൂലിപോലും ചിലപ്പോൾ കൊടുക്കുന്നതിനു കൺട്രാക്ടർമാർ മര്യാദ കാണിക്കുന്നില്ല. തെങ്ങതിനൊക്കെ എണ്ണേ

സുകാർക്ക് കൈക്കൂലികൊടുക്കാതെ ഒരൊററ തൊഴിലാളിക്കും ജീവിക്കുവാൻ സാധിക്കാത്ത ഒരു പരിതസ്ഥിതിയാണ് ഇന്നുള്ളതു്. എന്തു കാര്യത്തിനും അവർക്ക് എക്സൈസുകാരുടെ പ്രീതി സമ്പാദിക്കേണ്ടിയിരിക്കുന്നു. ഈ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനും, ഇന്നത്തെ പരിതഃസ്ഥിതിയിൽ ഒരു മാററം വരുത്തുന്നതിനും, ഗവണ്മെൻറ തയാറായിക്കാണുന്നില്ല. മാത്രമല്ല, മനഃപൂർവ്വം വ്യാജമായുള്ള മദ്യമുണ്ടാക്കി തൊഴിലാളികളുടെ തൊഴിലിനെ സാരമായി സ്പർശിക്കുന്ന ഒരു പരിതഃസ്ഥിതിയും ഇവിടെ സംജാതമായിട്ടുണ്ടു്. മുൻ കാലങ്ങളിൽ കള്ളു ചെത്തുന്നതിനു ലൈസൻസു കൊടുത്തിട്ടുള്ള വൃക്ഷങ്ങൾ കണക്കുനോക്കിയാൽ ഓരോ കൊല്ലം ചെല്ലുംതോറും അതിൻെറ സംഖ്യ കുറഞ്ഞുകുറഞ്ഞാണു വരുന്നതെന്നു കാണുവാൻ കഴിയും. കൃത്രിമമായ കള്ളുണ്ടാക്കി തൊഴിലില്ലായ്മ വർദ്ധിക്കുന്നുവെന്നു മാത്രമല്ല, ആ മദ്യം ഉപയോഗിച്ചു് കൂടുതൽ ആപത്തുകളും ഉണ്ടാകുന്നുണ്ടു്. എക്സൈസ് ഡിപ്പാർട്ടുമെൻറിൻെറ അറിവോടും അനുമതിയോടും കൂടിയാണു് വ്യാജമദ്യം ഉണ്ടാക്കിവരുന്നതു്, എന്നറിയുന്നു. (ബെൽ)

അതുപോലെതന്നെ മററു വ്യവസായങ്ങളിലേർപ്പെട്ടിട്ടുള്ള ഒരു തൊഴിലാളിക്കു കിട്ടുന്നതരത്തിലുള്ള ആനുകൂല്യങ്ങളോ ബോണസ്സോ അവകാശാവധിയോ ഒന്നുംതന്നെ ഈ തൊഴിലാളിക്കു കിട്ടുന്നില്ല. എത്രയോ കൂടുതൽ വരുമാനം ഗവണ്മെൻറിനുണ്ടാക്കിക്കൊടുക്കുന്ന സാധുക്കളായ ചെത്തു തൊഴിലാളികൾക്കു വേണ്ട പരിരക്ഷകൾ ഒന്നുംതന്നെ ചെയ്യുവാൻ ഗവണ്മെൻറ ശ്രദ്ധ പതിപ്പിക്കുന്നില്ല, എന്നാണു എനിക്കു ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുവാനുള്ളതു്.

൧൧൨൫-൨൬-ലേക്കുള്ള ഷാപ്പുലേലം കഴിഞ്ഞതിനുശേഷം സാമ്പത്തികാധഃപതനം നേരിട്ടിട്ടുണ്ടെന്നു അഡ്വാൻസ് ഇളവുചെയ്യുതിനെപ്പററിയുള്ള ചോദ്യോത്തരവേളയിൽ മന്ത്രി സമ്മതിക്കുകയുണ്ടായി. അതേ അവസരത്തിൽതന്നെ അദ്ദേഹം ലേലസംഖ്യ ഇളവുചെയ്യാനുദ്ദേശിക്കുന്നില്ലെന്നും പറയുന്നു. ഇതിൻെറ അർത്ഥം തൊഴിലാളികളുടെ കൂലി വെട്ടിക്കുറയ്ക്കാൻ കൺട്രാക്ടർമാർക്കു പ്രേരണ നൽകയല്ലേ? ആണെന്നാണു അനുഭവത്തിൽനിന്നു മനസ്സിലാക്കുന്നതു്. ഈക്കൊല്ലം ഷാപ്പുകൾ തുടങ്ങുന്നതിനു മുമ്പായി എക്സൈസ്—ലേബർ ഡിപ്പാർട്ടുമെൻറുകൾ ഇടപെട്ടു് അംഗീകരിച്ചിട്ടുള്ള തീർപ്പുവ്യവസ്ഥകൾ കൺട്രാക്ടറന്മാർ ലംഘിച്ചുവരുന്നതായി പല ഭാഗത്തുനിന്നും പരാതിയുണ്ടു്. ഇതു തുടരാൻ അനുവദിക്കുന്നതു് ആപത്താണു്. വ്യവസായത്തിൻെറ സുരക്ഷിതത്വവും നാടിൻെറ സമാധാനവും ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഗവണ്മെൻറ ഉടൻ ഒരു ത്രികക്ഷിസമ്മേളനം വിളിച്ചുകൂട്ടി ഈ വ്യവസായത്തിലെ കുഴപ്പം പിടിച്ച പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കണം. കൺട്രാക്ടറന്മാർക്കും തൊഴിലാളികൾക്കും സംഘടനകളുണ്ടു്. അവരുടെ പ്രതിനിധികളെ വിളിക്കണം. ത്രികക്ഷിസമ്മേളനത്തിൽവച്ചു് തൊഴിലാളികൾക്കു ന്യായമായി കൂലി നിജപ്പെടുത്തുകയും ആവശ്യമാണെന്നു കാണുന്നപക്ഷം ഷാപ്പുകളുടെ ലേലത്തിൽ തക്കതായ ഇളവും ചെയ്തുകൊടുക്കുകയും വേണം.

Shri Ramakrishnan: Sir, I move: To reduce the total allotment of Rs. 11,80,000 under Demand III by Re. 1.

നമ്മുടെ ഗവണ്മെൻറിൻെറ മദ്യനിരോധനത്തെ സംബന്ധിച്ചുള്ള നയം ഇനിയും വ്യക്തമല്ല. ഇതരരാജ്യങ്ങൾ ഭാഗിക

[ശ്രീ. രാമകൃഷ്ണൻ]

മായ ചില സ്ഥാനങ്ങളിൽ മദ്യനിരോധനം നടപ്പാക്കിയിട്ടുണ്ടു്. യഥാർത്ഥത്തിൽ മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളി ലെല്ലാം വിദേശമദ്യങ്ങളുടെ വിൽപ്പനയ്ക്കു ധാരാളം സൗകര്യമുണ്ടാ യിട്ടുണ്ടു്. പ്രത്യക്ഷത്തിൽ വിദേശമദ്യങ്ങളുടെ വിൽപ്പനയ്ക്കു പ്രോത്സാ ഹനം കൊടുക്കുന്നതിനും ഈ നിരോധനം സഹായകരമായിത്തീർന്നിട്ടുണ്ടു്. പല വിധത്തിലുള്ള എസ്സൻസുകൾ മദ്യനിരോധനമേഖലകളിൽ ഉണ്ടെ ന്നുള്ളതു പരസ്യമായ ഒരു സംഗതിയാണു്. ഇന്നു വ്യാജമായി മദ്യമു ണ്ടാക്കി വിൽക്കുന്നതിനുള്ള പല വിദ്യകളും മനുഷ്യർ കണ്ടുപിടിച്ചിട്ടുണ്ടു്. മദ്യനിരോധനംകൊണ്ടു ഗവൺമെൻറിനു ലഭിച്ചുകൊണ്ടിരുന്ന ഒരു വലിയ തുക നഷ്ടപ്പെട്ടുവെന്നല്ലാതെ കാര്യമായ യാതൊരു പ്രയോജനവും ഉണ്ടാ യിട്ടില്ല. ആ സ്ഥിതിക്കു് മദ്യനിരോധനം നിറുത്തലാക്കുകയോ, അല്ലെ ങ്കിൽ കർശനമായി നടപ്പിൽ വരുത്തുകയോ ചെയ്യണമെന്നാണു് എനിക്കു പറയുവാനുള്ളതു്. ഈ മദ്യനിരോധനത്തിൽ മദ്യം മാത്രമല്ല, മററു പല ഇനങ്ങളും ഉൾപ്പെടുന്നുണ്ടു്. കറപ്പു്, കഞ്ചാവു്, ചാരായം, നാടൻമദ്യം ഈ ഇനങ്ങളെല്ലാം അതിൽ ഉൾപ്പെടും. ഇതെല്ലാംതന്നെ പ്രത്യക്ഷത്തിൽ ഉപദ്രവകരമാണെന്നു് എല്ലാവർക്കും ബോദ്ധ്യമായിട്ടുള്ള ഒരു സംഗതി യാണു്. അതേ സമയത്തുതന്നെ നാടൻമദ്യം എത്രത്തോളം ഹാനികരമാ ണെന്നുള്ളതു് നാം ഡാക്ടർമാരോടൊ വിദഗ്ദ്ധന്മാരോടൊ ആരായേണ്ട താണു്.

ശ്രീ. കെ മാധവനുണ്ണിത്താൻ : മദ്യനിരോധനം തുടരണമെന്നോ വേണ്ടെന്നോ എന്താണു മെമ്പർ അഭിപ്രായപ്പെടുന്നതു്?

ശ്രീ. രാമകൃഷ്ണൻ : മദ്യനിരോധനം ഏർപ്പെടുത്തിയതുകൊണ്ടു പ്രയോജനമില്ലെന്നും അതു ഖണ്ഡിതമായ ഒരു പരിപാടിയായി കണക്കാ ക്കുവാൻ നിവൃത്തിയില്ലെന്നും വ്യക്തമാക്കുവാനാണു ഞാൻ ഉദ്ദേശിക്കുന്നതു്.

ശ്രീ. കെ. കരുണാകരൻ : ബഹുമാനപ്പെട്ട മെംബർക്കു് ഭരിക്കുന്ന കക്ഷിക്കു കൊടുക്കുവാനുള്ള നിർദ്ദേശം എന്താണു്? സംസ്ഥാനമൊട്ടുക്കു മദ്യനിരോധനം നടപ്പാക്കണമെന്നുള്ളതാണോ ?

ശ്രീ. രാമകൃഷ്ണൻ : ഒന്നുകിൽ സംസ്ഥാനമൊട്ടുക്കു് നടപ്പാക്കണം, അല്ലെങ്കിൽ ഭാഗികമായിട്ടുള്ള നിരോധനം നിറുത്തലാക്കണം.

ശ്രീ. ഏ. കുഞ്ഞൻനാടാർ : അതു് എൻെറ അഭിപ്രായമാണു് എന്നു ബഹുമാനപ്പെട്ട മെമ്പർ കുറച്ചുമുമ്പേ പറഞ്ഞു. (ചിരി)

(Mr. Speaker in the Chiar.)

The cut motions moved by Shri A. Kunjan Nadar, Shri K. P. Prabhakaran and Shri Ramakrishnan were withdrawn with the leave of the House.

The question that Government be granted a sum of Rs. 11,80,000 under Demand III-Excise- was put and carried.

The grant was made.

The question that Government be granted a sum of Rs. 3,26,600 under Demand IV - Stamps, was put and carried.

The grant was made.

The question that Government be granted a sum of Rs. 48,14,100 under Demand V - Forest, was put and carried.

The grant was made.

The question that Government be granted a sum of Rs. 7,98,600 under Demand VI - Registration, was put and carried.

The grant was made.

The question that Government be granted a sum of Rs. 3,69,800 under Demand VII - Motor Vehicles Acts, was put and carried.

The grant was made.

The question that Government be granted a sum of Rs. 56,38,400 under Demand VIII - Irrigation, was put and carried.

The grant was made.

The question that Government be granted a sum of Rs. 2,21,800 under Demand X - State Legislature, was put and carried.

The grant was made.

The question that Government be granted a sum of Rs. 1,17,000 under Demand XI - Election, was put and carried.

The grant was made.

The question that Government be granted a sum of Rs. 10,11,600 under Demand XII - District Administration and Miscellaneous, was put and carried.

The grant was made.

The question that Government be granted a sum of Rs. 25,54,600 under Demand XIII - Administration of Justice, was put and carried.

The grant was made.

The question that Government be granted a sum of Rs. 4,29,600 under Demand XIV - Jails, was put and carried.

The grant was made.

The question that Government be granted a sum of Rs. 27,800 under Demand XVI - Ports, was put and carried.

The grant was made.

The question that Government be granted a sum of Rs. 4,35,900 under Demand XVII - Scientific Departments, was put and carried.

The grant was made.

The question that Government be granted a sum of Rs. 5,92,100 under Demand XXIII - Veterinary, was put and carried.

The grant was made.

The question that Government be granted a sum of Rs. 3,45,400 under Demand XXIV - Co-operation, was put and carried.

The grant was made.

The question that Government be granted a sum of Rs. 28,48,800 under Demand XXVIII - Electricity, was put and carried.

The grant was made.

The question that Government be granted a sum of Rs. 47,56,000 under Demand XXIX - Pensions, was put and carried.

The grant was made.

The question that Government be granted a sum of Rs. 18,79,200 under Demand XXX - Stationery and Printing, was put and carried.

The grant was made.

The question that Government be granted a sum of Rs. 30,56,800 under Demand XXXIV - Capital Outlay on Irrigation, was put and carried.

The grant was made.

The question that Government be granted a sum of Rs. 71,100 under Demand XXV - Capital Outlay on Agricultural Improvement, was put and carried.

The grant was made.

The question that Government be granted a sum of Rs. 16,63,000 under Demand XXXVII - Capital Outlay on Civil Works, was put and carried.

The grant was made.

The question that Government be granted a sum of Rs. 1,94,38,000 under Demand XXXVIII - Capital Outlay on Electricity Schemes, was put and carried.

The grant was made.

The question that Government be granted a sum of Rs. 21,73,200 under Demand XXXIX - Capital Outlay on Transport Schemes outside the Revenue Account, was put and carried.

The grant was made.

The question that Government be granted a sum of Rs. 21,59,13,100 under Demand XL - Capital Outlay on Schemes of State Trading, was put and carried.

The grant was made.

The question that Government be granted a sum of Rs. 28,33,000 under Demand XLI - Loans and Advances bearing interest, was put and carried.

The grant was made.

ELECTION TO THE EX-SOUTH INDIAN RAILWAY LOCAL ADVISORY COMMITTEE.

[5 p. m.]

Mr. Speaker: Now, we proceed with the election to the Railway Advisory Committee. Two nominations have been received - of Shri Nedumangad R. Kesavan Nair and Shri E.P. Varghese. Both the nomination papers are valid.

Shri A. Thanu Pillai: May I ask for information with regard to the election to the Advisory Board? Who constitutes this Board? There is absolutely no idea as to what the election is for.

Shri Panampilli Govinda Menon: It is constituted by the Railway Administration, and it has been the practice to take a representative from this State.

Shri A. Thanu Pillai: The South Indian Railway alone?

Shri Panampilli Govinda Menon: Yes.

Mr. Speaker: The ballot papers will be distributed now. The Secretary will call the names of the hon. Members in alphabetical order. Two boxes are placed to expedite the business and the method of voting is in accordance with the system of proportional representation by means of the single transferable Vote. The figures 1,2 etc. have to be marked against the name desired, and more than one figure should not appear against one candidate.

(Balloting proceeded)

Mr. Speaker: Anybody who has not exercised his vote? Nobody.

The candidates and one agent for each candidate, can come and watch the counting, if they want.

(Counting then proceeded)

Fifty-two Members have exercised their vote. Shri Nedumangad R. Kesavan Nair gets 42 votes. Shri E. P. Varghese gets one vote and nine votes are invalid.

Shri Nedumangad R. Kesavan Nair is declared elected.

The House will now rise and meet again tomorrow at 11 o' clock.

The Assembly adjourned at 5. 35 p. m. to meet again at 11 a. m. on Friday, the 18th July, 1952.

V. KRISHNAMOORTHI,
Secretary to the Legislative Assembly.

APPENDIX I.

*[Please see answer to Question No. *837 (24).]*

ലിസ്റ്റ്

സ്ഥലം	രജിസ്റ്റർ ചെയ്ത തീയതി
കണ്ടശ്ശാൻകടവ്	൧—൭—൧൯൬൦
കരൂപ്പടന്ന	൧—൭—൧൯൬൦
കുമ്പളങ്ങി	൧—൭—൧൯൬൦
ഞാറയ്ക്കൽ	൨—൧൦—൧൯൬൦
ശാർക്കര	൨൯—൬—൧൯൬൦
പെരുങ്കുഴി	൨൯—൬—൧൯൬൦
വക്കം	൨൯—൬—൧൯൬൦
കടയ്ക്കാവൂർ	൨൯—൬—൧൯൬൦
വക്കം	൨൯—൬—൧൯൬൦
ചേർത്തല	൨൯—൬—൧൯൬൦
പെരുമാതുറ	൫—൩—൧൯൬൦
പാച്ചല്ലൂർ	൫—൩—൧൯൬൦
കായിക്കര	൫—൩—൧൯൬൦
മുരുക്കുംപുഴ	൫—൩—൧൯൬൦
കാർത്തികപ്പള്ളി	൧൦—൩—൧൯൬൦
ചിങ്ങോലി	൧൦—൩—൧൯൬൦
കരുനാഗപ്പള്ളി	൧൨—൩—൧൯൬൦
വടക്കേക്കര	൧൬—൩—൧൯൬൦
പുതുപ്പള്ളി	൪—൭—൧൯൬൦
തൃക്കടവൂർ	൧൮—൪—൧൯൬൦
കാപ്പിൽ	൧൪—൪—൧൯൬൦
പറവൂർ	൧൨—൯—൧൯൬൦
കലവൂർ	൧൮—൧൦—൧൯൬൦
ഇടക്കൊച്ചി	൨൪—൪—൧൯൬൧

APPENDIX II

[Please see answer to Question No. *852 (40)].

Item I

1. Forming a fair weather road to 2nd stage dam site.
2. Collection of ashlar stones.
3. Excavation of the open channel portion of the water way to Tunnel Inlet.
4. Construction of penstock anchors.
5. Construction of Field Office and tool store.
6. Excavation for Terminal Anchor, foundation of Power House and machinery.
7. Retaining wall and culvert for transformer yard.
8. Forming transformer yard by cutting the hill side.
9. Barbed wire fencing round about permanent colony.

Item II

1. Forming a fair weather road to 2nd stage dam site.
2. Collection of ashlar stones.
3. Collection of conveyance of sand.
4. Excavation of the open channel portion of the water way to Tunnel Inlet.
5. Supply and erection of penstocks, turbines, alternators, switchgear etc.
6. Construction of penstock anchors.
7. Construction of Field Office and tool store.
8. Excavation of Terminal Anchor, Foundation of Power House and Machinery.
9. Retaining wall and culvert for transformer yard.
10. Forming transformer yard by cutting the hill side.
11. Unloading and loading of penstock pipes at Karupadanna landing place.
12. Barbed wire fencing round about permanent colony.
13. Surface dressing of roads with B. S. Shelspra and concreting the curves in the road.
14. Concreting of roadway over Dam.
15. Washing and stacking sand.
16. Collection and stacking of rough stones.
17. Conveyance of ashlar stones.
18. Core boring for investigation of upper dam site.
19. Unloading penstock pipes and lowering to formation.
20. Maintenance of roads and buildings (urgent maintenance only).
21. Construction of Drains round about Asst. Engineers and Executive Engineers' quarters.